
വാല്യം 109


ആലത്തൂർ ബ്ലോക്ക്

(പാലക്കാട് ജില്ല)

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര



ജനകീയാസൂത്രണം വികസന രേഖ




OFFICE OF THE ALATHUR GRAMA PANCHAYAT

ആലത്തൂർ ഗ്രാമപഞ്ചായത്ത്

(സ്പെഷൽ ഗ്രേഡ്)

ജനകീയാസൂത്രണം
വികസനരേഖ



ഉള്ളടക്കം

1 ആമുഖം —

2 പഞ്ചായത്തു പൊതു വിവരണം —

3 സാംസ്ക്കാരിക സാമൂഹിക ചരിത്രം —

4 ഭൂപ്രകൃതി ഭൂവിനിയോഗം

ജനപ്രകൃതി — കാലാവസ്ഥ —

5 1 കൃഷിയും ജലസേചനവും —

2 മൃഗസംരക്ഷണവും മത്സ്യബന്ധനവും —

3 വ്യവസായം ഊർജ്ജം —

4 വിദ്യാഭ്യാസം —

5 പൊതുജനാരോഗ്യവും കുടിവെള്ളവും —

6 ഗതാഗതം —

7 പാർപ്പിടം സാമൂഹ്യക്ഷേമം —

8 സംസ്ക്കാരം —

9 വനിത —

10 സഹകരണം —

11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം —

12 വിഭവസമാഹരണം —

6 ഉപസംഹാരം —


ആലത്തൂർ പഞ്ചായത്ത്
ഭരണസമിതി അംഗങ്ങൾ



കെ. കല്യാണി
പ്രസിഡന്റ്



എം. രാമൻകുട്ടി
വൈസ് പ്രസിഡന്റ്



ടി. രാജൻ
ചെയർമാൻ
സ്റ്റാന്റിംഗ് കമ്മറ്റി



സെഫിയടീച്ചർ
മെമ്പർ




സുഭദ്രനാരായണൻ
മെമ്പർ



കെ. ശാരദ

മെമ്പർ



കെ. വാസു

മെമ്പർ



എം. ബാലമുരളി

മെമ്പർ



എം. അബ്ദുൽജബ്ബാർമാസ്റ്റർ

മെമ്പർ




എൻ. രാമചന്ദ്രൻ

മെമ്പർ

I

ആമുഖം



ആമുഖം

സ്വാതന്ത്ര്യാനന്തര ഭാരതം 8 പഞ്ചവത്സര പദ്ധതികളും ഇതിനകം നടപ്പിലാക്കി കഴിഞ്ഞു. അധികാരം കേന്ദ്രീകൃതമായിരുന്നതുകൊണ്ടുതന്നെ 8 പഞ്ചവത്സര പദ്ധതികളും കേന്ദ്രീകൃതമായാണ് ആസൂത്രണം ചെയ്തിരുന്നതു്. ഇതുമൂലം ജനകീയ ആവശ്യങ്ങളും നിറവേറുന്നതിനു് മാറിമാറി വന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കു് പൂർണ്ണമായും കഴിയാതെ വന്നു. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന സെക്കുലർ ഡെമോക്രാറ്റിക് സോഷിലിസ്റ്റ് റിപ്പബ്ലിക് എന്ന തത്വം ഊട്ടറാതാക്കാൻ ഇത്തരം ആസൂത്രണം വിലങ്ങുതടിയായി നിൽക്കുന്നു. ആസൂത്രണം ചെയ്ത പദ്ധതികളും നടപ്പിലാക്കിയപ്പോഴാകട്ടെ ഡിപ്പാർട്ടുമെൻറലിസം അതിൻെറ പൂർണ്ണാർത്ഥത്തിൽ പ്രയോഗത്തിൽ വരുകയും ചെയ്തു. ഈ സ്ഥിതിക്കു് മാറ്റം വരുത്തി ജനങ്ങൾക്കാവശ്യമുള്ള അവരുടെ നിർദ്ദേശാനുസരണമുള്ള പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടിയിരിക്കുന്നു. ഇതിലേക്കായി കുറച്ചു കാലമായി നമ്മുടെ സംസ്ഥാനത്തു് ചർച്ചകളും വ്യാപകമായി നടന്നു വരുന്നു. 8 പദ്ധതികളിലൂടെ ഉദ്ദേശ്യ ലക്ഷ്യത്തിൻെറ ഏതാണ്ടു് 30% മാത്രം ഫല പ്രാപ്തിയേ ഉണ്ടായുള്ളു എന്നും ചർച്ചകളും വന്നിട്ടുണ്ടു്. ഇതിനു് പരിഹാരമായി അധികാരവും ആസൂത്രണവും താഴെനിന്നു് മേലോട്ട് പോകുന്ന സംവിധാനം ഉണ്ടാവണമെന്നാണു് പല വിദഗ്ദരും അഭിപ്രായപ്പെട്ടിരുന്നതു്. ഇതു് സാദ്ധ്യമാവാൻ അധികാര കേന്ദ്രീകരണം ഒരു തടസ്സമാണു്.

ഭരണഘടനയുടെ 73, 74 ഭേദഗതികളും വഴി ത്രിതല പഞ്ചായത്തു് സംവിധാനം 1995 സെപ്തംബർ മാസത്തിൽ നമ്മുടെ സംസ്ഥാനത്തു് നടപ്പിലായതു് ഒരു പുത്തൻ ജനാധികാര കാൽ വെയ്പാണു്. ത്രിതല പഞ്ചായത്തു് സംവിധാനത്തിൻ കീഴിൽ താഴെത്തട്ടിലേക്കു് കൂടുതൽ അധികാരങ്ങളും കൈമാറ്റം ചെയ്തു കിട്ടിയ ഈ അനുകൂല സാഹചര്യം ഉപയോഗിച്ചു് 9-ാം പഞ്ചവത്സര പദ്ധതി ജനകീയ ആസൂത്രണ പദ്ധതി ആക്കി മാറ്റാൻ കേരള സർക്കാർ തീരുമാനിച്ചിരിക്കുന്നു. അധികാരത്തോടൊപ്പം പദ്ധ

തി വിഹിതത്തിന്റെ 35 മുതൽ 40% വരുന്ന സമ്പത്തും പഞ്ചായത്തുകൾക്ക് നൽകുന്നു എന്നതിനാൽ പ്രാദേശിക ജനതാൽപര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസം പരക്കെ ഉണ്ടായിട്ടുണ്ട്. പഞ്ചായത്തുകൾക്കുള്ള സക്കാർ വിഹിതം 35മുതൽ 40%വും സംസ്ഥാന സർക്കാരിന്റെ 60% ത്തിൽപ്പെട്ട ചില സ്കീമുകളും കേന്ദ്രസക്കാർ ഫണ്ടും ബാഹ്യവികസന ഏജൻസികളിൽ നിന്നും സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകളും, നികുതി വരുമാനവും കൂടാതെ ജനകീയ സംഭാവനകളും (പണം, വിഭവം, അദ്ധ്വാനം) നമ്മുടെ പ്രാദേശിക വികസനത്തെ ശക്തിപ്പെടുത്തുന്ന ഭ്രോതസ്സുകളാണ്. ഇന്നു നാം അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധി പരിഹരിക്കാൻ പൂർണ്ണമായും കഴിയില്ലെങ്കിലും ഭാഗികമായി പരിഹരിക്കാനും തൃപ്തികരമായി പദ്ധതി പ്രവർത്തനം നടപ്പിലാക്കാനും ജനകീയാസൂത്രണം വഴി നമുക്ക് കഴിയുമെന്നു ഉറപ്പാണ്.


കഴിഞ്ഞ രണ്ടു മാസങ്ങളായി ജനകീയാസൂത്രണ പ്രവർത്തനം അതിന്റെ വിവിധങ്ങളായ രൂപത്തിൽ നമ്മുടെ പഞ്ചായത്തിൽ നടന്നു വരികയാണ്. പ്രാഥമികമായി ഇതിനുവേണ്ട ജില്ലാ റിസോഴ്സ് പേഴ്സൺസിനെ പരിശീലിപ്പിക്കേണ്ട ബാധ്യത പഞ്ചായത്തിനുണ്ടായിരുന്നു. രണ്ട് ഘട്ടങ്ങളിലായി 17 ഡി ആർ പി മാർ നമ്മുടെ പഞ്ചായത്തിൽ പരിശീലനം നേടിയിട്ടുണ്ട് പത്തു വാർഡുകളിൽ നിന്നായി 112 ലോക്കൽ റിസോഴ്സ് പേഴ്സൺസ് പരിശീലനം നേടിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായാണ് പഞ്ചായത്ത് തലത്തിൽ എൽ. ആർ പി. മാക്ക് പരിശീലനം നൽകിയിട്ടുള്ളതു്. ഒന്നാം ഘട്ടത്തിൽ ഫലപ്രദമായി ഗ്രാമസഭകൾ നടത്തുന്നത് സംബന്ധിച്ച് വിശദമായ പരിശീലനം കഴിഞ്ഞതിനുശേഷം നടന്ന പത്ത് വിശേഷാൽ ഗ്രാമസഭകൾ ഫലപ്രദമായിരുന്നു. ഗ്രാമസഭകളിൽ, ഗ്രൂപ്പുചർച്ചകളിൽ വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് എങ്ങനെ വികസന റിപ്പോർട്ട് തയ്യാറാക്കാം എന്നു് വിശദമായി ചർച്ച ചെയ്ത വ്യക്തമായ ധാരണ ഉണ്ടാകുന്നതായിരുന്നു എൽ. ആർ. പി മാരുടെ രണ്ടാം ഘട്ട പഞ്ചായത്തുതല പരിശീലനം. രണ്ടാം ഘട്ട പരിശീലനത്തിനുശേഷം എൽ. ആർ. പി മാരും ഡി. ആർ. പി മാരും നാല് ഗ്രൂപ്പുകളായിത്തിരിഞ്ഞ് ദ്വതീയ വിവരശേഖരണം നടത്തിയെങ്കിലും പ്രസ്തുത വിവരശേഖരണം 80% മാത്രമേ ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഈ ന്യൂനത ഒരു പ്രശ്നമായിരുന്നു. റിപ്പോർട്ടിലൂടെ കണ്ണോടിക്കുമ്പോൾ ഈ ന്യൂനത കാണാവുന്നതാണ്. ദ്വിതീയ വിവര ശേഖരണത്തിനുശേഷം നമ്മുടെ പഞ്ചായത്തിന്റെ ഭൂസ്ഥിതിയെപ്പറ്റി ഒരു ഏകദേശരൂപം മനസ്സിലാക്കുന്നതിനായി 3-11-96ന് ഒരു പഠന പര്യടന പരിപാടി ഫലപ്രദമായി നടത്താൻ കഴിഞ്ഞു.

ദ്വിതീയ വിവരശേഖരണത്തിനും പഠന പര്യടത്തിനും ശേഷം ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിച്ചുകൊണ്ട് ഡി. ആർ. പി മാർ, എൽ. ആർ. പി. മാർ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ഉദ്യോഗസ്ഥന്മാരും, തൽപരരായ വ്യക്തികളും എന്നിവരടങ്ങുന്ന ഒരു വലിയ സംഘം ജനങ്ങളുടെ അദ്ധ്വാനത്തിന്റെ ഉൽപ്പന്നമാണ് ഈ റിപ്പോർട്ട്.

ഏതു പ്രവർത്തനവുമേറ്റെടുക്കാൻ കെൽപുള്ള ഒരു പറ്റം ജനങ്ങൾ നമുക്കുണ്ട് എന്നതാണ് 9-ാം പദ്ധതിയുടെ ആസൂത്രണത്തിനു് നമുക്ക് പ്രചോദനം. പഞ്ചായത്തിലെ ബഹുജന രാഷ്ട്രീയ ബോധത്തിന്റെയും ക്ലബ്ബുകൾ, സംഘടനകൾ, തുടങ്ങിയവയുടെ സന്നദ്ധ പ്രവർത്തനത്തിലുള്ള താൽപര്യത്തിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ജനതയുടെ മുഴുവൻ ശക്തിയും സമാഹരിച്ചുകൊണ്ട് ജനകീയാസൂത്രണം വിജയിപ്പിക്കുവാനും നിർവ്വഹണം ഈടുറ്റതും ഫലപ്രദവും ആക്കുവാനും നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം. രാഷ്ട്രീയ, ജാതി, മത ഭേദമന്യേ നാളിതുവരെ ഇക്കാര്യത്തിൽ നാം നടത്തിയ പ്രവർത്തനം നമ്മെ കൂടുതൽ പ്രവൃത്തിന്മുഖരാക്കാൻ പ്രേരിപ്പിക്കുന്നു. 9-ാം പദ്ധതി ജനകീയ പദ്ധതി' എന്നആശയം യാഥാർത്ഥ്യമാക്കാൻ നമുക്ക് ദൃഢപ്രതിജ്ഞയെടുക്കാം.


2

പഞ്ചായത്തിന്റെ പൊതുവിവരണം



പഞ്ചായത്ത് പൊതുവിവരണം

1	പഞ്ചായത്തിന്റെ പേര്	—	ആലത്തൂർ ഗ്രാമ പഞ്ചായത്ത്
2	ഉൾപ്പെടുന്ന വില്ലേജുകൾ	—	ആലത്തൂർ
3	ബ്ലോക്ക് പഞ്ചായത്ത്	—	ആലത്തൂർ
4	താലൂക്ക്	—	ആലത്തൂർ
5	അസംബ്ലി മണ്ഡലം	—	ആലത്തൂർ
6	വിസ്തീർണ്ണം	—	19.62 ച കീ. മീ.
7	അതിരുകൾ		
8	കിഴക്ക് എരിമയൂർ ഗ്രാമപഞ്ചായത്ത് പടിഞ്ഞാറ് വടക്കഞ്ചേരി, കാവശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകൾ തെക്ക് മേലാർകോട്, വണ്ടാഴി എന്നീ ഗ്രാമപഞ്ചായത്തുകൾ വടക്ക് കുത്തന്നൂർ ഗ്രാമപഞ്ചായത്ത്		
9	ജനസംഖ്യ	—	23498
10	പുരുഷന്മാർ	—	11261
11	സ്ത്രീകൾ	—	12237
12	ജനസാന്ദ്രത	—	1198 ച കീ.മീ.
13	അക്ഷരാഭ്യാസമുള്ളവർ	—	73.4%
14	വാർഡുകൾ	—	10
15	പ്രസിഡൻറിന്റെ പേര്	—	ശ്രീമതി. കെ. കല്യാണി
16	വൈസ് പ്രസിഡൻറിന്റെ പേരു്	—	ശ്രീ. എം. രാമൻകുട്ടി
17	സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	—	ശ്രീ. ടി. രാജൻ



സാമൂഹിക സാംസ്കാരിക ചരിത്രം

പതിറ്റാണ്ടുകൾക്കുമുൻപ് ആലത്തൂർ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം പൂമുള്ളി മന, കവളപ്പാറ നായർ വീട്ട്, കൊച്ചി പണ്ടാരം എന്നിവരുടെ അധീനതയിലായിരുന്നു എന്നാണ് ചരിത്ര രേഖകൾ പറയുന്നത്. പഞ്ചായത്ത് ഓഫീസിനു പുറകിലായി ഇന്നും നിലനിൽക്കുന്ന കവളപ്പാറ കൊട്ടാരം ഇതിനു തെളിവുനൽകുന്നു. ഭൂസ്വത്തിൽ ഏറിയ പങ്കും ഇവരുടെ നിയന്ത്രണത്തിലായിരുന്നു. പാട്ട സമ്പ്രദായമായിരുന്നു. കാർഷിക മേഖലയിൽ നിലനിന്നിരുന്നത്. ഈ സമ്പ്രദായത്തിൽ നിലനിന്നിരുന്ന അനീതികൾക്കും പീഡനങ്ങൾക്കുമെതിരായി കേരളത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ സംഘടിതമായ സമരങ്ങൾക്ക് ഈ പ്രദേശവും സാക്ഷ്യം വഹിച്ചിട്ടുണ്ട്. 1930കളിൽ കർഷകരും കർഷക തൊഴിലാളികളും പാട്ട വ്യവസ്ഥക്കെതിരായി പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയതിൽ പ്രമുഖൻ ആലത്തൂർ. ആർ. കൃഷ്ണനായിരുന്നു.

അക്കാലത്ത് മനുഷ്യർ തമ്മിലുള്ള ഇടപെടലുകൾക്ക് നിദാനമായി വർത്തിച്ചിരുന്നത് ജാതി വ്യവസ്ഥയായിരുന്നു. നമ്മുടെ പ്രദേശത്ത് നിലനിന്നിരുന്ന ജാതി വ്യവസ്ഥക്കെതിരായി രൂക്ഷമായ പ്രക്ഷോഭങ്ങൾ നടന്നതായി ചരിത്ര രേഖകളിൽ കാണുന്നു. 1920കളുടെ തുടക്കത്തിൽ കേരളമെമ്പാടും വ്യാപിച്ച ശ്രീനാരായണ പ്രസ്ഥാനത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും അലയടികൾ ഈ പ്രദേശത്തുമുണ്ടായി. മേൽ ജാതിക്കാരുടെ അവഹേളനം സഹിക്കുകയും തന്നിൽ താഴെയുള്ളവരെ അവഹേളിച്ച് തൃപ്തരാവുകയും ചെയ്യുകയായിരുന്ന ഓരോ ജാതിക്കാരുടേയും

3

സാംസ്ക്കാരിക
സാമൂഹ്യ
ചരിത്ര
പശ്ചാത്തലം

പതിവ്. ജാതി ഭേദത്തിനും അയിത്തത്തിനുമെതിരായി ഏകദേശം അര നൂറ്റാണ്ടു മുൻപ് ബ്രഹ്മാനന്ദസ്വാമി ശിവയോഗി ആലത്തൂരിൽ ഒരു ആശ്രമം സ്ഥാപിച്ചു. ആനന്ദമതം പ്രചരിപ്പിക്കുന്നതിനായി അത്തരം ആശയങ്ങളും ഉൾക്കൊള്ളുന്ന പുസ്തകങ്ങളും പ്രചരിപ്പിച്ചു. ജാതി വ്യവസ്ഥക്കും, അയിത്തത്തിനുമെതിരായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതായിരുന്ന പുസ്തകങ്ങളുടെ ആന്തസത്ത.

അയിത്തത്തിനും, ജാതിവ്യവസ്ഥക്കും പാട്ട വ്യവസ്ഥക്കുമെതിരായി നടന്ന പ്രക്ഷോഭങ്ങൾക്ക് സാക്ഷ്യം വഹിച്ച മണ്ണാണിത്. ഈ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയതിന്റെ പേരിൽ കൊടിയ മർദ്ദനങ്ങൾക്ക് വിധേയനാവുകയും ഒട്ടേറെ കാലം ജയിൽജീവിതം നയിക്കേണ്ടി വരുകയും ചെയ്ത ആലത്തൂർ ആർ. കൃഷ്ണനെ ഇന്നും ആലത്തൂരിലെ കൃഷിക്കാരും ബീഡിതൊഴിലാളികളും അവശ വിഭാഗക്കാരും മനസ്സിൽ സൂക്ഷിക്കുന്നു. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ആലത്തൂരിലെ നേതാവ് ഗംഗാധരൻ നായർ പിന്നീട് INA അംഗമായി പ്രവർത്തിച്ചുകൊണ്ടിരിക്കേ 1936 മുതൽ 40 വരെ ജയിൽ ശിക്ഷ അനുഭവിച്ചയാളാണ്. ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയിരുന്ന മഹാത്മജി, ബാബു രാജേന്ദ്രപ്രസാദ്, വിനോബാജി, ജവഹർലാൽ നെഹ്റു എന്നിവർക്ക് ആതിഥ്യമരുളാനുള്ള സൗഭാഗ്യം ലഭിച്ച മണ്ണാണ് ആലത്തൂരിനേതു. നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് എക്കാലത്തും സഹകരിച്ച് പോന്നിട്ടുള്ള ഇന്നത്തെ A. S. M. M. H. S. S. ൽ ആണ് മഹാത്മജിക്ക് സ്വീകരണം നൽകിയത്.

ദേശീയ തലത്തിൽ പ്രശസ്തി നേടിയ പക്ഷി നിരീക്ഷകൻ ശ്രീ. ഇന്ദുചൂഡൻ (പ്രൊ: K. K. നീലകണ്ഠൻ) പക്ഷി നിരീക്ഷണത്തിനായി തുപ്പാളൂർ, വാനൂർ എന്നീ പ്രദേശങ്ങളിൽ ഗായത്രി പുഴയോരത്ത് ധാരാളം സമയം ചിലവഴിച്ചിരുന്നതായി അദ്ദേഹത്തിന്റെ പുസ്തകങ്ങളിൽ കാണാം.

പ്രശസ്ത സാഹിത്യകാരൻ ശ്രീ മേതിൽ രാധാകൃഷ്ണൻ ആലത്തൂരിലെ പുതിയങ്കം സ്വദേശിയാണ്. കായിക രംഗത്ത് അന്തർ ദേശീയ പ്രശസ്തി നേടിയ ശ്രീമതി മുജീതി ബീഗം ആലത്തൂരിന്റെ സംഭാവനയാണ്

1952-ലെ ഇൻഡ്യൻ പാർലിമെന്റ്. ലേക്കും സംസ്ഥാന നിയമ സഭകളിലേക്കും നടന്ന തിരഞ്ഞെടുപ്പുകൾക്ക് ശേഷമാണ് പ്രായപൂർത്തി വോട്ടടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട വില്ലേജ് പഞ്ചായത്തുകൾ സ്ഥാപിതമായതു. അതിനു മുൻപ് ബ്രീട്ടിഷ് ഭരണ കാലത്ത് ചില വില്ലേജുകളിൽ ഒരു തരം ഗ്രാമ പഞ്ചായത്തുകൾ പ്രവർത്തിച്ചിരുന്നതായി ചരിത്ര രേഖകളിൽ പറയുന്നുണ്ട്. ആലത്തൂരിലും ഇത്തരം ഒരു ഗ്രാമ പഞ്ചായത്ത് പ്രവർത്തിച്ചിരുന്നതായി കേൾക്കുന്നുണ്ട്. ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് ആഫീസ് കെട്ടിടത്തിന്റെ തെക്ക് വശത്ത് ക്രിസ്ത്യൻ പള്ളി നിൽക്കുന്ന സ്ഥലത്ത് ഒരു വലിയ പാല വൃക്ഷം ഉണ്ടായിരുന്നു. ആ പാല വൃക്ഷത്തിന്റെ തണലിൽ ഒരു ഗ്രാമ പഞ്ചായത്ത് യോഗം ചേർന്നതായി ചില കാരണവന്മാർ പറയുന്നുണ്ട്. ഇത്തരം യോഗങ്ങൾ വിളിച്ച് ചേർക്കുന്ന രീതി എന്തായിരുന്നുവെന്നു അറിയാൻ കഴിഞ്ഞിട്ടില്ല.

ഈ പഞ്ചായത്തിന്റെ മുൻകാല പ്രസിഡണ്ടുമാർ താഴെ പറയുന്നവർ ആണ്.

1 ശ്രീ. ടി. പി. കേശവമേനോൻ
2 ശ്രീ. വെങ്കിട സുബ്രഹ്മണ്യ അയ്യർ
3 ശ്രീ. വി. കെ. മാധവൻ നായർ
4 ശ്രീ. പി. ജി. മേനോൻ
5 ശ്രീ. പി. മോഹൻദാസ്
6 ശ്രീ. വി. സി. രാമചന്ദ്രൻ

മേൽപ്പറഞ്ഞ മഹനീയ വ്യക്തികളുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ ജനങ്ങളുടെ സഹകരണത്തോടെ വികസന രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ പഞ്ചായത്തിനു് കഴിഞ്ഞിട്ടുണ്ട്. സന്നദ്ധ സേവന രംഗം എക്കാലത്തും നമ്മുടെ പഞ്ചായത്തിന്റെ മുഖമുദ്രയായിരുന്നു. പരേതനായ പി. ആർ. രാമസ്വാമി അയ്യർ പോലുള്ള ഉദാരമതികളുടെ സംഭാവനകൾ വഴി പല പൊതു സ്ഥാപനങ്ങളും പഞ്ചായത്തിൽ ആരംഭിക്കാൻ മുൻകാല ഭരണ സമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. ആലത്തൂർ ആശുപത്രിയിലെ പ്രസവ വാർഡ്, സീഡ്ഫാം എന്നിവ ചില ഉദാഹരണങ്ങൾ മാത്രം. പൂർവ്വികരുടെ ഇത്തരം പ്രവർത്തനങ്ങൾ ഇപ്പോഴത്തെ തലമുറക്ക് മാർഗ്ഗദർശകമാകേണ്ടതാണ്.

ത്രിതല പഞ്ചായത്ത് സംവിധാനത്തിൻ കീഴിൽ ആലത്തൂർ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പ് 1995 സെപ്തംബർ മാസത്തിൽനടന്നു. ശ്രീമതി. കെ. കല്ല്യാണി പ്രസിഡണ്ടും ശ്രീ. ആർ. രാമൻകുട്ടി വൈസ് പ്രസിഡണ്ടും, ശ്രീ. ടി. രാജൻ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനും ആയിട്ടുള്ള പത്തംഗ ഭരണസമിതിയാണ് ഇപ്പോൾ നിലവിലുള്ളത്. താഴെ പറയുന്നവരാണ്.

തിരഞ്ഞെടുക്കപ്പെട്ടഭരണസമിതിഅംഗങ്ങൾ

വാർഡ്: 1 ശ്രീ. M. രാമൻകുട്ടി
2 ശ്രീമതി. K. ശാരദ
3 ശ്രീ. അബ്ദുൽജബ്ബാർമാസ്റ്റർ
4 ശ്രീ. T. രാജൻ
5 ശ്രീമതി. ബി.സഫിയടീച്ചർ
6 ശ്രീ. K. വാസു
7 ശ്രീമതി. K. കല്ല്യാണി
8 ശ്രീമതി. സുഭദ്രനാരായണൻ
9 ശ്രീ. M. ബാലമുരളി
10 ശ്രീ. N രാമചന്ദ്രൻ

പഞ്ചായത്തിന്റെചരിത്രത്തിനു് പുതിയ അദ്ധ്യായം എഴുതി ചേർക്കാൻ പോകുന്ന ഉദ്യമമായ 9-ാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യം അതിന്റെ പൂർണ്ണ അർത്ഥത്തിൽ വിജയിപ്പിക്കുന്നതിനു് ഭരണ സമിതിയോടൊപ്പം നമുക്കും അണിചേരാം.

4

ഭൂപ്രകൃതി
ഭൂവിനിയോഗം
ജനപ്രകൃതി
കാലാവസ്ഥ

4 ഭൂപ്രകൃതിയും ഭൂവിനിയോഗവും

	4.00	8.60	3.00	2.52	1.50
	ഇടത്തരം ചെരിവ്	സമതലം	താഴ്വര	തീര-സമതലം	ചെറു പുഴ
ഭൂപ്രകൃതി മണ്ണ്	കന്നിൻ പ്രദേശം	സമതലം	താഴ്വര	തീര-സമതലം	ചെറു പുഴ
കൃഷി	തെങ്ങും, റബ്ബറും.	നെല്ലും, പച്ചക്കറികളും.	റബ്ബറും, തെങ്ങും.	നെല്ലും തെങ്ങും	നെല്ല്
സസ്യങ്ങൾ	കശുമാവ്, ശീമക്കൊന്ന വേപ്പ്	മാവ്, പ്ലാവ്, പ്ലാവ്.	തെങ്ങ് ഇഞ്ചി		
പരിസ്ഥിതി പ്രശ്നങ്ങൾ		കൃഷിനിലം നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നു.			

Total 19.62 Sq. K M

ആലത്തൂർ ഗ്രാമപഞ്ചായത്ത്

	ഭൂപ്രകൃതി
4.00 Sq. K M	ഇടത്തരം ചെരിവ്
8.60 Sq. K M	സമതലം
3.00 Sq. K M	താഴ്വര
2.52 Sq. K M	തീര സമതലം
1.50 Sq. K M	ചെറു പുഴ

പാലക്കാട് ജില്ലയുടെ തെക്കു പടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്യുന്ന ആലത്തൂർപഞ്ചായത്തിന്റെ വടക്കുഭാഗം കുന്നിൻ ചെരിവുകളും, തെക്കു ഭാഗം വനപ്രദേശങ്ങളുടങ്ങിയ കുന്നുകളും കിഴക്കും പടിഞ്ഞാറും നെൽകൃഷി ചെയ്യുവരുന്ന സമതല പ്രദേശങ്ങളുമാണ്.

പഞ്ചായത്തിന്റെ ഭൂരിഭാഗവും സമതല പ്രദേശങ്ങളാണ്. കിഴക്കു ഭാഗത്ത് നിന്നും വടക്കു പടിഞ്ഞാറു ഭാഗത്തേക്കൊഴുകുന്ന ഗായത്രിപ്പുഴ ഈ സമതല പ്രദേശങ്ങളെ ഫലഭൂയിഷ്ഠമാക്കുന്നു.

പഞ്ചായത്തിന്റെ ആകെയുള്ള വിസ്തീർണ്ണത്തിന്റെ (19.62 ച. കീ. മീ.) 20% ത്തോളം ഇടത്തരം ചരിവോടുകൂടിയ പ്രദേശമാണ്. റബ്ബറും തെങ്ങുമാണ് ഇവിടത്തെ പ്രധാന കൃഷി. താഴ്വരപ്രദേശങ്ങളിൽഇവ കൂടാതെ കശുമാവ്, വേപ്പ്, തേക്ക്, ശീമക്കൊന്ന തുടങ്ങിയവയും കണ്ടുവരുന്നു. സമതല പ്രദേശങ്ങളിൽ പ്രധാനമായും നെല്ലും തെങ്ങുമാണ് കൃഷി ചെയ്യുവരുന്നത്. ചരൽ മണ്ണും കളിമണ്ണും കലർന്ന മണ്ണാണ് ഇവിടങ്ങളിൽ കൂടുതലായും കണ്ടുവരുന്നത്. തീര സമതലങ്ങളിൽ (2.52 ച. കീ. മീ) നെല്ലും തെങ്ങും കൃഷി ചെയ്യുവരുന്നു. പച്ചക്കറി കൃഷിയും ഇവിടങ്ങളിൽ ചെറിയ തോതിൽ ചെയ്യുവരുന്നു.

പരിസ്ഥിതി പ്രശ്നം

കെട്ടിട നിർമ്മാണത്തിനായി നെൽപാടങ്ങൾ നികത്തുന്നതാണ് ഇവിടത്തെ

പ്രധാന പരിസ്ഥിതി പ്രശ്നമായി നില നിൽക്കുന്നത്. ഇത്തരത്തിൽ നെൽപ്പാടങ്ങളും നികത്തി കെട്ടിടങ്ങളും ഉയർന്നുകൊണ്ടിരിക്കുന്ന മലമൽപ്പാടത്ത് വെള്ളം ഒഴിഞ്ഞുപോകാൻ പ്രയാസം നേരിടുകയും അതുവഴിയുള്ള ഗതാഗതം പോലും തടസ്സപ്പെടുന്ന സ്ഥിതിയുമാണ്. ഇതിനും അടിയന്തിരമായും ഒരു പരിഹാരം കാണേണ്ടതാണ്.

ജനപ്രകൃതി


1991–ലെ കാനേഷുമാരി കണക്കുകളുപ്രകാരം ആലത്തൂർ പഞ്ചായത്തിലെ ജനസംഖ്യ 23,498 ആണ്. ഇതിൽ 11,261 പുരുഷന്മാരും 12,237 സ്ത്രീകളുമാണ്. ജനസാന്ദ്രത ചതുരശ്ര കിലോ മീറ്ററിനു 1198 ആണ്. പട്ടികജാതി ജനസംഖ്യ 2750 ആണ്. 73.4% പേർ സാക്ഷരരാണ്.

പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷിയുമായി ബന്ധപ്പെട്ടതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. കാർഷികരംഗം ആദായകരമല്ലാതായതോടെ മറ്റു തൊഴിൽ മേഖലകളിലേക്ക് തൊഴിലാളികളും മാറിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. ഇതിൽ പ്രധാനമായും കെട്ടിട നിർമ്മാണരംഗത്തേക്കാണ്.

ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും മറ്റു ക്ഷേമ പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കിയാൽമാത്രമേ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരെയും സാമ്പത്തികമായും സാമൂഹികമായും ഉയർത്തിക്കൊണ്ടുവരാൻ കഴിയുകയുള്ളൂ.

കാലാവസ്ഥ

മൺസൂൺ സീസണിൽ അടുത്തകാലത്തായി വേണ്ടത്ര മഴ ലഭിക്കുന്നില്ല. ഒക്ടോബർ മാസത്തോടു കൂടി ചൂട് തുടങ്ങുന്നു. നവംബർ ഡിസംബർ മാസങ്ങളിൽ ശക്തിയായ കാറ്റു വീശാൻ തുടങ്ങുന്നതോടെ ജലാശയങ്ങളും വറ്റിത്തുടങ്ങുകയായി. ഡിസംബർ മുതൽ, മെയ് അവസാനം വരെ വരണ്ടതും ചൂടുള്ളതുമായ കാലവസ്ഥയാണ്. ഏപ്രിൽ, മെയ് മാസങ്ങളിൽ ശക്തമായ ചൂട് അനുഭവപ്പെടുന്നു. ഈ മാസങ്ങളിൽ വ്യാപകമായി വരൾച്ച അനുഭവപ്പെടുന്നു.



കൃഷിയും ജലസേചനവും

അവലോകനം

ആലത്തൂർ തികച്ചും ഒരു കാർഷിക ഗ്രാമമാണ്. പാട്ട സംമ്പ്രദായത്തിൽ അധിഷ്ഠിതമായ കൃഷിസമ്പ്രദായം ആയിരുന്ന ഈ നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ നിലനിന്നിരുന്നത്. കവളപ്പാറ മൂപ്പിൽ നായർ, പൂമുള്ളിമന തുടങ്ങിയവയുടെ കീഴിൽ ആയിരുന്ന ഭൂമിയുടെ ഏറിയപങ്കും. കൃഷിലാഭമോയാലും നഷ്ടമായാലും ജന്മിനിശ്ചയിയ്ക്കുന്ന പാട്ടം കൂടിയാൻ എത്തിക്കണമായിരുന്നു. മഴയെ മാത്രം ആശ്രയിച്ചായിരുന്ന കൃഷി. ഒന്നാം വിളയിൽ 6 മേനിയും രണ്ടാം വിളയിൽ 4 മേനിയും ആയിരുന്ന നിശ്ചയിക്കപ്പെട്ട പാട്ടം. ഇത് കൊടുത്തു തീർക്കുവാൻ കർഷകർക്ക് കഴിയുമായിരുന്നില്ല. ഉല്പാദനശേഷി കുറഞ്ഞ പൂച്ചെമ്പാൻ, വലിയ ചെമ്പാൻ, വെളിത്തിരികഴമ, ചിറ്റ്യാനി, തവളക്കണ്ണൻ തുടങ്ങിയ വിത്തുകളായിരുന്നു കൃഷിയ്ക്കായി ഉപയോഗിച്ചിരുന്നത്. ഒന്നാം വിളയിൽ പരമാവധി വിളവ് 10 മേനിയും രണ്ടാം വിളയിൽ 4 മേനിയും ആയിരുന്ന കൃത്യമായി പാട്ടം കൊടുക്കാത്തവരെ ഭൂമിയിൽനിന്നും ഒഴിപ്പിച്ചിരുന്നു. ജന്മിമാർ കുടിയാന്മാരുടെ സമീപത്തേയ്ക്ക് പോയി പാട്ടം പിരിയ്ക്കുന്നതിനുപകരം കുടിയാന്മാർ ജന്മിമാരുടെ കാൽച്ചുവട്ടിൽ പാട്ടം എത്തിയ്ക്കുക എന്ന സമ്പ്രദായം ആയിരുന്നു നിലനിന്നിരുന്നത്. ജന്മിമാർ കൊട്ടാരങ്ങളിൽ തങ്ങി കുടിയാന്മാരിൽനിന്നും പാട്ടം, കാഴ്ചക്കുലകം തുടങ്ങിയവ സ്വീകരിയ്ക്കുകയായിരുന്നു. ഇത്തരത്തിൽ പാട്ടം സ്വീകരിയ്ക്കുന്നതിനും മറ്റുമായി നിർമ്മിച്ചിട്ടുള്ളതാണ് ആലത്തൂർ സ്വാതി തീയ്യറ്ററിനു സമീപത്ത് സ്ഥിതി ചെയ്യുന്ന കവളപ്പാറ കൊട്ടാരം. ഇതിനായി കവളപ്പാറ കൊട്ടാരത്തിൽ എത്തുമായിരുന്നു. മഞ്ചലിൽ ആണ് അദ്ദേഹം വന്നിരുന്നത്. പാടങ്ങളിൽ ഇടകൃഷിയായി ചാമ കൃഷി ചെയ്യുവന്നിരുന്നു. പറമ്പുകളിൽ കൊള്ള്, പയർ, ചെറുപയർ, ഉഴുന്ന് തുടങ്ങിയവയും കൃഷിചെയ്തിരുന്നു. ഒരു ജോഡി കന്നിന് അന്ന് 50 രൂപ ആയിരുന്ന വില. കന്നു പൂട്ടുന്നതിന് കന്നിനും ആംക്കും കൂടി ഒന്നര രൂപ ആയിരുന്ന കൂലി.

കൃഷി പാട്ട വ്യവസ്ഥയിൽ അധിഷ്ഠിതമായതിനാൽ കുടിയാന്മാർക്ക് ഒട്ടേറെ പീഡനങ്ങളും സഹിയ്ക്കേണ്ടി വന്നിട്ടുണ്ട്. ജന്മിമാ

5

1

കൃഷിയും
ജലസേചനവും

ക്കും കുടിയാന്മാർക്കുമായി രണ്ടുതരം പറകളും നിലവിലുണ്ടായിരുന്നു. പലപ്പോഴും രണ്ടാം വിള പൂർണ്ണ നഷ്ടമായിരുന്നു, എങ്കിലും 4 മേനി പാട്ടം കൃത്യമായി എത്തിയ്ക്കേണ്ടിയിരുന്നു. ഈ അനീതികൾക്കെതിരെ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ ആലത്തൂർ പഞ്ചായത്തിലും കർഷകരുടെ നേതൃത്വത്തിൽ പ്രക്ഷോഭങ്ങൾ നടന്നിരുന്നു. ആർ. കൃഷ്ണൻ, ടി. ദാമു, സി. വി. മാധവൻ, സി. കെ. ഗോപാലൻ, കണ്ടൻ പൂശാരി, കുഞ്ഞിരാമൻ മാസ്റ്റർ എന്നിവരാണ് ഈ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുത്തത്. കുടിയാന്മാരുടെ വീട്ടിൽവന്ന് പാട്ടം അളക്കുക, പാട്ടപ്പുര തല്ലിപ്പൊളിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടായിരുന്നു പ്രക്ഷോഭങ്ങൾ. ഈ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നല്കിയ ആലത്തൂർ ആർ. കൃഷ്ണനെ പോലീസ് അറസ്റ്റുചെയ്യുകയും ഭീകരമായി മർദ്ദിയ്ക്കുകയും ചെയ്തു.

ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതോടെ കുടിയാന്മാർക്കും കുടികിടപ്പുകാർക്കും ഭൂമി സ്വന്തമായി ലഭിച്ചു. ജന്മിക്ക് നല്കിയിരുന്ന പാട്ടം കൃഷിക്കാരന് സ്വന്തമായി. കിടക്കാൻ സ്വന്തമായി ഒരിടം കിട്ടിയ തൊഴിലാളിയുടെ വില പേശൽ കഴിവ് ഉയർന്നു. ഭൂടമ ബന്ധങ്ങളിൽ വന്നമാറ്റം സവർണ്ണ മേധാവിത്വത്തിന്റെ അടിത്തറതന്നെ തകർത്തു. ഭൂപരിഷ്കരണം കാർഷിക മേഖലയിൽ എന്നപോലെ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി ഇതര മേഖലകളിലും പ്രകടമായ മാറ്റങ്ങൾ സൃഷ്ടിച്ചു.

ജലസേചനത്തിനായി തോട്ടുകൾ, കുളങ്ങൾ എന്നിവ ചിറകെട്ടി അതിരുകളിൽ കൈതവെച്ച് സംരക്ഷിച്ചിരുന്നു. തോടുകളിൽനിന്ന് കൃഷിസ്ഥലങ്ങളിലേക്ക് ജലം തിരിച്ചു വിടുന്നതിന് നാടൻ ജലസേചന ഉപകരണങ്ങളായ ഏത്തം, തേക്കുകൊട്ട എന്നിവ ഉപയോഗിച്ചിരുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി 19.62 Sq Km ആണ്. ഇതിൽ 945.12 ഹെക്ടർ സ്ഥലത്തായി വിവിധ കൃഷികൾ ചെയ്തുവരുന്നു. പഞ്ചായത്തിൽ ആകെ 4945 കർഷക കുടുംബങ്ങൾ ആണ് ഉള്ളത്. ഇവരിൽ ഭൂരിഭാഗവും നാമമാത്രകർഷകരാണ്. ആകെ കർഷകരിൽ ഏകദേശം 5% മാത്രമെ ഇടത്തരം കർഷകരായി ഉള്ളൂ. നെൽകൃഷിയാണ് പ്രധാനമായും പ്രാബല്യത്തിൽ ഉള്ളത്. ആകെ കൃഷിഭൂമിയുടെ ഏകദേശം 90ശതമാനവും നെൽകൃഷിയാണ്. തെങ്ങ് വാഴ, റബ്ബർ, മരച്ചീനി, പച്ചക്കറി തുടങ്ങിയവയും കൃഷിചെയ്തുവരുന്നു. ഏകദേശം 25 ഹെക്ടർ ഓളം സ്ഥലത്താണ് പച്ചക്കറി കൃഷിചെയ്തുവരുന്നത്.

പഞ്ചായത്തിന്റെ ഭൂരിഭാഗവും സമതലപ്രദേശങ്ങളാണ്. ഇവിടെ നെൽകൃഷിയാണ് കൂടുതലായും ചെയ്തുവരുന്നത് 300.12 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്യുന്നത്. ഇതിൽ 700 ഹെക്ടർ സ്ഥലത്ത് മാത്രമെ രണ്ടാം വിള എടുക്കുന്നുള്ളൂ. പ്രതിവർഷം 4150 ടൺ നെല്ലാണ് രണ്ടു വിളകളിലും കൂടി പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നത്. ഇതിന്റെ വിപണനം പ്രധാനമായും സ്വകാര്യ ഏജൻസികളിലൂടെയാണ് നെൽപാടം നികത്തുന്നതിലൂടെ കഴിഞ്ഞ പത്തുവർഷങ്ങളിലായി ഏകദേശം 10% കൃഷിഭൂമി കുറഞ്ഞിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നു കൊണ്ടിരിയ്ക്കുകയാണ്. ഒരു വിള നെൽകൃഷിയ്ക്കുശേഷം, ചില ഭാഗങ്ങളിൽ, ചെങ്കൽ ചൂളകൾക്കായി വിട്ടുകൊടുക്കുന്നുണ്ട്. പരമാവധി രണ്ടു വിള നെൽകൃഷിയാണ് പാടങ്ങളിൽ നിലവിലുള്ളത്. മൂന്നാം വിളയായി പച്ചക്കറികളോ, മറ്റു കൃഷികളോ ചെയ്യുന്നില്ല.

വിള വിസ്തീർണ്ണവും ഉത്പാദനവും

വിള	വിസ്തീർണ്ണം (Hect)	മൊത്തം ഉല്പാദനം (ടൺ)	ഉല്പാദന ക്ഷമത (ടൺ)
നെല്ല് (ഒന്നാംവിള)	800.12	2400.036	3.0ടൺ
നെല്ല് (രണ്ടാംവിള)	699.29	1747.5	2.5ടൺ
നെല്ല് (മൂന്നാംവിള)	——	——	——
പയർ	15	30.3	1.2
എള്ള്	——	——	——
പച്ചക്കറികൃഷി	10	——	——
തെങ്ങ്	45	——	——
വാഴ	15	——	——
മരച്ചീനി	15		15
കുരുമുളക്	10 (intercrop)		
പ്ലാവ്	——		
കശുമാവ്	5		(5kg per plant)
മാവ്	——	——	——
റബ്ബർ	40	280	7
കവുങ്ങ്	3 (intercrop)	——	——

നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കൃഷിക്കാർ മറ്റു മേഖലകളിലേക്ക് പ്രവേശിയ്ക്കുന്നു. നെൽപാടങ്ങൾ തരിശിടുകയോ, ഇഞ്ചി, വാഴ തുടങ്ങിയ കൃഷികൾ ഇറക്കുകയോ ആണ് പൊതുവേ ചെയ്തുവരുന്നത്. ആദ്യ വിളകൾ 'വിത' സമ്പ്രദായവും രണ്ടാം വിളയിൽ നടീൽ സമ്പ്രദായവുമാണ് നിലവിലുള്ളത്. വിത്ത് കൃഷിക്കാർ സ്വയം ശേഖരിച്ചുവെയ്ക്കുകയാണ് പതിവ്. പൂച്ചെമ്പാൻ, തവളക്കണ്ണൻ, ചിറ്റ്യാനി, തുടങ്ങിയ പഴയ വിത്തുകളുടെ സ്ഥാനത്ത് ഇന്ന് അത്യുല്പാദന ശേഷിയുള്ള കുഞ്ഞുകുഞ്ഞ്, ആതിര, അശ്വതി തുടങ്ങിയ വിത്തുകളാണ് കൃഷിചെയ്തു വരുന്നത്. ശരാശരി 20 മേനിയാണ് വിളവ്.

നെൽകൃഷിയെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് ജലസേചനം ആണ്. കൃഷിക്ക് ആവശ്യമുള്ള സമയങ്ങളിൽ കനാൽ വെള്ളം ലഭിക്കാതിരിക്കുകയും അനാവശ്യമായ സമയത്ത് വെള്ളം തുറന്നു വിടുകയും ചെയ്യുന്ന അവസ്ഥയാണ് ഉള്ളത്. പഞ്ചായത്തിൽ പ്രധാനമായും വെള്ളം ലഭിക്കുന്നത് ചേരാമംഗലം പദ്ധതിയിലൂടെയാണ്. പോത്തുണ്ടി, മലമ്പുഴ പദ്ധതികളിലൂടെയും ചില ഭാഗങ്ങളിൽ വെള്ളം ലഭിക്കുന്നുണ്ട്.

7-ാം വാർഡിലെ പൂങ്കോട് പ്രദേശം, ഒന്നും രണ്ടും വാർഡുകളിലെ നാഷണൽ ഹൈവേയുടെ പരിസര പ്രദേശങ്ങൾ എന്നിവടങ്ങളിലാണ് രൂക്ഷമായ വരൾച്ചാ പ്രശ്നങ്ങൾ ഉള്ളത്. ആയാർകുളം, മലമൽപാടം പ്രദേശങ്ങളിൽ വർഷകാലത്ത് വെള്ളം കെട്ടിനിന്ന് കൃഷി മുങ്ങിപ്പോകുന്ന അവസ്ഥയുമുണ്ട്. കുളങ്ങൾ തോടുകൾ തുടങ്ങിയ പൊതുജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സാമൂഹ്യ ബാധ്യതയിൽ നിന്നും കൃഷിക്കാരും പൊതുജനങ്ങളും പിന്നോട്ടു പോകുന്നു. പകരം സർക്കാർ ഏജൻസികൾ വഴിയുള്ള ജലവിതരണത്തെ പൂർണ്ണമായും ആശ്രയിക്കുന്ന ഒരു ഉപഭോഗ സംസ്കാരം കൃഷിക്കാരിൽ വ്യാപകമായിട്ടുണ്ട്. ജലാഗമ മാർഗ്ഗങ്ങൾ എന്നപോലെ തന്നെ, വർഷകാലത്ത് വെള്ളക്കെട്ടുണ്ടാകുന്ന പ്രദേശങ്ങളിൽ ഫലപ്രദമായ ജല നിർഗ്ഗമന മാർഗ്ഗങ്ങൾ നിർമ്മിക്കുവാനും ഉള്ളവ സംരക്ഷിക്കുവാനുമുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല.

പുരയിട കൃഷിയിൽ ഈ കാലയളവിൽ കാര്യമായ മാറ്റങ്ങളും വന്നിട്ടുണ്ട്. തെങ്ങ്, വാഴ, പച്ചക്കറികളും, ചേമ്പ്, മാവ്, പ്ലാവ് എന്നിവയാണ് കൂടുതലായും കണ്ടുവരുന്നത്. അപൂർവ്വം ചില വ്യക്തികളും കുറിമുല്ല, ഓർക്കിഡ് തുടങ്ങിയ പുഷ്പകൃഷിയും ചെയ്യുവരുന്നു. പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമല്ല. വീട്ടാവശ്യങ്ങൾക്കായാണ് പച്ചക്കറി കൃഷി കൂടുതലായും ചെയ്യുവരുന്നത്. ആവശ്യമായി വരുന്ന പച്ചക്കറിയുടെ ഭൂരിഭാഗവും തമിഴ് നാട്ടിൽ നിന്നാണ് വരുന്നത്.

നെൽകൃഷിക്ക് പുറമെ തെങ്ങ്, റബ്ബർ എന്നീ നാണ്യവിള കൃഷികളിലും താല്പര്യം കാണിക്കുന്നുണ്ട്. മലയോര പ്രദേശങ്ങളിലാണ് റബ്ബർ കൃഷി കണ്ടുവരുന്നത്. വാഴ കൃഷി നിലവിലുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യപ്പെടുന്നില്ല. നെൽപ്പാടങ്ങളിൽ ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ കൃഷി വ്യാപകമായികൊണ്ടിരിക്കുന്നു. നെൽകൃഷിയെ അപേക്ഷിച്ച് ഇഞ്ചി, മഞ്ഞൾ എന്നിവക്ക് നല്ല വില ലഭിക്കുന്നതുകൊണ്ടാണ് കൂടുതൽ കർഷകർ ഇതിൽ ആകൃഷ്ടരാകുന്നത്. കൃഷിയിടങ്ങളിൽ നിന്ന് ചാമ, ഉഴുന്ന് എള്ള് തുടങ്ങിയവ അപ്രത്യക്ഷമായി.

കൃഷിയെ പ്രധാനമായും ബാധിക്കുന്ന രോഗങ്ങളെക്കുറിച്ച് ഇനി പ്രതിപാദിക്കാം. മുഞ്ഞ, ഇല ചുരുട്ടി പുഴു, തണ്ടുതുരപ്പൻ പുഴു എന്നിവയിലൂടെ ഉണ്ടാകുന്ന കീടബാധയും, ചാഴി ശല്യവുമാണ് നെൽകൃഷിയെ ബാധിക്കുന്ന പ്രധാനപ്പെട്ട രോഗങ്ങളും. കൃഷി തുണ്ട് ഭൂമികളിൽ ആയപ്പോൾ ഓരോ കർഷകനും സ്വന്തം താല്പര്യം അനുസരിച്ചാണ് കൃഷി ചെയ്യുന്നത്. കീടബാധ തടയുന്നതിന് കർഷകരുടെ ഭാഗത്തുനിന്ന് കൂട്ടായ ശ്രമം ഉണ്ടാകുന്നില്ല. കീടനാശിനികളും പ്രയോഗിക്കുന്നത് ശാസ്ത്രീയമായ രീതിയിൽ അല്ല. മുഞ്ഞ തുടങ്ങി പെട്ടെന്ന് വ്യാപിക്കുന്ന രോഗങ്ങളും തടയുവാൻ സ്ഥിരം സംവിധാനങ്ങളും ഒന്നും നിലവിലില്ല. നെൽകൃഷി ഒഴികെയുള്ള മറ്റു കൃഷികളിൽ കീടബാധയും മറ്റും തടയുന്നതിനുള്ള സാങ്കേതിക ജ്ഞാനം കർഷകർക്കില്ല.

നെൽപ്പാടങ്ങളിൽ കാലിവളവും പച്ചിലവളവുമാണ് മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് കർഷകർ കൂടുതലായും ആശ്രയിക്കുന്നത് രാസവളത്തെയാണ്. രാസവളത്തിനു് അടിസ്ഥടി ഉണ്ടാകുന്ന വിലവർദ്ധന കർഷകർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ജീവാണുവളങ്ങളുടെ പ്രയോഗം നമ്മുടെ പഞ്ചായത്തിൽ ഇല്ല. രാസവള പ്രയോഗം ആവശ്യമില്ലാത്ത വിത്തിനങ്ങളും പ്രചാരത്തിലില്ല. മുൻകാലങ്ങളിൽ വ്യാപകമായി ഉണ്ടായിരുന്ന കമ്പോസ്റ്റുകുഴികളും മറ്റും അപ്രത്യക്ഷമായി. അശാസ്ത്രീയ രീതിയിലുള്ള വള പ്രയോഗവും നടന്നുവരുന്നുണ്ട്.

നെൽകൃഷിയ്ക്ക് കൂടുതലായും സങ്കരയിനം വിത്തുകളാണ് ഉപയോഗിച്ച് വരുന്നത്. പട്ടാമ്പി, തമിഴ്നാട് എന്നിവിടങ്ങളിലെ ഗവേഷണ കേന്ദ്രങ്ങളിലെ വിത്തിനങ്ങളാണ് കൂടുതലായും ലഭ്യമായിട്ടുള്ളത്. തമിഴ് നാട്ടിൽനിന്നും ലഭിയ്ക്കുന്ന വിത്തിനങ്ങളാണ് കൂടുതൽ അനുയോജ്യമെന്നാണ് പൊതുവെ കർഷകരുടെ അഭിപ്രായം. അടുത്തടുത്തുള്ള തുണ്ട് ഭൂമികളിൽ വ്യത്യസ്ത ഇനം വിത്തുകളും ഇറക്കി കൃഷി ചെയ്യുന്നതുകൊണ്ട് വിത്തുകളുടെ ഗുണനിലവാരം കുറയുന്ന അവസ്ഥയുണ്ട്. സങ്കരയിനം തെങ്ങിൻ തൈകളും ആവശ്യത്തിനു് ലഭ്യമല്ല. ആധുനിക പച്ചക്കറി വിത്തുകളും ലഭ്യമല്ല.

കർഷകരിൽ ഭൂരിഭാഗവും നാമമാത്ര കർഷകരാണ്. കൃഷിയിൽ നിന്നുള്ള വരുമാനം മാത്രം ആശ്രയിച്ച് ജീവിക്കുന്ന കർഷക കുടുംബങ്ങളും ഒട്ടനവധിയുണ്ട്. കൃഷി ലാഭകരമല്ലാത്തതിനാൽ തന്നെ കൃഷിക്കാരിൽ പലരും ഭൂമി തരിശിടുകയും മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും ദേശസാൽകൃത ബാങ്കുകളിൽനിന്നും മറ്റും വായ്പകളും ലഭിക്കുന്നുണ്ടെങ്കിലും ഇവക്ക് അമിതമായ പലിശയാണ് ഈടാക്കുന്നത്. കൃഷി

സ്ഥായി വായ്പ എടുക്കുകയും അത് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്.

കർഷകർ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം കർഷകത്തൊഴിലാളികളെ കിട്ടാനില്ല എന്നതാണ്. പുതിയ തലമുറ കൃഷിപ്പണിയോട് വിമുഖത കാണിക്കുന്നു. യുവതികൾ പാടത്തെ പണിയെക്കാൾ ചെറുകിട വ്യവസായ യൂണിറ്റുകളിൽ തൊഴിലെടുക്കുവാൻ താല്പര്യപ്പെടുന്നു. കൂലി കുറവാണെങ്കിലും തൊഴിൽ സുരക്ഷിതത്വവും സാമൂഹ്യ മാന്യതയുമാണ് യുവതികളെ ഇതിന് പ്രേരിപ്പിക്കുന്നത്. കർഷകത്തൊഴിലാളികൾ കൂടുതൽ ജോലി സാധ്യതകളും ഉയർന്ന വേതന നിലവാരവും ഉള്ള കെട്ടിട നിർമ്മാണം, എന്നീ മേഖലകളിലേയ്ക്കും ആകൃഷ്ടരാകുന്നുണ്ട്. കർഷകത്തൊഴിലാളികളുടെ കൂലിനിരക്കിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട് സ്ത്രീകൾക്ക് 30-40 രൂപയും പുരുഷന്മാർക്ക് 70-80 രൂപയുമാണ് കൂലി. മുൻകാലങ്ങളിലെ അപേക്ഷിച്ച് തൊഴിൽ സമയത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള കൂട്ടായ പരിശ്രമം കർഷക-കർഷകത്തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്നതും ദുഃഖകരമായ സത്യമാണ്.

പഞ്ചായത്തിൽ ഒരു കൃഷിഭവൻ പ്രവർത്തിച്ചുവരുന്നുണ്ട്. കൃഷിഭവൻ വെറും ഒരു സർക്കാർ ഓഫീസ് മാത്രമായി ചുരുങ്ങുന്നു എന്ന് കർഷകരുടെ ഭാഗത്തുനിന്നും പൊതു അഭിപ്രായം ഉണ്ട്. മണ്ണ് പരിശോധിക്കുന്നതിനും മണ്ണിനു് അനുയോജ്യമായ വിത്ത് തെരഞ്ഞെടുക്കുന്നതിലും, വളപ്രയോഗത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിനും കൃഷിഭവനു് കഴിയുന്നതില്ല. സമഗ്രനാളികേര വികസന പദ്ധതി, സ്ത്രീ കൂട്ടികളിലൂടെയുള്ള വിത്തു വിതരണം, പച്ചക്കറി വിത്തു വിതരണ പരിപാടി, പട്ടിക ജാതി കോളനികളിലേക്ക് പണി ആയുധങ്ങളുടെ വിതരണം തുടങ്ങിയ പരിപാടികളും കൃഷിഭവനിലൂടെ നടപ്പാക്കുന്നുണ്ടെങ്കിലും, ഇവ ലക്ഷ്യം കാണാറില്ല.

പാടശേഖര കമ്മിറ്റികളുടെ പ്രവർത്തനം ചില ഭാഗങ്ങളിൽ സജീവമാണെങ്കിലും ഭൂരിഭാഗം പ്രദേശങ്ങളിലും ഇവ നിർജീവമാണ്. പാടശേഖര കമ്മിറ്റികൾക്ക് നിയമ പ്രകാരമുള്ള അധികാരങ്ങൾ ഇല്ലാത്തതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കമ്മിറ്റിയെടുക്കുന്ന തീരുമാനം വ്യക്തികൾ അനുസരിക്കണമെന്നില്ല. സാമ്പത്തിക പരാധീനതയും കാർഷിക ഉപകരണങ്ങളുടെ കുറവും കമ്മറ്റിയുടെ പ്രവർത്തനത്തെ വിപരീതമായി ബാധിക്കുന്നു. കമ്മറ്റികൾക്ക് സ്ഥിരമായ ഫണ്ടില്ലാത്തതും, ഉണ്ടാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഭരണഘടനാപരമായ അധികാരങ്ങൾ നല്കാത്തതുമാണ് ഇവയുടെ നിർജീവാവസ്ഥയ്ക്ക് പ്രധാന കാരണം. ഗ്രാമസഭകളിൽ കൃഷിയുമായി ബന്ധപ്പെട്ട് നിർദ്ദേശിയ്ക്കപ്പെട്ട പ്രശ്നങ്ങളും, അതിനുള്ള പരിഹാര മാർഗ്ഗങ്ങളുമാണ് താഴെ നിർദ്ദേശിയ്ക്കുന്നത്.

പ്രശ്നങ്ങൾ

1 സബ് കനാലിൽനിന്നും വരുന്ന വെള്ളം കൃഷി സ്ഥലത്ത് എത്തുന്നതിന് കാലതാമസം നേരിടുന്നു.
2 കൃഷിഭവന്റെ പ്രവർത്തനം കർഷകർക്ക് ഫലപ്രദമായി പ്രയോജനപ്പെടുന്നില്ല.
3 മണ്ണ് പരിശോധന വേണ്ട രീതിയിൽ നടക്കുന്നില്ല.
4 നെൽകൃഷി കുറഞ്ഞുവരുന്നു.
5 പാടശേഖര കമ്മറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല.
6 കർഷകത്തൊഴിലാളികളെ യഥാസമയങ്ങളിൽ ലഭിയ്ക്കാറില്ല.
7 കാർഷിക ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.
8 രണ്ടാം വിളയ്ക്ക് അനുയോജ്യമായ നെൽവിത്ത് ലഭ്യമല്ല.
9 രണ്ടാം വിളയ്ക്ക് വെള്ളം ശരിയായി ലഭിയ്ക്കാറില്ല.
10 ജലസേചന നിയന്ത്രണം ഫലപ്രദമല്ല.
11 ജൈവ വളങ്ങൾ വേണ്ടത്ര ലഭ്യമല്ല.
12 കാർഷികാവശ്യങ്ങൾക്കായി വൈദ്യുതി ഡീസൽ, മണ്ണെണ്ണ എന്നിവ ലഭിയ്ക്കുന്നതിന് പ്രയാസങ്ങൾ നേരിടുന്നു.

13 പൊതു ഞാറ്റടിയിൽ സൗകര്യം ഇല്ല.
14 കീടനാശിനികളും തക്കസമയത്ത് ലഭ്യമല്ല.
15 ജല ആഗമന നിഗ്മന മാർഗ്ഗങ്ങളും ഫലപ്രദമല്ല.
16 രാസവളങ്ങൾക്ക് അമിതമായ വിലയാണ് ഉള്ളതു്.
17 കർഷകക്ക് ക്ഷേമനിധിയോ, പെൻഷനോ ഏർപ്പെടുത്തിയിട്ടില്ല.
18 കുളങ്ങളും തോട്ടുകളും ഉപയോഗശൂന്യമായിരിക്കുന്നു.
19 പച്ചക്കറി കൃഷിചെയ്യുവാനും, വിപണനത്തിനും ഉള്ള സംവിധാനങ്ങളും ഇല്ല.
20 കാർഷിക ലോണുകളും വേണ്ടത്ര ലഭ്യമല്ല.

നിർദ്ദേശങ്ങൾ.

1 ആലത്തൂർ പഞ്ചായത്ത് മുഴുവൻ കാമാൻറ് ഏരിയാ ഡെവലപ്മെൻറ് പദ്ധതി പൂർത്തീകരിക്കുകയും, കാലാകാലങ്ങളിൽ അറ്റകുറ്റ പണികളും നടത്തുകയും ചെയ്യുക.

2 ആലത്തൂർ പഞ്ചായത്ത് ചേരാമംഗലം പദ്ധതിയുടെ ആയക്കാട്ട് ഏരിയയിൽ പെടുന്ന പ്രദേശം ആണെങ്കിലും ചേരാമംഗലം പദ്ധതിയിലേക്ക് മതിയായ അളവിൽ മലമ്പുഴ ഡാമിൽനിന്നും വെള്ളം ലഭിയ്ക്കുന്നില്ല. അതിനാൽ മലമ്പുഴ പദ്ധതിയിൽനിന്നും മതിയായ അളവിൽ വെള്ളം ചേരാമംഗലം ഡാമിൽ എത്തിയ്ക്കുവാനും, അവിടെനിന്നും കൃഷി സ്ഥലങ്ങളിലേയ്ക്ക് എത്തിക്കുവാനും വേണ്ട നടപടികളും സ്വീകരിക്കുക. നിലവിലുള്ള ചേരാമംഗലം ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുകയും, മണൽവാരി സംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക.

3 പോത്തുണ്ടി ഡാമിലെ വെള്ളം ചേരാമംഗലം ഡാം വഴി കൃഷി സ്ഥലത്തേയ്ക്ക് വിതരണം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കണം.

4 വിഴമലയിലുള്ള P. R. രാമസ്വാമി അയ്യരുടെ ഉടസ്ഥതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന അണക്കെട്ട് ഏറ്റെടുത്ത് അറ്റകുറ്റ പണികളും നടത്തി ജല സംഭരണശേഷി വർദ്ധിപ്പിക്കുകയും പോത്തുണ്ടി കനാൽ വെള്ളം മലക്കള്ളത്തുനിന്നും പ്രസ്തുത ഡാമിൽ എത്തിച്ച് ഏകദേശം 5000 ഏക്കർ ഒരുപൂനിലം ഇരുപൂകൃഷി ആക്കുന്നതിനും ബാക്കി സമയം പച്ചക്കറി കൃഷി വർദ്ധിപ്പിവാനും ഉപകരിക്കും.

5 ഗായത്രി പുഴക്ക് കുറുകെ തുപ്പാളൂർ പ്പാലത്തിന് താഴ്വശം കുട്ടമൂച്ചി ചുള്ളിമട എന്നീ പ്രദേശങ്ങളെ സംയോജിപ്പിച്ച് തടയണ (ചെക്ക് ഡാം) നിർമ്മിച്ച്, അതോടൊപ്പം ഗതാഗത സൗകര്യത്തിനു് പാലം കൂടി നിർമ്മിക്കേണ്ടതാണ്.

6 കാലാകാലങ്ങളിൽ ജലവിതരണം നടത്തുന്നതിനു്, പാടശേഖര കമ്മിറ്റികളും ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന ഒരു ഉപദേശക സമിതി രൂപീകരിക്കുകയും അവരുടെ ഉപദേശാനുസരണം മാത്രം ജല വിതരണം നടത്തുകയും ചെയ്യുക.

7 നിലവിലുള്ള സബ്ബ് കനാൽ മുഴുവൻ റീസർവ്വേ നടത്തി കനാൽ ബണ്ടിന്റെ സംരക്ഷണം ഉറപ്പുവരുത്തുക.

8 ലിഫ്ട് ഇറിഗേഷൻ പദ്ധതിയിലൂടെ ഗായത്രി പുഴയിൽ നിന്നും എടാംപറമ്പ്, പൂങ്ങോട് എന്നീ പ്രദേശങ്ങളിലേക്ക് ജലസേചന സൗകര്യം ലഭ്യമാക്കുക.

9 വിഴമലയിൽ നിന്നും ഒഴികിവരുന്ന മഴ വെള്ളത്തിന്റെ നിർഗമനത്തിനാവശ്യമായ ഡ്രൈനേജുകളും നിർമ്മിക്കുക. രണ്ടാം വാർഡിൽ തെക്കുമുറിയിൽ നിന്നും ആരംഭിച്ച് ഗായത്രി പുഴയിൽ അവസാനിക്കുന്ന തോടിന്റെ ഇരുവശവും കെട്ടുകയും കൃഷിക്ക് ഉപ

ആലത്തൂർ ഗ്രാമപഞ്ചായത്ത്

യോഗിക്കത്തക്കവിധത്തിൽ ചീർപ്പുകളിട്ട് ക്രമീകരിക്കുകയും ചെയ്യുക.

10 പ്രദേശത്തിനും മണ്ണിനും അനുയോജ്യമായ വിത്തുകളും കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കുക.

11 അത്യുൽപ്പാദന ശേഷിയുള്ള വിത്തുകളും പഞ്ചായത്ത് തലത്തിൽ ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

12 രണ്ടാം വിളക്ക് ആവശ്യമായ അത്യുല്പാദന ശേഷിയുള്ള നെൽവിത്തിനങ്ങളും ലഭ്യമാക്കേണ്ടതാണ്.

13 നല്ല ഇനം പച്ചക്കറി വിത്തുകളും കാലാകാലങ്ങളിൽ ലഭ്യമാക്കണം.

14 TXD—DXT എന്നീ തെങ്ങിൻ തൈകളും ധാരാളമായി ഉല്പാദിപ്പിച്ച് വിതരണം ചെയ്യണം.

15 മംഗള, സുമംഗള, ശ്രീമംഗള എന്നീ കവുങ്ങിൻ തൈകളും ആവശ്യാനുസരണം വിതരണം ചെയ്യുക.

16 ഫലവൃക്ഷതൈകളും, ഔഷധച്ചെടികളും, പച്ചക്കറികളും എന്നിവ ഉല്പാദിപ്പിക്കുന്നതിനു പഞ്ചായത്തുതലത്തിൽ ഒരു നേഴ്സറി ആരംഭിക്കേണ്ടതാണ്.

17 ശാസ്ത്രീയമായ വളപ്രയോഗത്തെക്കുറിച്ച് കൃഷിക്കാർക്കിടയിൽ ബോധവൽക്കരണം നടത്തുക.

18 കന്നുകാലി വർഗ്ഗത്തൽ പ്രോത്സാഹിപ്പിച്ച് കൂടുതൽ ജൈവവളം ലഭ്യമാക്കുക

19 രാസവള വില വദ്ധനവിൽനിന്നും ആശ്വാസം ലഭിക്കുന്നതിനായി കർഷകനു കാലാകാലങ്ങളിൽ സബ്സിഡി അനുവദിക്കുക.

20 ജീവാണുവളം പരീക്ഷണാത്ഥം ഉപയോഗിച്ച് ഗുണകരമാണെങ്കിൽ പ്രോത്സാഹനം നൽകുക.

21 കമ്പോസ്റ്റ് വളം നിർമ്മിക്കുന്നതിൽ കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുക

22 കീടനാശിനികളും ഉപയോഗിക്കുന്നതിനെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുക.

23 പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ കിടക്കുന്ന ചപ്പുചവറുകളും ഉപയോഗിച്ച് കമ്പോസ്റ്റ് വളം നിർമ്മിച്ച് കർഷകർക്കു ലഭ്യമാക്കുക.

24 അപകടകാരിയായ BHC പൗഡറിന്റെ ഉപയോഗം നിരോധിക്കുക.

25 മുഞ്ഞ മുതലായ പെട്ടെന്നു വ്യാപിക്കുന്ന രോഗങ്ങൾക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ളഉപകരണങ്ങളും എല്ലാ പാടശേഖര സമിതികൾക്കും ആവശ്യമായ സമയത്ത് ലഭിക്കുന്നു എന്നു ഉറപ്പു വരുത്തുക.

26 വിവിധ പാടശേഖര സമിതികളിൽ മണ്ണു പരിശോധന നടത്തി പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകുക.

27 പുളിരസമുള്ള പാലക്കാടൻ പാടശേഖരങ്ങളിൽ പ്രയോഗിക്കുന്നതിനായി കുമ്മായം സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

28 കൃഷിഭവൻ ഉദ്യോഗസ്ഥൻമാർ ആഴ്ചയിലെരിക്കൽ പാടശേഖരങ്ങളും സന്ദർശിച്ച് പോരായ്മകൾ പരിഹരിക്കേണ്ട നിർദ്ദേശങ്ങളും നൽകേണ്ടതാണ്.

29 പാടശേഖര കമ്മിറ്റികൾക്ക് ആസ്തികൾ ഉണ്ടാവാൻ വേണ്ട പദ്ധതികൾ വേണം.

30 പാടശേഖര കമ്മിറ്റികൾക്ക് സാമ്പത്തിക സൗകര്യങ്ങളും ഉറപ്പുവരുത്തുകയും

ആലത്തൂർ ഗ്രാമപഞ്ചായത്ത്

കണക്കുകൾ വർഷത്തിലൊരിക്കൽ ആഡിറ്റ് നടത്താൻ സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം.

31 കനാൽ വെള്ളത്തിന്റെ നിയന്ത്രണം പാടശേഖര കമ്മിറ്റികളെ ഏല്പിക്കുക.

32 കർഷകരുടെ ഉൽപന്നങ്ങൾ താങ്ങുവില നിശ്ചയിച്ച് വിളവെടുപ്പുസമയത്തുതന്നെ പഞ്ചായത്തു തലത്തിൽ സംഭരിക്കാനും അപ്രകാരം സംഭരിച്ച ഉല്പന്നങ്ങളെ സംസ്കരിക്കാനും വിപണനം നടത്താനും പദ്ധതി ആസൂത്രണം ചെയ്യുക.

33 കാർഷിക ഉത്പന്നങ്ങളുടെ ഉപ ഉല്പന്നങ്ങളെ അടിസ്ഥാനമാക്കി വ്യവസായങ്ങൾ ആരംഭിക്കുക.

34 കർഷകത്തൊഴിലാളികളെ ലഭ്യമാവാത്ത സ്ഥലങ്ങളിൽ യന്ത്രവൽക്കരണം നടപ്പിലാക്കുക.

35 കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക


36 കർഷകത്തൊഴിലാളികൾക്ക് ഏകീകൃത കൂലി സമ്പ്രദായം നടപ്പിലാക്കുക.

37 കർഷകത്തൊഴിലാളികൾക്ക് ഇൻഷൂറൻസ് പദ്ധതി ഏർപ്പെടുത്തുക.

38 കാർഷിക വായ്പാ സംവിധാനം ഉദാരവത്കരിക്കുക, പലിശ നിരക്ക് കുറക്കുക.

39 നെൽപാടങ്ങൾ നികത്തുന്നത് തടയുക.

ആലത്തൂർ ഗ്രാമപഞ്ചായത്ത്



മൃഗ സംരക്ഷണം

കാർഷിക ഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്ന കന്നുകാലി വളർത്തൽ. കൃഷിപ്പണികൾക്കും ക്ഷീര ഉൽപാദനത്തിനും കന്നുകാലികൾ ഉപകരിച്ചിരുന്നു. ആദ്യകാല കൃഷിയ്ക്ക് ആവശ്യമായ ജൈവ വളങ്ങളുടെ മുഖ്യ സ്രോതസ്സ് കന്നുകാലികളായിരുന്നു. രണ്ട് മൂന്നു പതിറ്റാണ്ടുകൾക്ക് മുമ്പ് വരെ നാടൻ ഇനം കന്നുകാലികൾ ആയിരുന്നു വളർത്തപ്പെട്ടിരുന്നത്. കർഷക കുടുംബങ്ങളിൽ പാൽ ഉല്പാദനത്തിന് ഉപരിയായി കൃഷിപ്പണികൾക്കായി ഉഴവ് മാടുകളെയും വളർത്തിയിരുന്നു. കൃഷിയുടെ അനുബന്ധ പ്രവർത്തനം എന്ന നിലയിലാണ് കൂടുതലായും കന്നുകാലികളെ വളർത്തിയിരുന്നത്. ഇവയെ കൂട്ടമായി വളർത്തു കാടുകളിലും തുറന്ന മേച്ചിൽ സ്ഥലങ്ങളിലും മേച്ചുകൊണ്ടായിരുന്നു തീറ്റിപോറ്റിയിരുന്നത്. ഇതിന് സൗകര്യമായ വിധത്തിലായിരുന്നു ഭൂമികൾ. 50 വർഷങ്ങൾക്കുമുമ്പ് ഗതാഗത ആവശ്യങ്ങൾക്കായി കാളകളെയും പോത്തുകളെയും ഉപയോഗിച്ചിരുന്നു.

ഇന്നുള്ളതിൽ നിന്നും വളരെ വ്യത്യസ്തമായിരുന്ന ആദ്യകാല മൃഗ പരിപാലന രീതി. പശുത്തൊഴുത്ത്, പിണ്ണാക്ക് തവിട് തുടങ്ങിയവയായിരുന്നു തീറ്റയ്ക്കായി നൽകിയിരുന്നത്. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണ രീതികളും ആദ്യകാലത്തു വളരെ വ്യത്യസ്തമായിരുന്നു. കർക്കിടക മാസത്തിൽ കോഴിയും പച്ച മരുന്നുകളും ചേർത്ത് ഒരാഴ്ചക്കാലം കന്നുകാലികൾക്ക് നൽകി ആരോഗ്യസംരക്ഷണം ഉറപ്പു വരുത്തിയിരുന്നു. കുളമ്പുരോഗം, കുരലടപ്പൻ തുടങ്ങിയ രോഗങ്ങൾ അന്നും ഉണ്ടായിരുന്നെങ്കിലും ഇവയ്ക്ക് എതിരായ പ്രതിരോധ കുത്തിവെയ്പുകൾ ഉണ്ടായിരുന്നില്ല നാടൻ ചികിത്സാ രീതികളായിരുന്നു ഉണ്ടായിരുന്നത്. രോഗങ്ങളെക്കുറിച്ച് ശാസ്ത്രീയമായ അറിവ് ഉടമകൾക്ക് ഇല്ലായിരുന്നു.

പാൽ ഉൽപാദനത്തിനായി നാടൻ പശുക്കളാണ് ഉണ്ടായിരുന്നത് എന്നതിനാൽ ഇന്നത്തെ അപേക്ഷിച്ച് ഉൽപാദനം കുറവായിരുന്നു. പ്രധാനമായും ഗാർഹിക ആവശ്യക്കാർക്കായിരുന്ന പാൽ ഉപയോഗിച്ചിരുന്നത്. അപൂർവ്വമായി മാത്രം ചായക്കട

5

2

മൃഗസംരക്ഷണവും
മത്സ്യവ്യവസായവും

കളിൽ പാൽ വിപണനം നടത്തിയിരുന്നു. ഒരു നാടൻ പശുവിൽനിന്നു് പരമാവധി രണ്ടു് ഇടങ്ങഴിയോളം പാൽ മാത്രമെ ലഭിച്ചിരുന്നുള്ളു.

കാർഷികാവശ്യങ്ങൾക്കും ഗതാഗത ആവശ്യങ്ങൾക്കും പ്രധാനമായി കന്നുകാലികളെ ഉപയോഗിച്ചിരുന്ന പഴയ രീതിക്കു് ഇന്നു് തികച്ചും മാറ്റം വന്നിരിക്കുന്നു. കൂടുതൽ ഉൽപാദന ശേഷിയുള്ള സങ്കരയിനം പശുക്കളാണു് ഇന്നു് വ്യാപകമായിട്ടുള്ളതു്. തുറന്നു് വിട്ടു് മേയ്ക്കുന്ന സമ്പ്രദായം ഇപ്പോഴില്ല, ഇവയെ കെട്ടിയിട്ടു് വളർത്തുന്നതിനാൽ കാലിതീറ്റകളെ ആശ്രയിക്കേണ്ടി വരുന്നു.

പാൽ, ഇറച്ചി എന്നീ ആവശ്യങ്ങൾക്കാണു് ഇന്നു് പ്രധാനമായും കന്നുകാലികളെ വളർത്തുന്നതു്. ഉഴവു് മാടുകളുടെ സ്ഥാനത്തു് ട്രാക്ടർ സ്ഥാനം പിടിച്ചിരിക്കുന്നു. മുൻകാലങ്ങളിൽ പശുക്കളോടൊപ്പം തന്നെ എരുമകളെയും വളർത്തിയിരുന്നു. എന്നാൽ ഇപ്പോൾ വളരെ കുറച്ചുപേർ മാത്രമെ എരുമകളെ വളർത്തുന്നുള്ളൂ.

നമ്മുടെ പഞ്ചായത്തിൽ 1940–ൽ മദ്രാസാ സർക്കാരിന്റെ കീഴിൽ ഒരു "ഗ്രോമ്പു" ബുള്ളറ്റിൻ സംവിധാനം നിലവിൽ ഉണ്ടായിരുന്നു. താലൂക്കു് അടിസ്ഥാനത്തിൽ ഒരു കമ്പൗണ്ടർ ബുള്ളറ്റിൽ സഞ്ചരിച്ചു് പ്രതിരോധ കുത്തിവെയ്പുകൾ നടത്തിയിരുന്നു. 1950 മെയ് 26–ാംതിയ്യതി ആലത്തൂർ പഞ്ചായത്തിൽ ഒരു വെറ്ററിനറി ഡിസ്പെൻസറി പ്രവർത്തനാരംഭിച്ചു. 1964–ൽ ഇതു് വെറ്ററിനറി ആശുപത്രിയാക്കി മാറ്റി. 1979–ൽ ആഗസ്റ്റ് 9–ാം തിയ്യതി ഈ സ്ഥാപനം വെറ്ററിനറി പോളിക്ലിനിക്കായി ഉയർന്നു. പാലക്കാടു് ജില്ലയിലെ മെച്ചപ്പെട്ട ഒരു പോളിക്ലിനിക്കായി ഇതു് മാറിയിട്ടു് വിവിധ കോളനികളിൽ മൃഗസംരക്ഷണ പദ്ധതി വ്യാപിക്കുന്നതിനായി ഈ സ്ഥാപനം വഴി ആടു്, പശു, കോഴി എന്നിവ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ടു് ആയതിന്റെ വിശദ വിവരം താഴെകൊടുക്കുന്നു.

വർഷം	കോളനി	വിതരണം ചെയ്തസാധനം	ചിലവു് തുക (രൂപ)
1992–93	പെരിങ്ങോട്ടുകുന്നു്	25പേക്കു് ഒരു ആടു് വീതം	13,856/-
1994–95	പറക്കുന്നം	5പേക്കു് ഒരു പശുവീതം 9പേക്കു് 2 പെണ്ണു് ആടു് വീതം ഒരു ആംക്കു് ഒരു മുട്ടനാടു് 36പേക്കു് 6 കോഴി വീതം	51,146/-
1995–96	പറക്കുന്നം	15പേക്കു് 2 പെണ്ണു് ആടു് വീതം 2പേക്കു് ഒരു മുട്ടനാടു് വീതം	20,156/-

ഇന്നു് ഏകദേശം 200 നാടൻ പശുക്കളും 1300 സങ്കരയിനം പശുക്കളുമാണു് പഞ്ചായത്തിൽ ഉള്ളതു്. ഉദ്ദേശം 600 ആടുകളും ഉണ്ടു്. പശുക്കളിൽ ആകെ എണ്ണത്തിന്റെ 40% കുറവ ഇല്ലാത്തവയാണു്. എരുമകൾ 100 താഴെ മാത്രമെ ഉള്ളൂ. പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെ സംഖ്യ കുറിക്കുന്ന ഒരു പട്ടിക താഴെ കൊടുക്കുന്നു.

വളർത്തുമൃഗസംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	
	രജിസ്റ്റർ ചെയ്തവ	മറ്റുള്ളവ	രജിസ്റ്റർ ചെയ്തവ	മറ്റുള്ളവ	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ				
1	2	3	4	5	6	7	8	9	10	11	12	13	14	
I	ഇല്ല	3	ഇല്ല	13	3	11	103	57	—	—	—	62	64	
II	—	8	—	—	28	43	78	52	3	1	—	125	163	
III	—	2	—	—	15	3	16	13	—	—	—	55	16	
IV	—	12	—	—	15	6	106	51	17	32	2	95	134	
V	—	—	—	2	3	1	75	29	1	1	—	26	34	
VI	—	—	—	10	—	—	103	109	10	2	2	56	89	
VII	—	—	—	2	—	—	69	76	2	2	—	55	48	
VIII	—	—	—	2	—	—	40	53	3	—	—	44	37	
IX	—	13	—	—	25	21	47	31	2	3	—	43	82	
X	—	—	—	—	5	2	34	68	—	3	—	11	45	

കോഴി, താറാവ് എന്നിവ വളർത്തുന്ന കാര്യത്തിൽ നാം വളരെ പുറകിലാണ്. നമുക്ക് ആവശ്യമായി വരുന്ന കോഴിമുട്ടയുടെ സിംഹഭാഗവും തമിഴ് നാട്ടിൽനിന്നാണ് വരുന്നത്. മുൻ കാലങ്ങളിൽ നമ്മുടെ വീട്ടുകളിൽ ഉണ്ടായിരുന്ന കോഴി വളർത്തൽ ഇന്ന് അപ്രത്യക്ഷമായി തുടങ്ങിയിരിക്കുന്നു. പഞ്ചായത്തിലുള്ള ആകെ കോഴികളുടെ എണ്ണം ഏകദേശം 5000 ആണ്. ഇതിൽ 50% മാത്രമെ മുട്ട ഇടുന്ന വയുള്ള ചില ആളുകൾ വാണിജ്യാടിസ്ഥാനത്തിൽ ഇറച്ചി കോഴികളെ വളർത്തുന്നുണ്ട്. ഇറച്ചി കോഴി വിൽപ്പന ശാലകൾ ഉണ്ടെങ്കിലും ഇവയിൽ വിൽക്കപ്പെടുന്നത് തമിഴ് നാട്ടിൽ നിന്നു വരുന്ന ഇറച്ചി കോഴികളെയാണ്. താറാവ് വളർത്തൽ നമ്മുടെ പഞ്ചായത്തിൽ തീരെ ഇല്ല. പഞ്ചായത്തിലെ വളർത്തു പക്ഷി സംഖ്യ കാണിക്കുന്ന ഒരു പട്ടിക താഴെ കൊടുക്കുന്നു.

വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
I	157	337	—	7	12	—
II	371	634	—	—	—	—
III	213	38	110	—	—	—
IV	270	553	178	1	2	—
V	132	156	79	1	9	15
VI	337	381	64	—	—	—
VII	175	400	303	—	5	—
VIII	158	41	50	—	—	—
IX	—	215	182	—	—	4
X	151	52	—	—	—	—

കന്നുകാലികളെ ബാധിക്കുന്ന പ്രധാന രോഗങ്ങളാ കുളമ്പുരോഗം, അകിടു് വീക്കം, കുരലടപ്പൻ എന്നിവയാണു്, ഇവയ്ക്കു എതിരെയുള്ള കുത്തിവെയ്പിനായിപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വെറ്ററിനറി പോളി ക്ലിനിക് മാത്രമാണു് ആശ്രയം. കോഴികൾക്കു് കണ്ടുവരുന്ന കോഴിവസന്ത പോലുള്ള പ്രധാന..... രോഗങ്ങളെ പ്രതിരോധിക്കുന്നതിൽ നാട്ടുകാർക്കു് അശ്രദ്ധ കൂടുതലുണ്ടു്. കോഴികളെയും മറ്റും ചികിത്സക്കായി ഉടമകൾ ആശുപത്രിലേക്കു് കൊണ്ടുപോകുന്ന പതിവില്ല. ആകെ പശുക്കളിൽ 80%വും കൃത്രിമ ബീജ സങ്കലനം നടത്തുന്നവയാണു്.

പഞ്ചായത്തിൽ 4 പാൽ സഹകരണ സംഘങ്ങൾ ഉണ്ടു്. ഇവയിൽ ഒരു ദിവസം ശരാശരി 1000 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ടു്. പഞ്ചായത്തിൽ ആകെ ഉൽപ്പാദിപ്പിക്കുന്നതു് ഒരു ദിവസം ഏകദേശം 1500 ലിറ്ററാണു്. സഹകരണ സംഘങ്ങളിൽ അളക്കുന്നതു് ഒഴിച്ചാൽ ബാക്കിയുള്ള പാൽ വീടുകളിൽ വിൽപ്പന നടത്തുകയാണു് പതിവു്. പാൽ ഉൽപ്പാദനത്തിനുള്ള ചിലവുമായി ബന്ധപ്പെടുത്തുമ്പോൾ ലഭിക്കുന്ന വില കുറവാണെന്നു് ഉൽപ്പാദകർക്കു് പരാതിയുണ്ടു്.

ശാസ്ത്രീയമായ രീതിയിൽ നടത്തുന്ന അറവു് ശാല പഞ്ചായത്തിൽ നിലവിലില്ല. അറവുകാർ ശുചിത്വ നിബന്ധനകൾ പലപ്പോഴും പാലിക്കുന്നില്ല. അവശിഷ്ടങ്ങൾ വെറുതെ കളയുകയാണു് പതിവു്. അവയിൽ നിന്നു് എല്ലുപൊടിബ്ലൂഡു് മിൽ തുടങ്ങിയവ ഉണ്ടാക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

പന്നി വളർത്തൽ, കാട വളർത്തൽ എന്നിവയുടെ കാര്യത്തിൽ നാം വളരെ പിന്നോക്കമാണു്. മൃഗ സംരക്ഷണത്തെക്കുറിച്ചു് ഗ്രാമ സഭകളിൽ പൊന്തിവന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളുമാണു് താഴെ കൊടുക്കുന്നതു്.

പ്രശ്നങ്ങൾ

1 കാലിതീറ്റക്കു് വിലവർദ്ധനവു് അനുഭവപ്പെടുന്നു. വൻകിട കമ്പനികളെ ആശ്രയിക്കേണ്ടി വരുന്നു.

2 പാലിനു് ന്യായമായ വില ലഭിക്കുന്നില്ല.

3 തീറ്റ പുല്ലിനു് ക്ഷാമം നേരിടുന്നു.

4 സാമ്പത്തിക വിഷമമൂലം പുതിയയിനം പശുക്കളെ വാങ്ങുന്നതിനും, തൊഴുത്തു നിർമ്മിക്കുന്നതിനും കഴിയുന്നില്ല.

5 കാലികൾക്കു് അടിക്കടി രോഗങ്ങൾ ഉണ്ടാകുന്നു.

6 പശുക്കളെ വാങ്ങുന്നതിനുള്ള വായ്പാ സൗകര്യങ്ങൾ വേണ്ടത്രയില്ല.

7 പാലിൽ നിന്നും ഉൽപന്നങ്ങൾ ഉണ്ടാക്കാനും വിപണനം നടത്താനും സംവിധാനങ്ങൾ ഇല്ല.

8 തമിഴു് നാട്ടിൽ നിന്നും ഇറച്ചി ആവശ്യത്തിനു ഇറക്കുമതി ചെയ്യുന്ന കന്നുകാലികൾ വഴി രോഗങ്ങൾ പകരുന്ന അവസ്ഥയുണ്ടു്.

പരിഹാര നിർദ്ദേശങ്ങൾ

1 പഞ്ചായത്തു് തലത്തിലോ ബ്ലോക്കു് തലത്തിലോ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുകയും അതിൽ നിന്നു് ന്യായമായ വിലക്കു് കാലിത്തീറ്റ ലഭ്യമാക്കുകയും ചെയ്യുക.

2 പാൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയും സജീവമാക്കുകയും പാലിനു് ന്യായമായ വില ഉറപ്പുവരുത്തുകയും ചെയ്യുക.

3 സഹകരണാടിസ്ഥാനത്തിൽ മുട്ട കോഴി വളർത്തൽ ഇറച്ചി കോഴി വളർത്തൽ എന്നിവ ലക്ഷ്യമാക്കി പദ്ധതികൾക്ക് രൂപം നൽകുക.

4 കോഴി വളർത്തലിൽ താല്പര്യമുള്ള വീടുകൾ തിരഞ്ഞെടുത്ത് സൗജന്യമായി കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക. ഇവയുടെ പുരോഗതി വിലയിരുത്തുന്നതിന് വാർഡ് അടിസ്ഥാനത്തിൽ കമ്മറ്റികൾ ഉണ്ടാക്കുക.

5 ശാസ്ത്രീയമായ രീതിയിൽ അറവ് ശാലകൾക്ക് രൂപം നൽകുക.

6 അറവ് ശാലകളിലെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് എല്ലുപൊടി, ബ്ലഡ് മീൽ എന്നിവ ഉണ്ടാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

7 ആടുകളെ വളർത്താൻ ഫാമുകൾ തുടങ്ങുന്നതിന് സാങ്കേതിക, സാമ്പത്തിക സഹായം നൽകുക.

8 മുയൽ വളർത്തൽ ഒരു കുടിൽ വ്യവസായം ആക്കി സഹായം നൽകുക.

9 പശു, ആട്, കോഴി എന്നിവ വാങ്ങുന്നതിനും വളർത്തുന്നതിനും വായ്പാ സൗകര്യങ്ങൾ വിപുലീകരിക്കുക.

10 സ്ത്രീ പൗൾട്രി ക്ലബ്ബുകൾക്ക് രൂപം നൽകുക.

11 തീറ്റപ്പുല്ലു കൃഷി തുടങ്ങുക.

12 മൃഗ ചികിത്സാ കേന്ദ്രത്തിലെ സൗകര്യങ്ങൾ വിപുലീകരിക്കുക.

13 സ്വയം തൊഴിൽ സംരംഭകർക്ക് ഈ വിഷയത്തിൽ വിവിധ വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

14 സഹകാര്യാടിസ്ഥാനക്കിലും സഹകരണാടിസ്ഥാനത്തിലും സംരംഭകർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്യുകയും വീപണി ലഭ്യമാക്കുകയും ചെയ്യുക.

15 പാൽ സൊസൈറ്റി ഇല്ലാത്ത വാർഡുകളിൽ സംഘങ്ങൾ രൂപീകരിക്കുക

16 പശുക്കൾക്ക് വരുന്ന രോഗത്തെ സംബന്ധിച്ച പരിശോധന വീടുകൾ തോറും കയറിറങ്ങി നടക്കാർ തലത്തിൽ നടത്തുക മാത്രമല്ല പ്രദേശത്ത് യുവതീയുവാക്കൾക്ക് ഇതിൽ പരിശീലനം നൽകുകയും വേണം.

മൽസ്യ ബന്ധനം. അവലോകനം

നമ്മുടെ പഞ്ചായത്ത് കടലോരപ്രദേശമോ കായലോരമോ അല്ല. ആയതിനാൽ പരമ്പരാഗത മത്സ്യതൊഴിലാളികൾ ഇല്ല. പഞ്ചായത്തിലൂടെ ഒഴുകുന്ന ഗായത്രി പുഴയും സ്വകാര്യ വ്യക്തികളുടെ ഏതാനും കുളങ്ങളും ഉൾനാടൻ തോടുകളും മാത്രമാണ് നമ്മുടെ മത്സ്യ സ്രോതസ്സ്. വർഷങ്ങൾക്കുമുമ്പ് ഈ ജലാശയങ്ങളിൽ വളർന്നു വന്നിരുന്ന വരാൽ (കണ്ണൻ). മുശു (മൊയ്യ്), ക്കരി, കട്ടക, പരൽ എന്നിവയായിരുന്ന പ്രധാന മത്സ്യങ്ങൾ. ശക്തമായകീടനാശിനിപ്രയോഗം, വരൾച്ച, പ്രത്യേകതരം അസുഖം എന്നിവ മൂലം ഇത്തരം മത്സ്യങ്ങൾക്ക് ഏറെക്കുറെ വംശനാശം സംഭവിച്ചിരിക്കുകയാണ് മത്സ്യ സമ്പത്ത് വിരളമായതിനാൽ മത്സ്യ ബന്ധനം തൊഴിലായി സ്വീകരിച്ചവർ പഞ്ചായത്തിൽ വളരെ കുറവാണ്. പ്രത്യേക തൊഴിലൊന്നും ഇല്ലാത്തപ്പോൾ വരാറായ കുളങ്ങൾ, തോടുകൾ, പുഴ എന്നീ ജലാശയങ്ങളിൽനിന്ന് നാടൻവല, ചൂണ്ട, ചാട്ടളി തുടങ്ങിയ പ്രാചീന ഉപകരണംകൊണ്ട് മീൻപിടുത്തം നടത്തി വീടുകളിൽ വിൽക്കുകയായിരുന്ന പതിവ്. ഇതുകൊണ്ടുള്ള പരിമിതികൾ ഊഹിക്കാവുന്നതേയുള്ളൂ. ഇത്തരം സാഹചര്യം ഉള്ളതുകൊണ്ടാവാം ദാരിദ്ര്യങ്ങളായി നമ്മുടെ പ്രദേശത്ത് ഉണക്കമത്സ്യ വ്യാപാരം നിലനിൽക്കുന്നത്. അടുത്ത

കാലത്തായി കേരളത്തിന്റെ കടലോര പ്രദേശങ്ങളിൽനിന്നു് തീവണ്ടിമാർഗ്ഗം പുതു നഗരത്തെത്തുന്ന കടൽമത്സ്യങ്ങളം ധാരാളമായി നമ്മുടെ പ്രദേശത്തു് വിറ്റഴിക്കുന്നുണ്ടു്. ഇവയുടെ ഗുണനിലവാരം പലപ്പോഴും വളരെ മോശമാണു്. കഴിഞ്ഞ നാലഞ്ചു വർഷങ്ങളായി വളരെ വിരളമായി ചില കുളങ്ങളിൽ കടു്ല, റോഹു്, മൃഗാല തുടങ്ങിയ മത്സ്യങ്ങളം അപൂർവ്വം ചില സ്വകാര്യ വ്യക്തികളം വളർത്തി വരുന്നുണ്ടു്. ഇപ്രകാരം വളർത്തുന്ന മത്സ്യങ്ങളം ഭൂരിഭാഗവും മറ്റു ജില്ലകളിൽ കൊണ്ടുപോയി വില്പന നടത്തുകയാണു്. മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന കുറച്ചു കുടുംബങ്ങളം ആലത്തൂരിലുണ്ടു്.

പ്രശ്നങ്ങൾ

1 ആധുനിക രീതിയിലുള്ള മത്സ്യം വളർത്തലിനെക്കുറിച്ചു് ജനങ്ങളം ബോധവാന്മാരല്ല.

2 വറ്റിപ്പോകാത്ത ജല സംഭരണികളം കുറവാണു്.

3 മത്സ്യം വളർത്തലിൽ പ്രോത്സാഹനം ഇല്ല.

4 മത്സ്യകുഞ്ഞുങ്ങളെ ലഭിക്കാനുള്ള പ്രയാസം നേരിടുന്നു.

നിർദ്ദേശങ്ങൾ

1 കുളങ്ങളിൽ ജല സംരക്ഷണം ഉറപ്പു വരുത്തി മത്സ്യം വളർത്തുന്നതിനുള്ള പരിപാടികളം ആസൂത്രണം ചെയ്യണം.

2 മത്സ്യ കൃഷിക്കാവശ്യമായ മത്സ്യ കുഞ്ഞുങ്ങൾക്കു് തീറ്റ ലഭ്യമാക്കണം.


3 സ്വകാര്യ വ്യക്തികൾക്കോ, സഹകരണ മേഖലയിലോ, മത്സ്യ കൃഷി കൊണ്ടുവരുന്നതിനു് സ്കീം തയ്യാറാക്കേണ്ടതാണു്.

മൃഗ സംരക്ഷണം, മത്സ്യ കൃഷി എന്നീ മേഖലകളിൽ മേൽ പറഞ്ഞ രീതിയിൽ ശക്തമായ ആസൂത്രണം നടത്തി വരുന്ന അഞ്ചുവർഷങ്ങൾക്കുള്ളിൽ നമ്മുടെ പഞ്ചായത്തു് സ്വയം പര്യാപ്തത കൈവരിക്കേണ്ടതാണു്.

5

3

വ്യവസായം
ഊർജ്ജം



വ്യവസായം, ഊർജ്ജം.

അവലോകനം.

ആലത്തൂർ പഞ്ചായത്തിൽ വ്യവസായ പുരോഗതി ഗണ്യമായ തോതിൽ ഉണ്ടെന്നു പറയാൻ കഴിയില്ലെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ തന്നെ ബീഡി വ്യവസായം ആരംഭിച്ചിരുന്നു. 1930 കാലഘട്ടങ്ങളിൽ പൈനാപ്പിൾ, പൂനൈഎലി തുടങ്ങിയ ബീഡി വ്യവസായങ്ങളും നല്ല രീതിയിൽ നടത്തിയിരുന്നു. എന്നാൽ കാലക്രമേണ ഈ വ്യവസായത്തിന് മങ്ങൽ ഏൽക്കുകയും പൈനാപ്പിൾ ഫോട്ടോ ബീഡിക്കമ്പനി പൂർണ്ണമായും ഇല്ലാതാകുകയും ചെയ്തിരിക്കുന്നു. താഴ്ന്ന കൂലി വ്യവസ്ഥയിൽ തൊഴിലെടുക്കേണ്ടി വരുന്ന ബീഡി തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി വ്യവസ്ഥ ഉണ്ടാക്കിയെടുക്കാൻ നമ്മുടെ പ്രസ്ഥാനത്തിന് കഴിയാതിരുന്നതാണ് ഈ മേഖലയുടെ തകർച്ചക്ക് മുഖ്യകാരണം. ഭ്രൂപരിഷ്കരണത്തെ തുടർന്ന് 1970 കളിൽ നടപ്പാക്കിയ പഞ്ചായത്തിൽ സ്ഥാപിച്ച റൈസ് മില്ലുകളാണ് വ്യവസായ മേഖലയിലെ അടുത്ത സംരംഭം. വ്യവസായാടിസ്ഥാനത്തിൽ നെല്ല് കുത്തി അരിയാക്കുന്നതിനും കൂലിക്കു അരക്കുന്നതിനും വേണ്ടിയാണ് ഈ മില്ലുകൾ സ്ഥാപിച്ചത്. എടാംപറമ്പ് ഭാഗത്ത് തീപ്പെട്ടി നിർമ്മാണ വ്യവസായം തുടങ്ങിയെങ്കിലും തുടർന്ന് നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യത്തിൽ പൂട്ടിക്കിടക്കുന്നു.

ആലത്തൂർ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങളോ വിപുലമായ തോതിൽ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളോ ഇല്ല. പഞ്ചായത്തിൽ നിലവിൽ ഉള്ളത് കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളുമാണ്. അച്ചാറ് നിർമ്മാണം, മിക്സ്ചർ നിർമ്മാണം, മുറുക്ക് ഉണ്ടാക്കൽ, പപ്പടം നിർമ്മാണം ഓലപ്പായ നെയ്ത്ത്, തുടങ്ങിയവയാണ് നിലവിലുള്ള കുടിൽ വ്യവസായങ്ങൾ. ഇവയിൽ സ്ത്രീ തൊഴിലാളികളാണ് കൂടുതൽ ഉള്ളത്. പുരുഷതൊഴിലാളികളുടെ എണ്ണം തുലോം കുറവാണ്.

ചെറുകിട വ്യവസായങ്ങൾ

ആലത്തൂർ പഞ്ചായത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ 50 എണ്ണം ഉണ്ട്. അവ വനിതാ വ്യവസായ പദ്ധതി, റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം, സ്ഥിരം മജിസ്ട്രേഷൻ ഉള്ളവ, മറ്റുള്ളവ എന്നിങ്ങനെ തരംതിരിക്കാം. ആലത്തൂർ പഞ്ചായത്തിലെ ചെറുകിട വ്യവസായങ്ങൾ താഴെ പറയുന്നതാണ്.

1 പേപ്പർ ട്യൂബ് നിർമ്മാണ വ്യവസായം

നൂൽ വ്യവസായത്തിന് സഹായകമാവുന്ന ഒരു അനുബന്ധ വ്യവസായമായി ഇത് പ്രവർത്തിക്കുന്നു. ഇത് ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ രണ്ട് കേന്ദ്രങ്ങളിലായിട്ടാണ് നടന്നുവരുന്നത്. ഇതിൽ നിരവധി വനിതകൾ തൊഴിൽ എടുക്കുന്നുണ്ട്. തൊഴിലെടുക്കുന്നവർക്ക് ലഭിക്കുന്ന ദിവസ കൂലി 27 രൂപയാണ്. എന്നാൽ ബഹുഭൂരിപക്ഷം പെൺകുട്ടികൾ ടെയിനികൾ എന്ന നിലയിൽ ഇതിലും കുറഞ്ഞ കൂലിക്ക് തൊഴിൽ ചെയ്യേണ്ടിവരുന്നു.

2 ബേക്കറി സാധനങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ

ആലത്തൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ബേക്കറി സാധനങ്ങൾ ഉണ്ടാക്കുന്ന 9 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളെല്ലാം സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. അവ അലുവ നിർമ്മാണം 3 യൂണിറ്റുകൾ, മിക്സ്ചർ നിർമ്മാണം 1 യൂണിറ്റ്, ബേക്കറി സാധനനിർമ്മാണം 5 യൂണിറ്റുകൾ എന്നിവയാണ്. ഈ മേഖലയിൽ പുരുഷ തൊഴിലാളികളാണ് ബഹുഭൂരിപക്ഷവും.

3 റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.

പഞ്ചായത്തിനുള്ളിൽ വിവിധ തരത്തിലുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്ന 4 യൂണിറ്റുകൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. ഷർട്ട്, പാവാട, മാക്സി, ചെറിയ ഉടുപ്പുകൾ എന്നിവയാണ് ഈ യൂണിറ്റുകളിൽ നിർമ്മിക്കുന്നത്. ഈ യൂണിറ്റുകളിൽ പണിയെടുക്കുന്നവർ ബഹുഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണ്. ഇവർക്ക് ദിവസക്കൂലിയല്ല നൽകുന്നത്. തയ്ക്കുന്ന ഓരോ ഇനത്തിനും പ്രത്യേകം, പ്രത്യേകം കൂലി നിശ്ചയിച്ചിരിക്കുകയാണ്.

4 പ്രിൻറിംഗ് പ്രസുകൾ.

പഞ്ചായത്തിൽ 7 പ്രിൻറിംഗ് പ്രസ്സുകൾ പ്രവർത്തിക്കുന്നു. ഈ മേഖലയിൽ സ്ത്രീ തൊഴിലാളികളാണ് കൂടുതലുള്ളത്.

5 ബീഡി വ്യവസായം.

പഞ്ചായത്തിൽ 5 കമ്പനികളിലായി ഏകദേശം 400 തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇതിൽ 150 വനിതാ തൊഴിലാളികൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഈ മേഖലയിൽ $\frac{1}{3}$ ഭാഗം തൊഴിലാളികൾ അസംഘടിതരാണ്. ഇവരാകട്ടെ സ്ത്രീ തൊഴിലാളികളാണ്. വീടുകളിൽനിന്ന് ബീഡിയില വെട്ടൽ, പുകയില ഉണക്കൽ, ബീഡി തെരുപ്പ് എന്നീ ജോലികൾ ഇവർ ചെയ്യുന്നു. $\frac{2}{3}$ ഭാഗം പുരുഷതൊഴിലാളികൾ സംഘടിതമായി കമ്പനികളിൽ 1000ബീഡിക്ക് 40രൂപ നിരക്കിൽ തൊഴിൽ ചെയ്യുമ്പോൾ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ 32മുതൽ 38രൂപ വരെയുള്ള കൂലി നിരക്കിലാണ് തൊഴിൽ ചെയ്യുന്നത്. അസംഘടിത മേഖലയിൽ നാമമാത്രമായ പുരുഷത്തൊഴിലാളികളും ഉണ്ട്. തൊഴിലാളികൾക്ക് ലഭിക്കേണ്ട ക്ഷേമനിധി, പ്രോ

വിഡൻറ് ഫണ്ട് എന്നിവയിലേക്ക് കാലാകാലങ്ങളിൽ തൊഴിലുടമകൾ അടക്കേണ്ടുക യഥാസമയം ഇടപെട്ട് അടപ്പിക്കുന്നതിനു ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകൾ ശ്രദ്ധിക്കാത്തതുകൊണ്ട് തൊഴിലാളികൾ പ്രക്ഷോഭത്തിലേക്ക് പോകേണ്ടിവരുന്നു.

കൂടാതെ നാളികേരം സംസ്കരിച്ച് എണ്ണയെടുക്കൽ, വെൽഡിങ്ങ്, ഗ്രൂവിംങ്ങ് മുതലായവ നടത്തുന്ന ലെയ്ത്തുകൾ, ചന്ദനത്തിരി നിർമ്മാണം, തലയിണ നിർമ്മാണം, മരം, ഇരുമ്പ് മുതലായവ ഉപയോഗിച്ചുകൊണ്ടുള്ള ഫർണീച്ചർ നിർമ്മാണം, തീപ്പെട്ടിയുടെ പുറം ചട്ട നിർമ്മാണം, സോമില്ലുകൾ, റൈസ് മില്ലുകൾ, ഫ്ളവർ മില്ലുകൾ, ഇഷ്ടിക നിർമ്മാണം, സോഡാ നിർമ്മാണം, ഐസ് നിർമ്മാണം എന്നിവയും ആലത്തൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സഹകരണാടിസ്ഥാനത്തിൽ 2 ചെറുകിടവ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഡിസ്ട്രിക്ട് പാം പ്രൊഡ്യൂസേർസ് സഹകരണ സംഘത്തിൻെറ കെട്ടിടം (KELPAM) വിഭാഗത്തിനു വാടകയ്ക്കു കൊടുത്തുകൊണ്ട് ബ്രഷുണ്ടാക്കുന്നതിനു ആവശ്യമായ പനനാരു ഉണ്ടാക്കുന്നു. സ്ത്രീ തൊഴിലാളികളാണ് ഇവിടെ തൊഴിലെടുക്കുന്നത്. മരംകൊണ്ടും, ലോഹം കൊണ്ടും കരകൗശല വസ്തുക്കളുണ്ടാക്കുന്ന സഹകരണ സംഘം പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. രണ്ട് വനിതാ വ്യവസായ സംരംഭങ്ങളും ഉണ്ടായെങ്കിലും മാർക്കറ്റ് കിട്ടാത്തതിനാൽ പ്രവർത്തനം നിന്നിരിക്കയാണ്.

പ്രശ്നങ്ങൾ

1 തൊഴിൽ രഹിതരായ വ്യക്തികൾ ഏതെങ്കിലും ഒരു തൊഴിലിനുവേണ്ടി ചെറുകിട വ്യവസായങ്ങൾ തുടങ്ങുമ്പോൾ അവർക്ക് മുൻപരിചയമോ വൈദഗ്ധ്യമോ ഇല്ലാത്ത മേഖലയിൽ വ്യവസായം തുടങ്ങേണ്ടി വരുമ്പോൾ പൂർണ്ണമായ അർത്ഥത്തിൽ നടത്തി കൊണ്ടുപോകാൻ കഴിയുന്നില്ല.

2 സംരംഭകനു വ്യവസായങ്ങൾ തുടങ്ങുന്നതിനു ആവശ്യമായി വരുന്ന മൂഴുവൻ തുകയും സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നില്ല. മാത്രവുമല്ല നിയമത്തിൻെറ നൂലാമാലകൾ വായ്പതുക എളുപ്പത്തിൽ ലഭ്യമാവാൻ സഹായകരമല്ല.

3 ചെറുകിട വ്യവസായശാലകളിലെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം നിലനിർത്തി വൻകിട വ്യവസായ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളോട് കിടപിടിച്ച് മാർക്കറ്റ് പിടിച്ചെടുക്കാൻ കഴിയുന്നില്ല.

4 ചെറുകിട വ്യവസായ സംരംഭകനു ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, വൈദ്യുതി, വെള്ളം, റോഡ്, അസംസ്കൃത പദാർത്ഥങ്ങൾ എന്നിവയുടെ ലഭ്യത കുറവാണ്.

5 പ്രാദേശിക ലഭ്യതക്കു അനുസൃതമായ അസംസ്കൃത പദാർത്ഥങ്ങളില്ല നിലവിലുള്ള ചെറുകിട വ്യവസായങ്ങളിൽ ഉപയോഗിക്കുന്നത്.

6 നിലവിലുള്ള ചെറുകിട വ്യവസായശാലകൾ എല്ലാം സ്വകാര്യ വ്യക്തികളിൽ അധിഷ്ഠിതമാണ്. അതുകൊണ്ട് തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ലഭ്യമാവുന്നില്ല. പൊതു മേഖലയിലോ, സഹകരണ മേഖലയിലോ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്

7 സാങ്കേതികവും, വിദഗ്ധവുമായ പരിശീലനം സംരംഭകർക്കും തൊഴിലാളികൾക്കും നൽകുന്നതിനു ഉതകുന്ന പരിശീലന കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിലില്ല.

8 നിലവിലുള്ള വ്യവസായ യൂണിറ്റുകളിൽ പ്രശ്ന പരിഹാരങ്ങൾക്കു വേണ്ടി പഞ്ചായത്തിനു് ഇടപെടാൻ കഴിയുന്നില്ല.

9 ചെറുകിട വ്യവസായ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭകർക്കു് മറ്റൊരു സംരംഭംകൂടി ഏറ്റെടുക്കാനുള്ള ആത്മധൈര്യക്കുറവു് വ്യാപകമായി കണ്ടുവരുന്നു.

നിർദ്ദേശങ്ങൾ.

1 പഞ്ചായത്തിൽ കറിപൗഡർ നിർമ്മിക്കുന്ന ഒരു വ്യവസായം ആരംഭിക്കണം.

2 ആലത്തൂർ പഞ്ചായത്തു് സോപ്പിനു് നല്ല വിപണന സാധ്യതയുള്ള ഒരു കേന്ദ്രമാണു്. മറ്റു സ്ഥലങ്ങളിൽനിന്നും കൊണ്ടുവന്നസോപ്പുകൾ ഇവിടെ വിറ്റഴിക്കുകയാണു്. പഞ്ചായത്തിൽ സോപ്പു് നിർമ്മാണശാല സ്ഥാപിക്കണം.

3 ചെരുപ്പു നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, പ്ലാസ്റ്റിക്കു് കാരിബാഗു് നിർമ്മാണം, പാലുല്പന്നങ്ങളുടെ നിർമ്മാണം എന്നിവ സഹകരണാടിസ്ഥാനത്തിൽ തുടങ്ങേണ്ടതാണു്.

4 മരംകൊണ്ടുള്ള ഫർണീച്ചർ നിർമ്മാണശാല ഉണ്ടാക്കുക.

5 വൈദഗ്ദ്ധ്യ പോഷണവും, സാങ്കേതിക പരിജ്ഞാനവും നല്കാൻ കഴിയുന്ന പരിശീലനം, ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കു് സഹകരണാടിസ്ഥാനത്തിൽ നടത്തണം.

6 തൊഴിൽ സംരംഭത്തിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്ന വ്യക്തികൾ മുന്നോട്ടു വരുമ്പോൾ നിയമത്തിന്റെ പലനൂലാമാലകളിലും കുടുങ്ങി സംരംഭം ആരംഭിക്കാൻ കഴിയാതെ വരുന്നു. പ്രസ്തുത സംരംഭം ആരംഭിക്കുന്നതിനു് ഗ്രീൻ ചാനലിനെ സമീപിക്കാനും ഉപയോഗപ്പെടുത്താനും കഴിയണം.

7 പഞ്ചായത്തിലെ ചെറുകിട വ്യവസായ ശാലകളിലെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയും വിധം നടപടികൾ സ്വീകരിക്കുക.

8 പഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുകയും വ്യവസായ സംരംഭകനു് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അതുവഴി ഒരുക്കികൊടുക്കുകയും ചെയ്യണം.

9 പഞ്ചായത്തിൽ ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള വ്യവസായ സംരംഭങ്ങൾക്കു് മുൻഗണന നൽകുക.

10 പൊതുമേഖല സഹകരണ മേഖലകളിൽ വ്യവസായങ്ങൾ ആരംഭിക്കുകയും തൊഴിലാളികൾക്കു് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ലഭ്യമാക്കുകയും വേണം.

11 ഹോട്ടലുകളിലെയും, ചന്തകളിലേയും, പച്ചക്കറിക്കടകളിലേയും, അവശിഷ്ടങ്ങൾ സംഭരിച്ച കമ്പോസ്റ്റ് വളം ഉല്പാദിപ്പിക്കുക,

12 പഞ്ചായത്തിൽ ലഭിക്കുന്ന കളിമണ്ണു് നൂതന സാങ്കേതിക വിദ്യകളുപയോഗിച്ചു് സ്ഥിരമായി ഇഷ്ടിക നിർമ്മിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

13 കാലിത്തീറ്റ വ്യവസായാടിസ്ഥാനത്തിൽ നിർമ്മിക്കാൻ ആവശ്യമായ അസംസ്കൃത വസ്തുക്കൾ, പുളിങ്കുരു, കപ്പ, തവിടു് എന്നിവ ധാരാളം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണു്, ഈ സൗകര്യം ഉപയോഗിച്ചു് കാലിത്തീറ്റ

നിർമ്മാണ വ്യവസായം ആരംഭിക്കേണ്ടതാണ്,

14 പ്രകൃതിവിഭവമായപാറ ഉപയോഗിച്ച് ക്രഷർമെറ്റൽ ഉണ്ടാക്കുന്ന വ്യവസായം ആരംഭിക്കുക. ക്രഷറുകളിൽ ലഭ്യമാകാവുന്ന ബേബിമെറ്റൽ, പാറപ്പൊടി, പഞ്ചായത്തിൽ സുലഭമായിട്ടുള്ള മണൽ എന്നിവ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ച് കെട്ടിട നിർമ്മാണ സാമഗ്രഹികം നിർമ്മിക്കുന്ന വ്യവസായം ആരംഭിക്കാവുന്നതാണ്.

15 ചന്ദനത്തിരി നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

16 ഇരുമ്പാണി നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

17 പഞ്ചായത്തിൽ വ്യാപകമായി ലഭിക്കുന്ന വേപ്പിൻകുരു, അസംസ്കൃത വസ്തുവായി ഉപയോഗിച്ച് ജൈവകീടനാശിനി നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

ഊർജ്ജം

അവലോകനം

1954 ന് മുൻപ് തന്നെ ആലത്തൂർ പഞ്ചായത്തിൽ വിദ്യുച്ഛക്തി വിതരണം ഉണ്ടായിരുന്നതായി ചരിത്രരേഖകളിൽ കാണുന്നു. 1954 ന് മുൻപ് ആലത്തൂർ, കൊല്ലങ്കോട് പ്രദേശങ്ങളിൽ 7,99,350രൂപ ചിലവിൽ മൂന്ന് വിദ്യുച്ഛക്തി വികസന പദ്ധതികൾ പൂർത്തിയാക്കിയതായി 1993ൽ പഞ്ചായത്ത് പ്രസിദ്ധീകരിച്ച സ്മരണികയിൽ പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഉദ്ദേശം 80% പ്രദേശത്തും ഇപ്പോൾ വൈദ്യുതി എത്തിയിട്ടുണ്ട്. പഞ്ചായത്തിലെ വൈദ്യുതി വിതരണം ആലത്തൂർ ഇലക്ട്രിക്കൽ മേജർ സെക്ഷൻ, പാടൂർ ഇലക്ട്രിക്കൽ സെക്ഷൻ എന്നീ സ്ഥാപനങ്ങൾ വഴിയാണ് നിയന്ത്രിക്കുന്നത്. ഒരു വിഭാഗം ജനങ്ങൾക്ക് വൈദ്യുതി ചാർജ്ജ് അടക്കുന്നതിനും മറ്റുമായി പത്ത് കിലോ മീറ്ററോളം സഞ്ചരിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ 4214 ഉപഭോക്താക്കൾ ഉണ്ടെന്നാണ് അധികൃതരിൽ നിന്ന് കിട്ടിയ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ 3,320 എണ്ണം ഗാർഹിക കണക്ഷനുകളും 686എണ്ണം വ്യാപാര കണക്ഷനുകളും73 എണ്ണം വ്യാവസായിക കണക്ഷനുകളും 135 എണ്ണം കാർഷിക കണക്ഷനുകളുമാണ്. പഞ്ചായത്തിനകത്ത് 18 ട്രാൻസ്ഫോർമറുകൾ നിലവിൽ ഉണ്ട്. ഇവയൊന്നും അധികഭാരം വഹിക്കുന്നവയല്ല. എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്നിരുന്നാലും വോൾട്ടേജ് ക്ഷാമം ചർച്ചാ വിഷയമായിരുന്നു. പഞ്ചായത്തിൽ 30 സോഡിയം വേപ്പർ ലാമ്പുകളും 108 ഫ്ളൂറസന്റ് ട്യൂബുകളും 643 ബൾബുകളും അടക്കം 781 തെരുവു വിളക്കുകൾ ഉണ്ടെങ്കിലും ഇവയുടെ പ്രവർത്തന ക്ഷമത ഗ്രാമസഭകളിൽ വ്യാപകമായി വിമർശന വിധേയമായിട്ടുണ്ട്. ആഴ്ചകളോളം തെരുവു വിളക്കുകൾ കത്തുന്നില്ല. എന്ന പരാതി നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിലുള്ള ട്രാൻസ്ഫോർമറുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ് ഫോർമറുകളുടെ പേരുകൾ

1 പെരുങ്കുളം	7 മെയിൻറോഡ്	13 രമാ റൈസ്മിൽ
2 സൂര്യപ്പൻകുളം	8 ബേങ്ക്റോഡ്	14 ടെലഫോൺ എക്സ്ചേഞ്ച്
3 സബ് ഡിവിഷൻ	9 പുതിയങ്കം	15 ഹോസ്പിറ്റൽ
4 വെയർ ഹൗസ്	10 തുപ്പാളൂർ	16 P. H. E. D.
5 കാട്ടശ്ശേരി	11 വെങ്ങനൂർ	17 പെരിങ്ങോട്ടുകുന്ന്
6 കോർട്ട് റോഡ്	12 വാനൂർ	18 എരട്ടക്കുളം

പാചക ആവശ്യത്തിനായി ഭൂരിഭാഗം ജനങ്ങളും വിറകാണ് ഉപയോഗിക്കുന്നത്. ഏകദേശം 1000 വീടുകളിൽ മണ്ണെണ്ണയും പാചക ആവശ്യത്തിന് ഉപയോഗിക്കുന്നു. പാചകവാതകം ഇന്ധനമായി ഉപയോഗിക്കുന്നവർ ഇതിലും കുറവാണ്. നാട്ടിൻ പുറങ്ങളിൽ വേനൽക്കാലങ്ങളിൽ പ്രാദേശികമായി സംഭരിക്കുന്ന ചപ്പുചവറുകളും, ഉണങ്ങിയ കുറ്റിച്ചെടികളും തുടങ്ങിയ വസ്തുക്കളും പാചകത്തിനുള്ള ഇന്ധനമായി ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്. വീടുകളുടെ മുറ്റത്ത് തുറന്ന സ്ഥലങ്ങളിൽ പ്രാകൃതരീതിയിൽ അടുപ്പുകൾ നിർമ്മിച്ചാണ് ഇത്തരം ഇന്ധനം ഉപയോഗിച്ച് പാചകം ചെയ്യുന്നത്. സാമ്പത്തിക ലാഭവും, വിറകിന്റെ ക്ഷാമവുമാണ് മേൽപ്പറഞ്ഞ സ്ഥിതി വിശേഷത്തിന് കാരണമായിട്ടുള്ളത്. വിരലിൽ എണ്ണാവുന്ന ചില വീടുകളിൽ ഗോബർ ഗ്യാസ് പാചകവാതകമായി ഉപഗോഗിക്കുന്നുണ്ട്. ഏതാനും ചില ചെറുകിട വ്യവസായികളും വിറകുകരി ഇന്ധനമായി ഉപയോഗിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1 വ്യാപകമായി വോൾട്ടേജ് കുറവ് ഉണ്ടെന്ന പരാതി നിലനിൽക്കുന്നു.

2 സാമ്പത്തികമായി കഴിവുള്ള ഉപഭോക്താക്കൾ അശാസ്ത്രീയമായ സ്റ്റെപ്പ് അപ്പുകൾ ഉപയോഗിക്കുന്നു.

3 വിറകിന്റെ ദുർലഭ്യവും വിലവർദ്ധനവും

4 ഇലക്ട്രിസിറ്റി വകുപ്പിന്റെ കാര്യക്ഷമതക്കുറവ്

നിർദ്ദേശങ്ങൾ

1 വിറകിന്റെ ദുർലഭ്യവും വിലക്കൂടുതലും പരിഗണിച്ച് ദക്ഷതക്കൂടുതലുള്ള അടുപ്പുകൾ വ്യാപകമായി പ്രോത്സാഹിപ്പിക്കുക

2 വയ്ക്കോൽപ്പെട്ടി, പ്രഷർകുക്കർ തുടങ്ങിയ ദക്ഷത കൂടിയ ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കുക

3 കുറഞ്ഞ കാലം കൊണ്ട് കൂടുതൽ വിറക് ലഭിക്കുന്ന വൃക്ഷത്തൈകൾ സാമൂഹിക വനവത്ക്കരണപരിപാടിയിലൂടെ വച്ചുപിടിപ്പിക്കുക

4 ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം കുറ്റമറ്റതും കാര്യക്ഷമവുമാക്കുക

5 വൈദ്യുതി ലൈൻമാൻ, മീറർറീഡർ എന്നിവരുടെ സേവനം പഞ്ചായത്തിന കീഴിൽ കൊണ്ടുവരിക

6 വൈദ്യുതി ചോർച്ച തടയുന്നതിനു നിലവിലുള്ള ചെമ്പുകമ്പികളും മാറ്റി അലൂമിനിയം കമ്പി ഉപയോഗിക്കുക

7 വൈദ്യുതി പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിനു വാർഡ് അടിസ്ഥാനത്തിൽ ജനകീയ കമ്മിറ്റികളും രൂപീകരിച്ചു പ്രവർത്തന പരിപാടി തയ്യാറാക്കുക

8 വൈദ്യുതലൈൻ എത്താൻ പ്രയാസമുള്ള പ്രദേശങ്ങളിൽ സൗരോർജ്ജവിളക്കുകളും സ്ഥാപിക്കുക.

9 വീഴമലയുടെ പാർശ്വഭാഗത്തു സ്ഥിതി ചെയ്യുന്ന സ്വകാര്യ വ്യക്തിയുടെ ഡാം ഏറ്റെടുത്തു വിപുലീകരിച്ചു ചെറുകിട ജല വൈദ്യുത പദ്ധതി നടപ്പിലാക്കുക.

10 ആലത്തൂർപഞ്ചായത്തിൽ പുതിയസബ് സ്റ്റേഷൻ സ്ഥാപിക്കുക

11 താഴെ പറയുന്ന സ്ഥലങ്ങളിൽ തെരുവു വിളക്കുകളും സ്ഥാപിക്കുക

വാർഡ് നമ്പർ	സ്ഥലം
I	മരുതൻകാട് റോഡ്, നാലുസെൻറ് കോളനിറോഡ്, നെട്ടാത്തു കുളമ്പ് റോഡ്, തെക്കുംപുറം രക്കൻകുളം രക്കത്തു ഹരിജൻ കോളനി.
II	കീഴ്പാടം, പടിഞ്ഞാറെത്തറ, കുറുവട്ട, നെല്ലിയാംകുന്നം, ഇരട്ടക്കുളം ജംഗ്ഷൻ.
III	പുലിക്കോട്, എലിക്കാട്ടുകുളമ്പ് പള്ളിറോഡിൽനിന്നു ചേക്കുകാക്കടവ്വരെ, മാളികപ്പുറമ്പിൽ നിന്നും ഗായത്രിപ്പുഴവരെ. ടി.ബിക്ക് പിൻ വശം, പെരിങ്ങോട്ടുകുന്ന് ആറുമുഖന്റെ വീട്വരെ. പുഷ്പഗൻഡസ് ട്രീസ് മുതൽ കണ്ടന്റെ വീട്വരെ.
IV	വാർഡിലെ മുഴുവൻ റോഡുകളും പോക്കറ്റ്റോഡുകളും.
V	കണൻപറമ്പ് റോഡ് ചാമാണ്ടി റോഡ്
VI	ചാമിക്കട മുതൽ ചക്കിങ്കൽറോഡ്, പ്ലാക്കപ്പറമ്പ് റോഡുമുതൽ പുത്തൂശ്ശേരി കളംവരെ ശ്മശാനംറോഡ് പാളയംറോഡ്, മണലിക്കാട്, വാവേലി, കമ്മാന്തറ.
VII	നെടുകണ്ണി, പൂങ്ങോട് മുതൽ വെങ്ങന്നൂർ പാലംവരെ. മൂച്ചിക്കാട്റോഡ് കല്ലിങ്കൽപ്പറമ്പ്, പരുവക്കൽ, കണ്ടൻതൊടി.
VIII	തെലുങ്കത്തറ, പിണ്ടിയാട്, അരങ്ങാട്ടപറമ്പ് അമ്പലത്തിനു പിൻവശം, തോണിയപ്പറമ്പ്
IX	പൊക്കൻകാട്, എഴത്തൻകാട്, ചിറക്കാട്, തെക്കേക്കാട്, കുണ്ടുകാട്, മന്നിയൻകോട്, ലക്ഷംവീട്, പേഴംപറമ്പ്, കുന്നംപറമ്പ്. പള്ളി
X	നെടുകണ്ണി—കാവത്തുകളം റോഡ്, പൊരുവത്തക്കാട്ടിൽ കിഴക്കോട്ട് പോകുന്ന റോഡ്, പൊരുവത്തക്കാട്ടിൽ പടിഞ്ഞാറോട്ടുപോകുന്ന ഇടവഴി, അരങ്ങാട്ടപറമ്പ്, ശ്മശാനം.
12.	താഴെ പറയുന്ന സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകളും സ്ഥാപിക്കുക.

വാർഡ് നമ്പർ	സ്ഥലത്തിന്റെ പേരു
III	ആലത്തൂർ ടൗണിൽ എല്ലാ പോസ്റ്റുകളിലും.

ആലത്തൂർ ഗ്രാമപഞ്ചായത്ത്

VIII ശ്രീകൃഷ്ണക്ഷേത്രത്തിനു സമീപം, പെരുങ്കുളം ജംഗ്ഷൻ, ഗ്രാമ പ്രവേശന പാത, അരങ്ങാട്ടുപറമ്പ്, വാണിയർ വീഥി

X തുപ്പാളൂർ NH സ്റ്റോപ്പ്, പുതിയങ്കം വേലക്കണ്ടം ജംഗ്ഷൻ.

13 തുപ്പാളൂർ ജംഗ്ഷനിൽ സോഡിയം വേപ്പർലാമ്പ് പുനസ്ഥാപിക്കുക.

14 വാർഡുകളിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക,

15 കാട്ടശ്ശേരിയിൽനിന്നും വാണിയർക്ക് വൈദ്യുതി ലൈൻ നിർമ്മിക്കുക.

16 കാട്ടശ്ശേരി പ്രാക്കപ്പറമ്പ് ത്രീ ഫേസ് ലൈനാക്കുക.

17 പൊട്ടിമടയിൽ ട്രാൻസ് ഫോർമർ സ്ഥാപിക്കുക.

18 തുപ്പാളൂരിലെ ട്രാൻസ്ഫോമർ മാറ്റി പുതിയത് സ്ഥാപിക്കുക, ശേഷി വർദ്ധിപ്പിക്കുക.

19 പെരുങ്കുളം ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുക.

20 തെരുവുവിളക്കുകൾ മുഴുവനും ഫ്ളൂറസന്റ് ട്യൂബാക്കുക.

21 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവുവിളക്കിനായി ലൈൻ വലിക്കാൻ 200 പോസ്റ്റുകൾ സ്ഥാപിക്കുക.

22 ഇപ്പോൾ പാടൂർ സെക്ഷന്റെ കീഴിലുള്ള ഗുണഭോക്താക്കൾക്ക് 10 കിലോ മീറ്ററോളം യാത്ര ചെയ്ത് കറണ്ട് ചാർജ്ജ് അടയ്ക്കാനുള്ള പ്രയാസം പരിഹരിക്കുക.


23 അടുത്ത 5 വർഷത്തിനുള്ളിൽ നിർധനരായ എല്ലാവർക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുക.

ആലത്തൂർ ഗ്രാമപഞ്ചായത്ത്

5

4

ฉบับร่าง



വിദ്യാഭ്യാസം.

ബ്രിട്ടിഷ് മലബാറിന്റെ ഭാഗമായിരുന്ന പാലക്കാട് താലൂക്ക് പണ്ടു മുതലേ വിദ്യാഭ്യാസ രംഗത്തു വളരെ പിന്നിലായിരുന്നു. തമ്പിഴ് ബ്രാഹ്മണ സമൂഹവും ജന്മിനാടുവാഴി കുടുംബങ്ങളും മാത്രമേ അല്പമെങ്കിലും വിദ്യാഭ്യാസ കാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്നുള്ളു. സാധാരണക്കാർ വിദ്യാഭ്യാസത്തെപ്പറ്റി ചിന്തിച്ചിട്ടപോലുമുണ്ടായിരുന്നില്ല. മേൽജാതിക്കാരുടേയും ജന്മിമാരുടേയും കീഴിൽ അടിമകണക്കെ സമ്പാദിച്ചു പണം'യെടുത്തു മാത്രം ജീവിച്ചുവന്ന പാലക്കാടൻ പണിയാളരിൽ ഭൂരിപക്ഷവും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പാപ്പരായിരുന്നുവെന്നുപറയാം. ഇന്നത്തെ പാലക്കാട്ടുജില്ലയുടെ തെക്കുപടിഞ്ഞാറു ഭാഗത്ത് തെന്മലയുടെ താഴ്വരയിലാണ് ആലത്തൂർ താലൂക്ക്. താലൂക്ക് കേന്ദ്രമാണ് ആലത്തൂർ പഞ്ചായത്തു പ്രദേശം. തൃശ്ശൂർ–പാലക്കാട് റൈവേ ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്നു. ബഹുഭൂരിപക്ഷം ജനങ്ങളും പെറുകിട കർഷകരാണ്. കർഷകത്തൊഴിലാളികളും, ബീഡിത്തൊഴിലാളികളും ധാരാളമുള്ള പഞ്ചായത്തിൽ ഇന്നും വിദ്യാഭ്യാസ നിലവാരം കാര്യമായി ഉയർന്നിട്ടില്ല.

മറ്റു പല കാര്യങ്ങളിലുമെന്നപോലെ വിദ്യാഭ്യാസത്തിന്റേയും കലാസാംസ്കാരിക രംഗങ്ങളുടേയും കാര്യത്തിൽ പാരമ്പര്യമൊന്നും അവകാശപ്പെടാനില്ലെങ്കിലും മതമൈത്രിയുടേയും സാമുദായിക ഐക്യത്തിന്റേയും പൈതൃകം ഇവിടത്തെ ജനങ്ങളുടെ കൂടെയുണ്ട്. വേല പൂരങ്ങളുടേയും നേർച്ചകാഴ്ചകളുടേയും നാടൻകലാ പ്രകടനങ്ങളുടേയും രംഗങ്ങളിൽ ഈ സാമുദായിക സൗഹാർദ്ദം പ്രകടമാണ്.

ആലത്തൂർ പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നതുതന്നെ എൻ. ഈ ഹൈസ്കൂളിന്റെ അരംഭത്തോടുകൂടിയാണ് മലബാർജില്ലാ ബോർഡു സ്കൂളുകളും സമീപപ്രദേശങ്ങളിൽ ഉണ്ടായിരുന്നെങ്കിലും ആലത്തൂരിലോ പരിസരപ്രദേശങ്ങളിലോ 1906 വരെ ഒരു ഹൈസ്കൂളും ഉണ്ടായിരുന്നില്ല. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു പാലക്കാട്ടേയ്ക്കോ, കൊല്ലങ്കോട്ടേയ്ക്കോ പോകേണ്ടിയിരുന്നു. യാത്രാസൗകര്യം പരിമിതമായിരുന്ന അക്കാലത്തു് അതിനു് ഇവിടെനിന്നു് ആരും പോകാൻ തയ്യാറാകില്ലായിരുന്നു. അങ്ങനെയിരിക്കെ വണ്ടാഴി നെല്ലിക്കലിടം രാജകുടുംബത്തിന്റെ വകയായിട്ടാണ് ആലത്തൂരിൽ ഒരു ഹൈസ്കൂൾ സ്ഥാപിതമായതു്.

പട്ടിക I

ആലത്തൂർ ഗ്രാമപഞ്ചായത്ത് സ്കൂളുകളുടെ പൊതുവിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേരു്	ഹൈസ്കൂൾ/ UP/LP/ Pre-Primary	ഉടമസ്ഥത				വിദ്യാർത്ഥികളുടെ എണ്ണം		
			സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	അംഗീകാരം ഇല്ലാത്തത്തു്	ആൺ	പെൺ	ആകെ
1	GGHS Alathur	HS	✓					1853	1853
2	ASMMHSS Alathur	HSS		✓			1878	51	1929
3	,, +2 Alathur	Do		✓			47	80	127
4	,, TTI Alathur	TTI		✓					
5	BSSGHS Alathur UP സ്കൂൾ	HS			✓		641	306	947
6	GUPS Puthiyankam	UP	✓				244	247	491
7	AUPS Perinkulam LP സ്കൂൾ	UP		✓			201	202	403
8	GMLPS Alathur	LP	✓				149	150	299
9	GLPS Vengannur	LP	✓				158	188	346
10	GLPS Kattusseri	LP	✓				55	56	111
11	ALPS Vanur	LP		✓			151	155	306
12	KKMLPS Kattusseri	LP		✓			157	160	317
13	ALPS Perimkulam	LP		✓			115	103	218
14	ALPS Puthiyankam	LP		✓			107	107	114
15	Holy Family LPS Alatur	LP			✓		281	234	515
16	St. Pauls Central School Alathur	UP				✓	172	117	289
17	MESLPS Alathur	LP				✓	36	19	55

അധ്യാപകരുടെ എണ്ണം				സ്കൂൾ കോമ്പൗണ്ടിന്റെ ആകെ വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഉപയോഗശൂന്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം	ചുറ്റുമതിൽ അറ്റകുറ്റപണികളും ഫർണിച്ചർ റിപ്പയർ തുടങ്ങിയവയെ സംബന്ധിച്ച്
ആകെ	നിലവിലുള്ളവർ	ഒഴിവുകൾ	മിച്ചകാലത്തേക്ക്				
70	69	1	——	151 സെന്റ്	75 സെന്റ്	——	ഫർണിച്ചർ റിപ്പയർ നടത്തി
54	——	——	——	390 സെന്റ്	190 സെന്റ്	——	അറ്റകുറ്റപ്പണി, റിപ്പയർ നടത്തി
8	8	——	——	—do—	—do—	——	,,
5	5	——	——	—do—	—do—	——	,,
——	73	——	——	600 സെന്റ്	100 സെന്റ്	——	,,
19	19	——	——	109 സെന്റ്	20 സെന്റ്	——	,,
18	18	——	——				
10	10	——	——	61 സെന്റ്	20 സെന്റ്	——	വാടകക്കെട്ടിടം
10	10	——	——	79 സെന്റ്			
4	4	——	——	38 സെന്റ്	20 സെന്റ്		
9	9	——	——	200 സെന്റ്	50 സെന്റ്		
9	9	——	——	39 സെന്റ്	10 സെന്റ്		
8	8	——	——				
8	8	——	——	35 സെന്റ്	10 സെന്റ്		
——	14						വാടകക്കെട്ടിടം
——	5						വാടകക്കെട്ടിടം

സമീപത്തെങ്ങും ഇത്തരം വിദ്യാലയങ്ങളില്ലാതിരുന്നതുകൊണ്ടും വിദ്യാഭ്യാസത്തിൽ മേൽജാതിക്കാർക്കും സമ്പന്നർക്കും മാത്രമാണ് താത്പര്യമുണ്ടായിരുന്നതു കൊണ്ടും N. E. ഹൈസ്കൂളിലെ അന്നത്തെ ഭൂരിപക്ഷം വിദ്യാർത്ഥികളും ബ്രാഹ്മണരും മറ്റു മേൽജാതിക്കാരുമായിരുന്നു. താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വളരെ യാത്രാക്ലേശം സഹിച്ചാണ് വിദ്യാർത്ഥികളും ഇവിടെവന്നു പഠിച്ചിരുന്നതു്. ആദ്യവർഷം 89 വിദ്യാർത്ഥികളാണ് സ്കൂളിൽ ഉണ്ടായിരുന്നത്. മുസ്ലീങ്ങളും തിങ്ങിപ്പാർക്കുന്ന പ്രദേശത്താണ് സ്കൂളും എങ്കിലും ആദ്യകാലങ്ങളിൽ ആ സമുദായക്കാർ പഠിക്കാൻ താല്പര്യം കാണിച്ചിരുന്നില്ല. എന്നാൽ പ്രസിദ്ധരായ പല വ്യക്തികളും N. E. ഹൈസ്കൂളിൽ പഠിച്ചു പോയവരാണ്. സ്വാതന്ത്ര്യ സമര സേനാനിയും മാതൃഭൂമി പത്രത്തിന്റെ സ്ഥാപക പത്രാധിപരും ആയ ശ്രീ. കെ. പി. കേശവമേനോൻ ഈ സ്കൂളിലെ വിദ്യാർത്ഥിയായിരുന്നു. സ്വാതന്ത്ര്യ സമരസേനാനിയും സാമൂഹ്യപരിഷ്ക്കർത്താവും പ്രസിദ്ധനായ കമ്മ്യൂണിസ്റ്റ്നേതാവും MLAയും ആയിരുന്ന പരേതനായ ആലത്തൂർ R. കൃഷ്ണൻ, V. S വിജയരാഘവൻ (മുൻ എം. പി.) തുടങ്ങിയവരും ഈ വിദ്യാലയത്തിന്റെ സന്തതികളാണ്.

സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ ഗാന്ധിജി ആലത്തൂരിലെത്തുകയും N. E. ഹൈസ്കൂൾ അങ്കണത്തിൽ നാട്ടുകാരുടെ സ്വീകരണം ഏറ്റു വാങ്ങുകയും ചെയ്ത ചരിത്രമുണ്ട്. അന്നത്തെപ്പോലെ ഇന്നും മാറിയ പരിതസ്ഥിതിയിലും, ഉദാരമനസ്ഥിതിക്കാരായ മാനേജ്മെൻറ് ആണ് ഈ വിദ്യാലയം നടത്തുന്നതു്. എല്ലാ പൊതുപരിപാടികൾക്കും ഈ സ്കൂൾ വേദിയൊരുക്കാറുണ്ട്.

ഇന്നു് ഇതു് ഹൈയർ സെക്കൻറി സ്കൂൾ ആയി ഉയർന്നിട്ടുണ്ട്. അതോടൊപ്പം ഒരു T. T. I. യും ഉണ്ട്.

ഇന്നു് ആലത്തൂർ പഞ്ചായത്തിൽ ആകെ പത്തു് L. P. സ്കൂളുകളും രണ്ടു് U. P. സ്കൂളുകളും ഒരു ഹൈയർ സെക്കൻറിസ്കൂളും ഉൾപ്പെടെ മൂന്നു് ഹൈസ്കൂളുകളും ഒരു പഞ്ചായത്തു് നഴ്സറി സ്കൂളും (ശിശു മന്ദിര) ഒരധ്യാപക പരിശീലന കേന്ദ്രവും ഉണ്ട്. 1991–ൽ ആണ് A. S. S. M. ഹൈസ്കൂൾ ഹൈയർ സെക്കണ്ടറിസ്കൂളായി ഉയർത്തിയതു്. ഈ പഞ്ചായത്തിൽ ഉള്ള സ്കൂളുകളിൽ അഞ്ചെണ്ണം ഗവൺമെൻറ് മേഖലയിലും ആറെണ്ണം എയ്ഡഡ് മേഖലയിലും ഉള്ളതാണ്. (രണ്ടെണ്ണം അൺ എയ്ഡഡ് റെക്കഗ്നൈസ്ഡ് സ്കൂളാണ്). അതിലൊന്നു് L. P. യും മറ്റൊന്നു് ഹൈസ്കൂളും) അംഗീകാരമില്ലാത്ത സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള അനൗപചാരിക വിദ്യാലയങ്ങളിൽ എട്ടു പാരലൽ കോളേജുകളും പതിമൂന്നു സ്വകാര്യ സാങ്കേതിക വിദ്യാലയങ്ങളുമുണ്ട് രണ്ടു് ഡ്രൈവിംഗ് സ്കൂളുകളും മൂന്നു കമ്പ്യൂട്ടർ സെൻററും ഒരു അംഗീകൃത I. T. C യും (Zigma Computer Centre) രണ്ടു് വനിതാ ടൈലറിംഗ് സ്കൂളുകളും അഞ്ചു് ടൈപ്പ് റൈറ്റിംഗ് സെൻററുകളും ഉണ്ട്. കൂടാതെ പഞ്ചായത്തിലാകെ പന്ത്രണ്ടു് അംഗൻവാടികളും പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള വിദ്യാലയങ്ങളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങളും വളരെ കുറവാണ്. പല LP സ്കൂളുകളിലും കുട്ടികൾക്കുകളിക്കാൻ ആവശ്യമായ ഉപകരണങ്ങളില്ല ആലത്തൂരിലെ ഗവൺമെൻറ് മാപ്പിള സ്കൂളിനും സ്വന്തമായൊരു കെട്ടിടമില്ല. താലൂക്കിലെ ഏക ഗവണ്മെൻറ് ഗേൾസ് ഹൈസ്കൂളിൽ ആവശ്യത്തിനും കെട്ടിടവും കളിസ്ഥലവുമില്ല. ദേശീയ തലത്തിലേക്ക് പല കായിക താരങ്ങളേയും സംഭാവന ചെയ്ത ഈ സ്കൂളിൽ കളിസ്ഥലമില്ലാത്തത് ഒരു പ്രധാന പോരായ്മയാണ്. വാനൂർ LP സ്കൂളിൽ കുട്ടികൾക്ക് ഇരിക്കാനാവശ്യമായ ഫർണീച്ചർ കുറവാണ്. പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു പഞ്ചായത്തു് നഴ്സറി സ്കൂൾ പുതിയകത്തു് ഉണ്ട്. വിദ്യാലയ പഞ്ചായത്തിലിപ്പോൾ നിലവിലുള്ള സ്കൂളുകളുടെയും അവയുടെ അക്കാഡമിക് സൗകര്യങ്ങളെയും സംബന്ധിക്കുന്നവിവരങ്ങൾ താഴെ രണ്ടു പട്ടികകളിലായി കൊടുത്തിരിക്കുന്നു.

ആലത്തൂരിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളും, ബീഡിത്തൊഴിലാളികളും തുടങ്ങിയ തൊഴിലാളി കുടുംബങ്ങളിൽനിന്നും വരുന്നവരാണ്. ഇവരിൽ 90%വും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. എന്നാൽ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, വിദേശമലയാളികളും, കൃഷിക്കാർ തുടങ്ങിയവരുടെ മക്കളിൽ നല്ലൊരു ശതമാനം അൺഎയ്ഡഡ് സ്കൂളുകളിലാണ് പഠിക്കുന്നത്. പട്ടികജാതിയിൽപെടുന്ന വിദ്യാർത്ഥികളിൽ 90% പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നു. ഇവ വിദ്യാലയങ്ങളിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായികാണുന്നത്. രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയാണ് ഇതിനു പ്രധാന കാരണം. കൃഷിപ്പണിയും കൊയ്ത്തും നടക്കുമ്പോൾ വിദ്യാർത്ഥികളുടെ ഹാജർ കുറയുന്ന പ്രവണതയുണ്ട്. സാമ്പത്തിക ലാഭത്തിനായി വീട്ടുജോലിക്കും ഹോട്ടൽ ജോലിക്കും മറ്റും കുട്ടികളെ അയയ്ക്കുന്ന രക്ഷിതാക്കളുമുണ്ട്.

പഞ്ചായത്തിലാകെയുള്ള 17 വിദ്യാലയങ്ങളിലായി മുന്നൂറിലധികം അദ്ധ്യാപകരുണ്ട്. അവരിൽത്തന്നെ 70%ത്തോളം സ്ത്രീകളാണ്. നല്ലൊരു വിഭാഗം അദ്ധ്യാപകർ മറ്റുജില്ലകളിൽനിന്നു വന്നുപോകുന്നവരാണ് പൊതു വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ മക്കളിൽ അധികവും പഠിക്കുന്നത് അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലും അനധികൃത സ്കൂളുകളിലുമാണ്. വേണ്ടത്ര പരിശീലനം കിട്ടാത്ത അദ്ധ്യാപകരാണ് അവിടെയുള്ളത്. അവർക്ക് തുച്ഛമായ വേതനമേ കിട്ടുന്നുള്ളൂ.

വിദ്യാലയങ്ങളിലെ പഠന നിലവാരത്തെക്കുറിച്ച് ശാസ്ത്രീയമായ വിലയിരുത്തലുകളൊന്നും ഉണ്ടാവുന്നില്ല. ഈ പഞ്ചായത്തിലെ S. S. L. C. വിജയ ശതമാനം സംസ്ഥാന ശരാശരിയെക്കാൾ അല്പം മുകളിലാണെന്നേയുള്ളൂ. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനു സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സ്കൂൾ കോംപ്ലക്സ് പോലുള്ള പദ്ധതികളും ഇവിടെ പ്രവർത്തിക്കുന്നില്ല. അദ്ധ്യാപക രക്ഷാകർത്തൃസമിതിയുടെ പ്രവർത്തനം നാമമാത്രമാണ്. ഒന്നോ രണ്ടോ 'ജനറൽ ബോഡി' കൂടുക മാത്രമാണ് പലപ്പോഴും ഉണ്ടാവുക. അതുപോലും കൂടാത്ത സ്കൂളുകളുണ്ട് ചില സ്കൂളുകളിൽ മാതൃസംഗമങ്ങൾ ചടങ്ങു മാത്രമായി അവശേഷിച്ചിരിക്കുന്നു. അതിന്റെ അനുബന്ധ പ്രവർത്തനങ്ങളൊന്നും നടക്കാറില്ല. പ്രൈമറി ക്ലാസുകളിലെ വിദ്യാർത്ഥികളിലെ 25%ത്തോളം അക്ഷരജ്ഞാനത്തിന്റെയും തോത് കുറഞ്ഞവരാണ്. ആലത്തൂരിൽ ചില പ്രൈമറി സ്കൂളുകളിലേക്ക് അനുവദിച്ച സംഗീത ഉപകരണങ്ങൾ പഠിപ്പിക്കാൻ അദ്ധ്യാപകരില്ലാത്തതിനാൽ ഉപയോഗശൂന്യമായിത്തീരുന്നു. ഇതിനു പരിഹാരം ഉണ്ടാകണം.

പഞ്ചായത്തിലെ അഞ്ച് യു. പി. ഹൈസ്കൂൾ വിദ്യാലയങ്ങളിലായി പന്ത്രണ്ട് കലാ കായിക അദ്ധ്യാപകർ ഉണ്ടെങ്കിലും കലാകായിക അഭിരുചി ഉള്ള വിദ്യാർത്ഥികളെ വളർത്തി എടുക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനം പല വിദ്യാലയങ്ങളിലും നടക്കാറില്ല. എന്നാൽ ആലത്തൂർ ഗേൾസ് ഹൈസ്കൂളിലെ ശ്രീ. സ്റ്റീഫൻ മാസ്റ്ററെപോലെ സേവന സന്നദ്ധരായ ചില അദ്ധ്യാപകരുടെ പ്രവർത്തനം പ്രശംസനീയമാണ്, കായിക രംഗത്ത് അന്തർദേശീയ തലത്തിൽ പ്രാഗൽഭ്യം തെളിയിച്ച മുജീതാബീഗം(Long Jump) ഉഷാനന്ദിനി (hand ball) എന്നീ വിദ്യാർത്ഥിനികളും മേൽപറഞ്ഞ അദ്ധ്യാപകന്റെ ശിക്ഷണത്തിൽ വളർന്നവരാണ്. ഇതിനും പുറമേ ആലത്തൂർ ഗേൾസ് ഹൈസ്കൂളിലെ ലതിക എന്ന വിദ്യാർത്ഥിനിക്ക് ജി. വി. രാജാ അവാർഡ് (നീന്തൽ) ലഭിച്ചിട്ടുണ്ട്. ഈ സ്കൂളിലെ 26 ഓളം വിദ്യാർത്ഥിനികൾ ദേശീയതലത്തിൽ മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ആലത്തൂർ A. S. M. M. H. S. ലെ ഒരു വിദ്യാർത്ഥിയും, B. S. S. G. H. S. ലെ 14 വിദ്യാർത്ഥികളും ദേശീയ തല മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും പ്രാഗൽഭ്യം തെളിയിച്ച ഒട്ടനവധി വിദ്യാർത്ഥികളും

പട്ടിക II

ആലത്തൂർ ഗ്രാമ പഞ്ചായത്ത്

ക്രമ നമ്പർ	സ്കൂളിന്റെ പേരു് High School	ലൈബ്രറി പ്രവർത്തിക്കുന്നു/ഇല്ല	ലാബ് സയൻസ് കോർണർ പ്രവർത്തിക്കുന്നു/ഇല്ല	പഠനോപകരണങ്ങൾ സൂക്ഷിക്കാൻ പ്രത്യേക മുറി ഉണ്ടു്/ഇല്ല	ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ					
					റേഡിയോ	ടേപ്പ് റെക്കോർഡർ	ടി. വി.	വീഡിയോ പ്ലെയർ	പ്രൊജക്ടർ	വീഡിയോ
1	GGHS Alathur	ഉണ്ടു് പ്രവർത്തിക്കുന്നു	ഉണ്ടു് പ്രവർത്തിക്കുന്നു	ഉണ്ടു്	7	7			7	
2	ASMMHSS Alathur	ഉണ്ടു്	ഉണ്ടു്	ഉണ്ടു്	7				7	
3	+2 Alathur	ഉണ്ടു്	ഉണ്ടു്	ഉണ്ടു്						
4	TTI Alathur	ഉണ്ടു്	ഉണ്ടു്	ഉണ്ടു്						
5	BSSGHS Alathur U P	ഉണ്ടു്	ഉണ്ടു്	ഉണ്ടു്	7	7				
6	GUPS Puthiyankam	ഉണ്ടു്	ഉണ്ടു്	ഇല്ല	7					
7	AUPS Perimkulam L P	ഉണ്ടു്	ഉണ്ടു്	ഉണ്ടു്	7					
8	GMLPS Alathur	ഇല്ല	ഇല്ല	ഉണ്ടു്	7	7				
9	GLPS Venganur	ഇല്ല	ഇല്ല	ഉണ്ടു്	7	7				
10	GLPS Kattussery	ഇല്ല	ഇല്ല	ഉണ്ടു്	7	7				
11	ALPS Vanur	ഇല്ല	ഇല്ല	ഇല്ല	7	7				
12	KKMLPS Kattusseri	ഇല്ല	ഇല്ല	ഇല്ല	7					
13	ALPS Perimkulam	ഇല്ല	ഇല്ല	ഇല്ല	7	7				
14	ALPS Puthiyankam	ഇല്ല	ഇല്ല	ഇല്ല	7	7				
15	St. Pauls Centrl School Alathur	ഇല്ല	ഇല്ല	ഉണ്ടു്						
16	MESLPS Aathur	ഇല്ല	ഇല്ല	ഇല്ല						
17	Holy Family LPS Alathur	ഉണ്ടു്	ഇല്ല	ഉണ്ടു്		7				

അക്കാദമിക് സൗകര്യങ്ങൾ

ബ്ലാക്ക് ബോർഡ്							
സ്മാർട്ട് ക്ലാസ്സ് റൂം	കമ്പ്യൂട്ടർ	ലഭ്യമായ ആകെ എണ്ണം	ലഭ്യമായ ആകെ എണ്ണം	ലൈബ്രറി പുസ്തകങ്ങൾ 95-96ൽ ലഭിച്ച പുതിയ പുസ്തകങ്ങൾ	സ്വന്തം കെട്ടിടത്തിലുള്ള ലൈബ്രറി പുസ്തകങ്ങൾ	ലൈബ്രറി സൗകര്യമുള്ള ക്ലാസ്സുമുറികൾ	മാതൃസംഗമം സജീവം/അല്ല	ക്ലാസ്സ് പി.ടി.എ. പ്രവർത്തനക്ഷമം/ അല്ല
—	—	31	5	212	4	—	സജീവം	താല്ക്കാലിക കെട്ടിടം
—	—	44	—	195	4	—	അല്ല	—
—	—	2	—	195	4	—	അല്ല	—
—	—	2	—	—	—	—	—	—
—	3	29	—	198	2	—	സജീവം	—
—	—	15	6	196	—	2	സജീവം	—
—	—	12	—	195	—	—	സജീവം	—
—	—	5	3	188	—	—	സജീവം	വാടകക്കെട്ടിടം
—	—	11	—	195	—	—	സജീവം	—
—	—	4	—	197	—	—	അല്ല	—
—	—	4	1	195	—	1	അല്ല	—
—	—	8	—	196	—	—	അല്ല	—
—	—	12	—	194½	—	—	സജീവം	—
—	—	5	2	196	—	—	സജീവം	—
—	—	9	—	പുതിയത്	—	—	സജീവം	—
—	—	4	—	195	—	—	ഇല്ല	—
—	—	15	—	195	1	—	—	—

ഉണ്ട്. കലാ രംഗത്ത് എടുത്തു പറയത്തക്ക പ്രതിഭകളും ഒന്നും തന്നെ ഉണ്ടായിട്ടില്ല.

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഉച്ചഭക്ഷണ പരിപാടി നടന്നു വരുന്നുണ്ട്. ഉച്ചക്കഞ്ഞി വിതരണത്തിനായി സർക്കാർ നൽകുന്ന ഫണ്ട് കൃത്യമായി ലഭിക്കാത്തത് ഉച്ചക്കഞ്ഞി വിതരണത്തെ ബാധിക്കുന്നുണ്ട്.

ഒപാതു വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി കാലാ കാലങ്ങളിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന പഠനോപകരണങ്ങളും വിനിയോഗിക്കുന്ന രീതി അത്രയ്ക്കു മെച്ചമല്ല. ഈ ഉപകരണങ്ങളും ഗുണമേന്മ കുറഞ്ഞവയുമാണ്. സ്കൂളുകളിൽ ലബോറട്ടറി സൗകര്യങ്ങളും കുറവാണ്. ഉള്ള സൗകര്യങ്ങളും ഉപയോഗിക്കുന്നില്ല. UP, ഹൈസ്കൂളുകളിൽ ലൈബ്രറികളും ഉണ്ടെങ്കിലും വിദ്യാർത്ഥികൾക്ക് പുസ്തകം വിതരണം ചെയ്യുന്ന പതിവില്ല.

ബോധന രീതിയുടെ മേന്മക്കുറവ് പഠന നിലവാരത്തെയും ബാധിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ബോധന രീതികളും വിദ്യാർത്ഥികൾക്ക് വിരസതയുണ്ടാക്കുന്നു. പരീക്ഷയെ കേന്ദ്രീകരിച്ചു മാത്രമാണ് ബോധനം നടക്കുന്നതു്. നിലവിലുള്ള പരീക്ഷാ സമ്പ്രദായമാവട്ടെ വിദ്യാർത്ഥികളുടെ ഓർമ്മ മാത്രം അളക്കുന്നതുമാണ്. ഇതു കൊണ്ടുതന്നെ വിദ്യാർത്ഥികൾക്ക് ഗൈഡുകളെയും പരീക്ഷാസഹായികളെയും ആശ്രയിക്കേണ്ടി വരുന്നു. വിദ്യാഭ്യാസ മേലധികാരികളും നടത്തേണ്ട പരിശോധനകളും കാര്യക്ഷമമല്ല. ഇവ റിക്കാർഡുകളും പൂർത്തിയാക്കാൻ വേണ്ടി മാത്രമായി പോകുന്നു. ഈ പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ കഴിഞ്ഞ നാലഞ്ച് വർഷമായി ക്ലാസ്സ് പരിശോധന നടത്തിയിട്ടില്ല.

പഞ്ചായത്തിൽ 12 അംഗൺവാടികളും നാല് ഇംഗ്ലീഷ് മീഡിയം L.K.G. U.K.G. സ്കൂളുകളും ഒരു ശിശു മന്ദിരവും ഉൾപ്പെടെ ആകെ 17 ശിശു വിദ്യാലയങ്ങളാണുള്ളതു് ഇവയിൽ ഒന്നുംതന്നെ ശാസ്ത്രീയമായ രീതിയിലുള്ള പ്രീ പ്രൈമറി വിദ്യാഭ്യാസം നടക്കുന്നില്ല. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ തുടക്കത്തിൽ തന്നെ തടസ്സം നിൽക്കുന്ന രീതിയാണിത്.

കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുന്നതിനായി സംഘടിപ്പിക്കപ്പെടേണ്ട സാഹിത്യ സമാജങ്ങളും ഇന്നു് നടക്കാറില്ല. പല സ്കൂളുകളിലും സ്കൂൾ വാർഷികങ്ങളും നടത്താറില്ല. സയൻസ് ക്ലബ്ബുകളും ഗണിത ശാസ്ത്ര ക്ലബ്ബുകളും കരിയർ ക്ലബ്ബുകളും എന്നിവ കാര്യക്ഷമമല്ല. അദ്ധ്യായന യാത്രകളും ഇന്നു് വിനോദ യാത്രകളോ തീർത്ഥാടനമോ ആയി മാറിയിരിക്കുന്നു. പരിസര ശുചീകരണത്തിന്റെ കാര്യത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ വർക്കുകളും സംഘടിപ്പിക്കാറില്ല. മാസ് ഡ്രിൽപ്പുകളും സംഘടിപ്പിക്കുന്ന സ്കൂളുകളും കുറവാണ്.

പരിഹാര നിർദ്ദേശങ്ങൾ

1 എല്ലാ LP സ്കൂളുകളിലും പ്രീ-പ്രൈമറി വിദ്യാഭ്യാസം നടപ്പിലാക്കുക,

2 അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക. (30 : 1)

3 പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകളും നടത്തുക.

4 പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനു് പദ്ധതികൾ രൂപീകരിക്കുക.

5 സ്കൂൾ സാഹിത്യ സമാജങ്ങൾ, ശാസ്ത്രഗണിത ക്ലാസ്സുകൾ എന്നിവ സജീവമാക്കുന്നതിനു് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

6 സ്കൂൾ ലൈബ്രറികളും ലബോറട്ടറികളും ഉപയോഗിക്കുന്നുണ്ടെന്നുറപ്പു വരുത്തുക

7 സ്കൂൾ കോംപ്ലക്സ് പരിപാടി സജീവമായി നടപ്പിലാക്കുക.

8 ഫലപ്രദമായ മോണിറ്ററിംഗ്, ഇവാല്യൂവേഷൻ നടപ്പിലാക്കുന്നതിന് പഞ്ചായത്തു സമിതികളും രൂപീകരിക്കുക.

9 പരീക്ഷാരീതി ശാസ്ത്രീയമായി പരിഷ്കരിക്കുക.

10 'ഓസ്പ്രേഡിൽ' എല്ലാ സ്കൂളുകളിലും നിർബന്ധമാക്കുക.

11 PTA മാതൃസംഗമങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.

12 ടെക്സ്റ്റ് ബുക്കുകൾ കൃത്യമായി എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

13 പഞ്ചായത്തിൽ ഒരു പോളിടെക്നിക് സ്കൂൾ ആരംഭിക്കുക.

14 വാനൂരിൽ ഒരു ഗവണ്മെന്റ് U.P സ്കൂൾ ആരംഭിക്കുക.

15 വെങ്ങന്നൂർ ഗവണ്മെന്റ് L.P. സ്കൂൾ U.P.സ്കൂളായിഅപ്ഗ്രേഡ്ചെയ്യുക.

16 നിലവിലുള്ള എല്ലാ സ്കൂളുകളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

17 പഞ്ചായത്തിൽ ഒരു പൊതുകളിസ്ഥലം നിർമ്മിക്കുക.

18 A.L.P.S. വാനൂർ, K.K.M.L.P.S. കാട്ടശ്ശേരി, A.L.P.S. പെരിങ്കുളം, A.L.P.S. പുതിയങ്കം എന്നിവിടങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുക.

19 G.M.L.P.S. നു് സർക്കാർവക കെട്ടിടം നിർമ്മിക്കുക.

20 എല്ലാ L.P., U.P. സ്കൂളുകൾക്കും കക്കൂസ് സൗകര്യം ഉണ്ടാക്കുക.

21 ആലത്തൂർ ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂളിനു് പുതിയ കെട്ടിടവും കളിസ്ഥലവും നിർമ്മിക്കുകയും സ്കൂൾ ഹൈയർ സെക്കണ്ടറിയായി ഉയർത്തുകയും ചെയ്യുക.

22 ഉച്ചഭക്ഷണ പരിപാടി ഫലപ്രദമായി നടപ്പിലാക്കുക.

23 പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്കൂൾ അറകറപ്പണി നടത്തുക.

24 G.L.P.S. വെങ്ങന്നൂരിൽ സ്റ്റേജ് നിർമ്മിക്കുക.

25 ചെലവു കുറഞ്ഞതും ഗുണമേന്മയുള്ളതുമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനു് പഞ്ചായത്തുതല സംവിധാനം ഉണ്ടാക്കുക.

26 നിർധന വിദ്യാർത്ഥികൾക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തിക സഹായം ലഭ്യമാക്കുക.

27 ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ പഞ്ചായത്തിൽ ഒരു സ്പോർട്സ് സ്കൂൾ നിർബന്ധമായും ആരംഭിക്കുക.

28 സ്കൂൾ അസംബ്ലി, പാർലിമെന്റ്, പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ നിർബന്ധമാക്കുക.

ആലത്തൂർ ഗ്രാമപഞ്ചായത്ത്

29 അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നത് നിർത്തലാക്കേണ്ടതാണ്. ഇവയുടെ പ്രവർത്തനം വിദ്യാഭ്യാസ നിലവാരം തകർക്കുന്നു.

30 പുതിയങ്കം U P സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.

സ്പോർട്സ് സ്കൂൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത


ആലത്തൂർ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ നിന്നും സ്വതന്ത്ര്യലബ്ദിക്കു ശേഷം അനവധി ദേശീയ അന്തർ ദേശീയ സംസ്ഥാനതല കായിക പ്രതിഭകളെ വാർത്തെടുക്കുവാൻകഴിഞ്ഞിട്ടുണ്ട്. ഇത്രയും പ്രതിഭകളെ വാർത്തെടുക്കുവാൻ കഴിഞ്ഞെങ്കിൽ കൂടിയും പരീശലന സൗകര്യം തികച്ചും പരിമിതമാണ്. കഴിഞ്ഞവർഷം ആലത്തൂരിൽ ഒരു സ്പോർട്സ് സ്കൂൾ സ്ഥാപിക്കുവാനുള്ള സാദ്ധ്യതകളുണ്ടായിട്ടും ചില പ്രത്യേക സാഹചര്യത്തിൽ അതു നടക്കാതെ പോയി. പ്രസ്തുത സ്ഥാപനം ആലത്തൂർ പഞ്ചായത്തിൽ ആരംഭിക്കുകയാണെങ്കിൽ സന്നദ്ധരും വിദഗ്ദരുമായ കായിക അദ്ധ്യാപകന്മാരെ ഉൾപ്പെടുത്തി നല്ലൊരു കൂട്ടം യുവ കായിക പ്രതിഭകളെ നമ്മുടെ ഈ ദേശത്തിനു സംഭാവന ചെയ്യാൻ കഴിയും എന്ന വിഷയത്തിൽ തർക്കമില്ല. അതുകൊണ്ട് 9–ാം പഞ്ചവത്സര പദ്ധതിയിൽ ആലത്തൂരിൽ നിർബ്ബന്ധമായും ഒരു സ്പോർട്സ് സ്കൂൾ സ്ഥാപിക്കണം. ഇത്തരത്തിൽ ഒരു സ്കൂൾ സ്ഥാപിക്കുകയാണെങ്കിൽ ഗ്രാമീണ തലത്തിൽ കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനും ഉപജില്ലാ ജില്ലാതല സ്പോർട്സുകൾ നടത്തുവാനും നാം തുടങ്ങുവാനുദ്ദേശിക്കുന്ന സ്റ്റേഡിയം ഗ്രൗണ്ട് ഉപയോഗിക്കുവാൻ സാധിക്കും. ഇൻഡോർ ഗെയിംസിനുള്ള സൗകര്യം ഒരുക്കുകയാണെങ്കിൽ പുറമേയുള്ള അമേച്വർ കായിക താരങ്ങളെ ഉയർത്തിയെടുക്കുവാൻ ഉപകരിക്കും.

ആലത്തൂർ ഗ്രാമപഞ്ചായത്ത്

5

5

പൊതു ജനാരോഗ്യവും കുടിവെള്ളവും



ആരോഗ്യം

അവലോകനം.

സംസ്ഥാനത്തെ പൊതുജനനനിരക്ക് ആയിരത്തിനു പതിനേഴ് എന്ന നിലയിലാണ്, പൊതുമരണനിരക്ക് 1000ത്തിനു 9 ആണ്, പൊതു ശിശുമരണനിരക്ക് ആയിരത്തിനു പതിനാറാണ്, മാതൃമരണനിരക്ക് നമ്മുടെ സംസ്ഥാനത്ത് ആയിരത്തിനു ഒന്നിൽ താഴെ മാത്രമാണ്, സംസ്ഥാനത്തെ മേൽപറഞ്ഞ നിരക്കുകളും നമ്മുടെ പഞ്ചായത്തിലെ മാത്രം നിരക്കുകളുമായി താരതമ്യം ചെയ്യുന്നതിനു കൃത്യമായ കണക്കുകളും ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധരുടെ അഭിപ്രായങ്ങളും കണക്കിലെടുത്താൽ പൂർണ്ണമായും സംസ്ഥാന നിലവാരത്തിലാണ് നമ്മുടെ പഞ്ചായത്ത് എന്ന് പറയാൻ കഴിയില്ല. എന്നിരുന്നാലും, കഴിഞ്ഞ ഒരു ദശാബ്ദവുമായി ഇക്കാര്യത്തിൽ ഒട്ടേറെ മുന്നോട്ടുപോവാൻ നമ്മുടെ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ ഇപ്പോഴും വികലാംഗർ ധാരാളമുണ്ട്. കുഷ്ഠം, ക്ഷയരോഗം, തിമിരം എന്നിവ ഇപ്പോഴും നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്നുണ്ട്. ഇതിൽ മലമ്പനി വളരെ അപൂർവ്വമായി മാത്രമേ കാണാറുള്ളൂ.

ആലത്തൂർ പഞ്ചായത്തിലെ പ്രധാന ആരോഗ്യ സ്ഥാപനമായ ഗവണ്മെണ്ട് ആശുപത്രിയിലെ ലഭ്യമായ വിവരമനുസരിച്ച് ഒരു ലക്ഷത്തി അമ്പതിനായിരം രോഗികളും 1995ൽ ആശുപത്രിയിൽ കിടക്കാതെയുള്ള ചികിത്സനേടിയിട്ടുണ്ട്. ഇതേ കാലയളവിൽ പതിനെട്ടായിരം രോഗികളും ആശുപത്രിയിൽ കിടത്തി ചികിത്സക്ക് വിധേയരായിട്ടുണ്ട്. രണ്ടായിരത്തിലധികം പ്രസവ കേസുകളും ഈ കാലഘട്ടത്തിൽ ഇവിടെ നടന്നിട്ടുണ്ട്. 386 വന്ധ്യംകരണ ശസ്ത്രക്രിയകളാണ് 1995-ൽ നടന്നിട്ടുള്ളത്. പ്രതിരോധ കുത്തിവെപ്പുകളും സജീവമായി നടന്നുവരുന്നുണ്ട്. മാതൃശിശു സംരക്ഷണം, ദേശീയ കുഷ്ഠരോഗ നിവാരണം, അന്ധതാ നിയന്ത്രണം എന്നിവയാണ് ഈ ആസ്പത്രിയിൽ പ്രധാന പദ്ധതി പ്രവർത്തനങ്ങൾ.

കഴിഞ്ഞ സാമ്പത്തിക വർഷം ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾക്കായി ഇരുപത്തഞ്ച് ലക്ഷം രൂപ ഈ സ്ഥാപ

നത്തിൽ ചിലവഴിച്ചിട്ടുണ്ട്. കണ്ടിജൻറ് ചിലവുകൾക്കായി 5 ലക്ഷം രൂപയും മരുന്നുകൾക്കും, ഉപകരണങ്ങൾക്കുമായി 10 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പിൽ പ്രവർത്തിക്കുന്നവരുടെ അഭിപ്രായത്തിൽ ദാരിദ്ര്യജന്യ രോഗങ്ങൾ മാറാൻ നമുക്കുകഴിഞ്ഞിട്ടില്ല. 1995ലെ കണക്കനുസരിച്ച് വയറിളക്ക രോഗം ബാധിച്ച 672 രോഗികളെയും, ബ്രോങ്കോ ന്യുമോണിയ ബാധിച്ച 364 രോഗികളെയും ഈ ആസ്പത്രിൽ കിടത്തി ചികിത്സിച്ചിട്ടുണ്ട്. ഈ പ്രദേശത്തിൻറെ പ്രത്യേകതയാണ് വയറിളക്കം ഉണ്ടാക്കാനുള്ള വൈറസിൻറെ കേന്ദ്രങ്ങൾ കൂടുതൽ ഉണ്ട് എന്നുള്ളതു്.

ശിശുക്കളുടെ പോഷണ നിലവാരം അടുത്ത കാലത്തായി വ്യാപകമാക്കാൻ അംഗൻവാടികൾവഴി 'കഴിഞ്ഞിട്ടുണ്ട്. എങ്കിലും അവയുടെ പ്രവർത്തനങ്ങൾ ശക്തമല്ല. പഞ്ചായത്തിൽ സർക്കാർ ആശുപത്രി കൂടാതെ ആരോഗ്യവകുപ്പിൻറേതായി മൂന്ന് IPP സബ് സെൻററുകൾ നിലവിലുണ്ട്. കുടുംബക്ഷേമ, പ്രതിരോധ പ്രവർത്തനങ്ങൾ ഈ സ്ഥാപനങ്ങളിൽ നടത്തിവരുന്നുണ്ട്.

പ്രശ്നങ്ങൾ

ലക്ഷക്കണക്കിന് രൂപ സർക്കാർ ആസ്പത്രി വഴി മരുന്നുകൾക്കും മറ്റുമായി ചെലവഴിക്കുന്നുണ്ടെങ്കിലും ജനസംഖ്യാനുപാതികമായി പരിശോധിച്ചാൽ ഈ തുകയുടെ അപര്യാപ്തത ബോദ്ധ്യമാകാവുന്നതാണ്. പലപ്പോഴും അത്യാവശ്യ മരുന്നുകൾ പോലും ആരോഗ്യസ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത പ്രശ്നം ഇപ്പോഴും നിലനില്ക്കുന്നു.

സർക്കാർ മേഖലയിലുള്ള മേൽപറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ ഒരു പ്രൈവറ് ആശുപത്രിയും ഒരു സഹകാര്യ അലോപ്പതി നേഴ്സിംങ്ങ് ഹോം രണ്ട് ഡനൽ ക്ലീനിക്കുകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ആയുർവ്വേദ രംഗത്ത് ഏഴ് സഹകാര്യ വൈദ്യ ശാലകൾ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഹോമിയോ മേഖലയിൽ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങൾ ഒന്നുതന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ആരോഗ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്ന എടുത്തു പറയാവുന്ന സന്നദ്ധ സംഘടന പ്രവർത്തനം പഞ്ചായത്തിൽ ലഭ്യമല്ല. അപൂർവ്വമായി ചില കണ്ണ് പരിശോധന ക്യാമ്പുകളും, ആരോഗ്യ സെമിനാറുകളും, പ്രകൃതി ചികിത്സാ ക്യാമ്പുകളും നടത്തുന്നതൊഴിച്ചാൽ ഈ രംഗത്ത് സന്നദ്ധ സംഘടന പ്രവർത്തനം തീരെയില്ല.

നമ്മുടെ പഞ്ചായത്തിൽ 25% ജനങ്ങൾ വ്യക്തിയുള്ള കക്കൂസുകൾ ഉപയോഗിക്കാത്തവരാണ് കക്കൂസുകൾ ഇല്ലാത്ത വിഭാഗങ്ങളിൽ നല്ലൊരു ശതമാനം സ്വന്തമായി കക്കൂസ് നിർമ്മിക്കാൻ കഴിയാത്തവരാണ്. പൊതുസ്ഥലങ്ങൾ വൃത്തിയാക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ ആറ് ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളതു്. താലൂക്ക് കേന്ദ്രമായ നമ്മുടെ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിലെ മുഴുവൻ പൊതുസ്ഥലങ്ങളും നിത്യേന വൃത്തിയാക്കി സൂക്ഷിക്കുവാൻ ഇവരുടെ മാത്രം സേവനം മതിയാവുന്നില്ല. പഞ്ചായത്തിൽ നിലവിലുള്ള ഹോട്ടലുകളുടെ എണ്ണം 59 ആണ്. ഈ ഹോട്ടലുകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ കളയുന്നതിന് പ്രത്യേക സ്ഥലമില്ലാത്തതിനാൽ പല ഹോട്ടലുകാരും അവശിഷ്ടങ്ങൾ പൊതുസ്ഥലങ്ങളിൽ കൊണ്ടുനിക്ഷേപിക്കുന്നു. 6കോഴിയിറച്ചിക്കടകളിൽ നിന്നുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് ഒരു സംവിധാനവുമില്ല. പച്ചക്കറിക്കടകൾ, ബാർബർഷോപ്പ് തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽനിന്നുള്ള അവശിഷ്ടങ്ങൾ ഇതുപോലെ തുറന്ന സ്ഥലങ്ങളിൽ പുറന്തള്ളുന്നു. ഇതിനേക്കാൾ ഭയാനകമാണ് ആലത്തൂർ ആശുപത്രിയിൽ നിന്നു നീക്കം ചെയ്യുന്ന അവശിഷ്ടങ്ങൾ തുറന്ന സ്ഥലങ്ങളിൽ ഇത്തരം മാലിന്യങ്ങൾ പുറംതള്ളുന്നതുകൊണ്ട് ഓടകളിൽ വെള്ളം പലപ്പോഴും കെട്ടിക്കിടക്കുന്നതുകൊണ്ടും ഹോട്ടലുകളടേയും മറ്റും ധാരാളമായുള്ള അഴു

ക്കുവെള്ളം കൃത്യമായി ഒഴുകിപ്പോകാത്തതുകൊണ്ട് ഈച്ച, കൊതുക്, തുടങ്ങിയ പ്രാണികളും പഞ്ചായത്തിൽ പ്രത്യേകിച്ച് ടൗൺ പരിസരത്തിൽ വളരെ കൂടുതലാണ്. ഇക്കാരണംകൊണ്ട് ജലജന്യ രോഗങ്ങളും അമിതമായി കണ്ടുവരുന്നുണ്ട്.

നിർദ്ദേശങ്ങൾ

ആരോഗ്യ രംഗത്ത് ശാസ്ത്രീയമായി ജനസംഖ്യാനുപാതയിൽ ആരോഗ്യ പ്രവർത്തകരെ നിയമിക്കുകയും അതനുസരിച്ച് പ്രദേശങ്ങളിൽ ആരോഗ്യ കേന്ദ്രങ്ങളും തുടങ്ങുകയും അത്തരം പ്രാദേശിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ നേതൃത്വത്തിൽ വൈദ്യ പരിശോധന നടത്തുകയും ചെയ്യുവാനുള്ള പരിപാടിക്ക് ആസൂത്രണം ചെയ്യേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസം ബോധവൽക്കരണം പരിപാടികൾക്ക് സ്കീമുകൾ തയ്യാറാക്കേണ്ടതാണ്. കുട്ടികളുടെ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിനു ആരോഗ്യ പ്രവർത്തകരുടേയും അംഗനവാടികളുടെയും സംയുക്ത പ്രവർത്തനങ്ങളിലൂടെയുള്ള പരിപാടികൾക്ക് രൂപം കൊടുക്കേണ്ടതാണ്. ആലത്തൂർ ആശുപത്രിയിൽ അത്യാവശ്യ സ്പെഷലിസ്റ്റുകളുടെ സേവനം ലഭ്യമാക്കാൻ പദ്ധതി രൂപപ്പെടുത്തണം. ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളും സേവന രംഗവും വിപുലമാക്കാൻ പദ്ധതികൾ കൊണ്ടുവരേണ്ടതാണ്. മരുന്നുകളും ഉപകരണങ്ങളും യഥാസമയം ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തു തലത്തിൽ ആയുർവ്വേദ, ഹോമിയോ വിഭാഗം സൗജന്യ ചികിത്സകൾ കൂടി പദ്ധതികൾ വേണം. ആലത്തൂർ പഞ്ചായത്തിലെ ഹോട്ടലുകൾ, പച്ചക്കറി കടകൾ, കോഴിയിറച്ചിക്കടകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ സ്ഥിരമായി സംഭരിച്ച് പഞ്ചായത്തിൽ പൊതുവായ ഒരു സ്ഥലത്ത് നിക്ഷേപിച്ച് കമ്പോസ്റ്റ് നിർമ്മിക്കുന്നതുവഴി മാലിന്യങ്ങൾ നീക്കം ചെയ്യാനും, ജൈവവളം നിർമ്മിക്കാനും ഉതകുന്ന സ്കീം തയ്യാറാക്കേണ്ടതാണ്. ആശുപത്രികളിൽ അവശിഷ്ടങ്ങൾ പ്രത്യേക സ്ഥലത്ത് സംഭരിച്ച് നശിപ്പിക്കുന്നതിനും സംവിധാനം കൊണ്ടുവരേണ്ടതാണ്. ഒരു പഞ്ചായത്തിനു മാത്രമായി കൂടുതൽ മുതൽ മുടക്ക് വേണ്ട. ഈ സംരംഭം ഓരോ പഞ്ചായത്തിനും പ്രത്യേകമായി തുടങ്ങുന്നത് പൊതുവായ സാമ്പത്തിക നിലക്ക് യോജിച്ചതല്ലാത്തതിനാൽ ബ്ലോക്ക് തലത്തിൽ അല്ലെങ്കിൽ ഒന്നോ, രണ്ടോ ബ്ലോക്കുകൾ കേന്ദ്രീകരിച്ച് ഈ സംരംഭത്തിനു സ്കീം തയ്യാറാക്കേണ്ടതാണ്.

പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും കക്കൂസ് നിർബന്ധമാക്കുന്നതിനു സാമ്പത്തിക ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് സാമ്പത്തിക സഹായത്തിലൂടെയും സന്നദ്ധ പ്രവർത്തനത്തിലൂടെയും കക്കൂസ് നിർമ്മിക്കുന്നതിനു സ്കീം തയ്യാറാക്കേണ്ടതാണ്. വീഴമലയുടെ പരിസരപ്രദേശത്ത് ശവം മറവുചെയ്യുന്നതിനായി ഒരു പൊതു ശ്മശാനം നിർമ്മിക്കാൻ സ്കീം തയ്യാറാക്കേണ്ടതാണ്. ആലത്തൂർ ടൗൺ, ആശുപത്രി എന്നീ സ്ഥലങ്ങളിലെ ഓടകളും വെള്ളം പമ്പ് ചെയ്തത് ആഴ്ചയിൽ രണ്ടുദിവസമെങ്കിലും വൃത്തിയാക്കി അഴുക്കുജലം പൂർണ്ണമായി അകറ്റുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്. കൊതുക്, ഈച്ച തുടങ്ങിയ പ്രാണികളുടെ ശല്യം ഒഴിവാക്കുന്നതിന് ബോധവൽക്കരണവും ക്രിയാത്മക പ്രവർത്തനവും നടത്തുന്നതിനുള്ള സ്കീം തയ്യാറാക്കേണ്ടതാണ്

കുടിവെള്ളം

അവലോകനം

ആരോഗ്യ രംഗത്ത് വളരെയേറെ ശ്രദ്ധിക്കേണ്ട കുടിവെള്ളത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് ഇപ്പോഴും സ്വയം പര്യാപ്തമല്ല. 86 തുറന്ന കിണറുകളും കുടിവെള്ളത്തിനായി പഞ്ചായത്തിന്റെ ആസ്തിയിലുണ്ടെങ്കിലും അവയിൽ മിക്കവയും വേനൽക്കാലങ്ങളിൽ വറ്റുന്നവയാണ്. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വെള്ളമെത്തിക്കാവുന്ന പൈപ്പ് ലൈൻ

ഇപ്പോളില്ല. പൊതു കിണറുകളും വഴി ഉദ്ദേശം 10% കുടുംബങ്ങൾക്ക് മാത്രമാണ് കുടിവെള്ളം ഉപയോഗിക്കുന്നത്. ബാക്കിയുള്ള കുടുംബങ്ങൾക്ക് പൈപ്പ് വഴിയുള്ള കുടിവെള്ളത്തിനെ ആശ്രയിക്കേണ്ടി വരുന്നു. മൊത്തം കുടുംബങ്ങളിൽ ഒരു ചെറിയ ശതമാനം കുടുംബത്തിൽ മാത്രമേ സ്വന്തമായ കിണറുകളും ഉള്ളൂ. മേൽപറഞ്ഞവ കൂടാതെ 25 കുഴൽ കിണറുകളും പഞ്ചായത്തിനുണ്ട്. പൈപ്പ് വഴിയുള്ള കുടി വെള്ളത്തിനായി 272 പൊതു ടാപ്പുകളുണ്ട്, ദിവസത്തിലെ മുഴുവൻ സമയവും ഈ ടാപ്പുകളിലൂടെ വെള്ളം കിട്ടാറില്ല, ധാരാളം വെള്ളം കിട്ടുന്ന മഴക്കാലത്തു പോലും പരിമിതമായ തോതിലേ വെള്ളം കിട്ടാറുള്ളൂ. നിലവിലുള്ള ജലവിതരണം പഞ്ചായത്തിലെ ദൂരത്തുള്ളതും ഉയർന്നതുമായ പ്രദേശങ്ങളിൽ തീരെ ലഭിക്കാറില്ല. പൈപ്പുവഴി വിതരണം ചെയ്യുന്ന ജലം ചിലപ്പോഴും ചെളി നിറഞ്ഞതായിരിക്കും. വിതരണം ചെയ്യുന്ന ജലം ശുചീകരിക്കാനും അണുവിമുക്തമാക്കാനുമുള്ള യാതൊരു സംവിധാനവും ഇന്നു നിലവിലില്ല.

ഒന്നാം വാർഡിലെ ലക്ഷംവീട് കോളനി, മരുതൻകാട്, നാലുസെൻറ് കോളനി, ചാമക്കാട്, തെക്കുപുറം, രണ്ടാം വാർഡിലെ കുറുവട്ട, പടിഞ്ഞാറെത്തറ, കിഴക്കെത്തറ, കീഴ്പാടം, കുണ്ടുകാട്, കുട്ടിപ്പാറക്കു സമീപം, മലമ്പള്ള, മലയോരപ്രദേശം, ഹരിജൻ കോളനി, പുലിക്കോട്ട്, ഏഴാം വാർഡിലെ കല്ലിങ്കൽ പറമ്പ്, മൂന്നാം വാർഡിലെ ആലത്തൂർ ടൗൺ, 8-ാം വാർഡിലെ പിണ്ടിയാട്, തോണിയപറമ്പ്, ഒമ്പതാം വാർഡിലെ കുന്നം പറമ്പ്, തെക്കുമുറി, പേഴംപറമ്പ്, ഊർക്കുളം, എഴുത്തൻ കാട് എന്നീ സ്ഥലങ്ങളിലും കുടിവെള്ള ക്ഷാമം എല്ലാക്കാലത്തും നേരിടുന്നു. നാലാം വാർഡിൽ പൈപ്പുവഴിയുള്ള ശുദ്ധജല വിതരണം തീരെയില്ല ഈ വാർഡിലെ ചെട്ടിയാർ തറ, വാലിപ്പറമ്പ് കാടാങ്കോട്, പറയൻ കാട്, പേഴോട് എന്നീ പ്രദേശങ്ങളിൽ സ്ഥിരമായി കുടിവെള്ള ക്ഷാമം നേരിടുന്നുണ്ട്, ഗാർഹിക കണക്ഷനുകൾ 995 എണ്ണം നിലവിലുണ്ട്. പുതിയ കണക്ഷനുകൾ കിട്ടുന്നതിനായി നിരവധി ആവശ്യക്കാർ ഉണ്ട്. ജലവിതരണ സംവിധാനത്തിന് കപ്പാസിറ്റി കുറവായതിനാൽ പുതിയ കണക്ഷനുകൾ തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. 6-ാം വാർഡിൽ കാക്കാമൂച്ചിക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ വെള്ളത്തിനു ക്ഷാമം നേരിടുന്നുണ്ട്.


നിർദ്ദേശങ്ങൾ

നിലവിലുള്ള പൊതു കിണറുകൾ എല്ലാം ഉപയോഗ-യോഗ്യമാക്കണം പൊതു ടാപ്പിലൂടെയുള്ള ജല വിതരണം കാര്യക്ഷമമാക്കുകയും, ആയതിനാൽ എല്ലാ സമയവും ജലവിതരണത്തിനുള്ള സംവിധാനം ഉണ്ടാക്കണം. പൈപ്പു വെള്ളം ശുദ്ധീകരിക്കാനും അണുവിമുക്തമാക്കാനും അടിയന്തിര നടപടികൾ ഉണ്ടാവേണ്ടതാണ്. കച്ചേരിക്കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് വീഴിമലയുടെ ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി ജലം സംഭരിച്ച് ഒന്നു, രണ്ട് വാർഡുകളിലെ കുടിവെള്ളക്ഷാമം നിലനിൽക്കുന്ന പ്രദേശങ്ങളിലേക്ക് ജലം എത്തിക്കുന്നതിനുള്ള 1, 2 വാർഡ് ഗ്രാമ സഭകളുടെ നിർദ്ദേശങ്ങൾ സ്കീമായി കൊണ്ടുവരേണ്ടതാണ്. കുടിവെള്ള ക്ഷാമം നേരിടുന്നതിനായി മുകളിൽ പരാമർശിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകണം. ഗായത്രി പുഴയുടെ തീരത്ത് പറക്കുന്നം ഭാഗത്ത് ചെക്ക് ഡാമിനു സമീപം ഒരു ടാങ്ക് കെട്ടി 4-ാം വാർഡിൽ മുഴുവനായി ശുദ്ധജലം എത്തിക്കുന്നതിനുള്ള സ്കീം തയ്യാറാക്കേണ്ടതാണ്. ഇപ്പോൾ ഗായത്രി പുഴയിൽനിന്നും പമ്പ് ചെയ്യുന്ന വെള്ളം വാട്ടർ ഫിൽറ്റർ ഉപയോഗിച്ച് ശുദ്ധീകരിക്കാനും പദ്ധതി തയ്യാറാക്കണം.

5

6

ഗതാഗതം



ഗതാഗതം

അവലോകനം

പഞ്ചായത്തിലെ ഏക ഗതാഗത സൗകര്യം റോഡ് വഴിയാണ്. പ്രാരംഭ കാല പ്രവർത്തനങ്ങളിൽ റോഡുകളും ടാർ ചെയ്യുന്ന രീതി വിരളമായിരുന്നു. മുൻ മദ്രാശി സംസ്ഥാനത്തിലെ മലബാർ ജില്ലയിൽ പെട്ടതായിരുന്ന നമ്മുടെ പഞ്ചായത്ത് മദ്രാശി നിയമ സഭയിൽ ഒരു ചോദ്യത്തിനുത്തരമായി മലബാർ സംസ്ഥാനത്ത് ടാറിട്ട റോഡുകളുടെ നീളം 65 മൈൽ ആണെന്നു മന്ത്രി മറുപടി പറഞ്ഞതായി മുൻ എം. എൽ. എ. ശ്രീ. ആർ. കൃഷ്ണൻ ഒരു ലേഖനത്തിൽ പരമാർശിച്ചിട്ടുണ്ട്. ഈ സ്ഥിതിയിൽ നിന്നും നാം ഏറെ ദൂരം മുന്നോട്ട പോയിട്ടുണ്ട്. താലൂക്ക് കേന്ദ്രമായ പഞ്ചായത്തിലെ ടൗണിനെ ബന്ധപ്പെടുത്തി മിക്കവാറും ഉൾപ്രദേശങ്ങളിലേക്ക് ഇന്ന് റോഡുകളും ഉണ്ട്. കഴിഞ്ഞ ഏതാണ്ട് പതിനഞ്ചു വർഷങ്ങൾക്കുള്ളിലാണ് പ്യാപകമായും റോഡുകൾ നിർമ്മിതമായത്. നിലവിലുള്ള റോഡുകളും മിക്കവയും നിലവാരം മെച്ചപ്പെട്ടവയല്ല. പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെവിശദവിവരം ഇപ്രകാരമാണ്.

പഞ്ചായത്തു റോഡുകളുടെ പട്ടിക

ക്രമ നമ്പർ	റോഡുകളുടെ പേർ	വാർഡ് നമ്പർ	സ്വഭാവം	നീളം (കി.മീ)	വീതി (മീറ്റർ)
1	ആലത്തൂർ–വാനൂർ റോഡ്	1	ടാർ	1 400	5 00
2	വെള്ളക്കുന്നം–പൊട്ടിമട റോഡ്	1	ടാർ	0 970	4 00
3	കമ്മാന്തറ റോഡ്	1	മെറ്റൽ	0 900	3 00
4	കുന്നക്കാട്–മുല്ലക്കൊളുമ്പ്	1	മെറ്റൽ	0 400	3 00
5	നെട്ടാത്തുകുളമ്പ് റോഡ്	1	മണ്ണ്	0 400	6 00
6	മരുതൻകാട് റോഡ്	1	മെറ്റൽ	0 900	6 00
7	കൊടപ്രാണി റോഡ്	1	മണ്ണ്	0 600	5 00
8	മുരുക്കുംപള്ളം റോഡ്	1	മണ്ണ്	0 500	9 00
9	നെങ്ങുകുളം റോഡ്	1	മണ്ണ്	0 400	4 00
10	മലമൽ റോഡ്				
1	കീഴ്പാടം റോഡ്	2	മെറ്റൽ	0 700	7 00
2	കീഴ്പാടം–നായാടി കോളനി	2	മണ്ണ്	0 500	4 00
3	കീഴ്പാടം–നാലുസെൻറ് കോളനി	2	മെറ്റൽ	0 400	5 00
4	എലിക്കാട്ടകുളമ്പ് റോഡ്	2	മണ്ണ്	0 600	4 00
5	നെല്ലിയാംകുന്നം–വാനൂർറോഡ്	2	മെറ്റൽ	0 950	8 00
6	നെല്ലിയാംകുന്നം–കിഴക്കേത്തറ	2	മണ്ണ്	0 800	5 00
7	നെരങ്ങാംകുളമ്പ് റോഡ്	2	മണ്ണ്	0 100	3 50
8	നെല്ലിയാംകുന്നം–പടിഞ്ഞാറെത്തറ	2	മണ്ണ്	0 800	4 00
9	കീഴ്പാടം–കിഴക്കേത്തറ	2	മണ്ണ്	0 500	4 00
1	പെരിങ്ങോട്ടുകുന്ന്–IHDP കോളനി	3	മെറ്റൽ	0 500	6 00
2	കുന്നംപറമ്പ് റോഡ്	3	മെറ്റൽ	0 500	4 00
3	പള്ളിറോഡ്	3	കോൺക്രീറ്റ്	0 300	3 00
4	പള്ളിപ്പറമ്പ് റോഡ്	3	മണ്ണ്	0 400	4 00
5	പള്ളിക്കുളം റോഡ്	3	മണ്ണ്	0 300	3 00
6	മാളികപ്പടി റോഡ്	3	കോൺക്രീറ്റ്	0 600	3 50
7	മാളികപ്പടി സൈഡ്റോഡ്	3	കോൺക്രീറ്റ്	0 700	3 50
8	പെരിങ്ങോട്ട് കുന്ന്– പുഷ്പാ ഇൻഡസ്ട്രീസ്	3	കോൺക്രീറ്റ്	0 400	3 50
9	പനയ്ക്കൽപ്പറമ്പ് റോഡ്	3	മണ്ണ്	0 400	4 00
10	ASMMHS പോസ്റ്റാഫീസ് റോഡ്	3	ടാർ	0 500	3 50
11	പോസ്റ്റാഫീസ് ലൈൻ	3	കല്ലുപതിച്ചത്	0 100	2 00
12	ടി.ബി.ക്ക് പരിസരത്തുള്ള റോഡ്	3	മണ്ണ്	0 200	3 50

ആലത്തൂർ ഗ്രാമപഞ്ചായത്ത്

ക്രമ നമ്പർ	റോഡുകളുടെ പേരു്	വാർഡ് നമ്പർ	സ്വഭാവം	നീളം കി. മീറ്റർ	വീതി മീറ്റർ
1	വെങ്ങന്നൂർ റോഡു്	4	മെറ്റൽ	3 000	6 00
2	ആലത്തൂർ – കുത്തന്നൂർ	4	ടാർ	4 [illegible]00	8 00
3	ചെട്ടിത്തറ റോഡു്	4	മണ്ണു്	0 600	4 00
4	കുന്നംകാടു് റോഡു്	4	മണ്ണു്	0 900	8 00
5	പറക്കുന്നം ഹരിജൻ കോളനി	4	മണ്ണു്	0 700	8 00
6	പറക്കുന്നം ലക്ഷം വീടു് കോളനി	4	മണ്ണു്	0 300	4 00
7	വെങ്ങന്നൂർ പറക്കുന്നം റോഡു്	4	മണ്ണു്	1 000	4 00
1	കോർട്ടു് റോഡു്	5	ടാർ	1 650	8 00
2	ലിങ്കു് റോഡു്	5	ടാർ	0 090	8 00
3	നായിംപറമ്പു് റോഡു്	5	മെറ്റൽ	0 300	4 00
4	പിണ്ടിയാടു് റോഡു്	5	മണ്ണു്	0 570	5 00
5	കോറക്കാടു് റോഡു്	5	മണ്ണു്	0 250	5 00
6	സ്വാതി ലൈൻ	5	കോൺക്രീറ്റു്	0 060	4 00
7	മുൻസിഫു് ലൈൻ	5	മണ്ണു്	0 100	3 00
8	മാർക്കറ്റു് റോഡു്	5	ടാർ	0 500	4 00
1	കാട്ടശ്ശേരി തറ റോഡു്	6	ടാർ	1 850	6 00
2	പ്ലാക്കപ്പറമ്പു് റോഡു്	6	മെറ്റൽ	0 500	5 00
3	പ്ലാക്കപ്പറമ്പു് സൈഡു് റോഡു്	6	മണ്ണു്	0 400	4 00
4	കാക്കാമൂച്ചിക്കാടു് റോഡു്	6	മണ്ണു്	0 500	4 00
5	പൊട്ടിമട റോഡു്	6	മണ്ണു്	0 400	5 00
6	കമ്മാന്തറ റോഡു്	6	മെറ്റൽ	0 750	4 00
7	കൊഴക്കുള്ളി ലൈൻ	6	മണ്ണു്	0 200	3 00
1	കമ്പളക്കോടു് റോഡു്	7	ടാർ	0 500	5 00
2	കുണ്ടൻ തൊടി റോഡു്	7	മെറ്റൽ	0 090	4 00
3	മാച്ചു് ഫാക്ടറി റോഡു്	7	ടാർ	0 600	6 00
4	പണ്ടാരക്കാടു് റോഡു്	7	മണ്ണു്	0 500	5 00
5	നെടുകണ്ണി ലൈൻ	7	മണ്ണു്	0 200	3 50
6	പൂങ്ങോടു് റോഡു്	7	കല്ലു് പതിച്ചതു്	0 300	4 00
7	എടാംപറമ്പു് റോഡു്	7	മെറ്റൽ	0 700	4 00
8	ബാങ്കു് റോഡു്	7	ടാർ	0 650	8 00
9	മൂച്ചിക്കാടു് റോഡു്	7	മണ്ണു്	0 200	2 50

ആലത്തൂർ ഗ്രാമപഞ്ചായത്തു്

ക്രമ നമ്പർ	റോഡുകളുടെ പേരു്	വാർഡ് നമ്പർ	സ്വഭാവം	കി മീ നീളം	വീതി മീറ്റർ
1	പെരുങ്കുളം ഗ്രാമം റോഡ്	8	ടാർ	1.850	8.00
2	തെലുങ്കത്തറ റോഡ്	8	മണ്ണ്	0.300	3.00
3	തട്ടാത്തറ റോഡ്	8	മെറ്റൽ	0.500	4.00
4			കോൺക്രീറ്റ്		
5	കൃഷ്ണൻകോവിൽ റോഡ്	8	മണ്ണ്	0.400	7.00
6	ചക്കാന്തറ റോഡ്	8	മെറ്റൽ	0.700	5.00
7	കൊല്ലപ്പാറ റോഡ്	8	മണ്ണ്	0.500	4.00
8	പെരുങ്കുളം സ്കൂൾ ലൈൻ	8	കോൺക്രീറ്റ്	0.075	2.50
	അരങ്ങാട്ട്പറമ്പ് റോഡ്	8	ടാർ	0.900	4.00
1	പുതിയങ്കം തെക്കുമുറി ലക്ഷംവീട് കോളനി	9	കോൺക്രീറ്റ്	0 075	2.50
2	മണ്ടിയംകോട് റോഡ്	9	മണ്ണ്	0.400	3.50
3	വേട്ടെക്കൊരുമകൻ റോഡ്	9	മണ്ണ്	0.500	4.50
4	കുണ്ടുകാട് റോഡ്	9	മണ്ണ്	0.400	3.50
5	കുന്നംപറമ്പ് റോഡ്	9	മെറ്റൽ	0.500	6.00
6	അണവങ്കോട്ട് ലൈൻ	9	മണ്ണ്	0.100	2.50
7	പുതിയങ്കം സ്കൂൾ റോഡ്	9	മെറ്റൽ	0.400	4.00
8	പള്ളി റോഡ്	9	മണ്ണ്	0.100	3.00
1					
2	പൊരുവത്തക്കാട് റോഡ്	10	മെറ്റൽ	0.600	5.00
3	കണ്ടൻ പൂശാരി റോഡ്	10	മണ്ണ്	0.150	5.00
4	കുട്ടമൂച്ചി റോഡ്	10	മെറ്റൽ	0.800	4.00
5	പുള്ളോട് റോഡ്	10	ടാർ	0.200	4.00
6	ചെറുതറ റോഡ്	10	മെറ്റൽ	1.100	5.00
7	കുട്ടമൂച്ചി ശ്മശാനം റോഡ്	10	മണ്ണ്	0.300	4.00
	കാവത്തക്കളം റോഡ്	10	മണ്ണ്	0.700	5 00

പട്ടികയിൽ കാണിച്ചതിൽ ഏറ്റവും കൂടുതൽ വാഹന ഗതാഗതം ഉള്ള പ്രധാന പ്പെട്ട കോർട്ട് റോഡ്, ലിങ്ക് റോഡ്, ഗാന്ധി ജംഗ്ഷൻ വരെയുള്ള ബാങ്ക് റോഡ്, എന്നീ റോഡുകളും '92-93' കാലത്ത് ഏപ്പാതുമരാമത്ത് വകുപ്പിനും കൈമാറിയിട്ടുണ്ട്. പഞ്ചായത്ത് ശുപാർശ രണത്തിനുശേഷം റോഡ് ഗതാഗത രംഗത്ത് വമ്പിച്ച മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻ പദ്ധതികകളിൽ നല്ലൊരു ഭാഗം തുക ഈ ഇനത്തിൽ മാത്രം ചിലവാക്കേണ്ടതായും വന്നിട്ടുണ്ട്. ആയതു കൊണ്ടുതന്നെ മറ്റു വികസന പ്രവർത്തന ങ്ങൾക്ക് കൂടുതൽ വിഭവം കണ്ടെത്താൻ കഴിയാതെയും വന്നിട്ടുണ്ട്. റോഡു ഗതാ ഗതവുമായി ബന്ധപ്പെട്ട് 225 ഓട്ടോറിക്ഷ കളും മാത്രം നമ്മുടെ പഞ്ചായത്തിലുണ്ട് ഓട്ടോർ കേബുള്ള ടൂറിസ്റ്റ് കാറുകളും അന വധി എണ്ണം ടാക്സിയായി പഞ്ചായത്തിൽ സേവന മനുഷ്ഠിക്കുന്നുണ്ട്. ഇരട്ടക്കുളം, ആലത്തൂർ ടൗൺ, ബസ്സ്റ്റാൻറ് പരി സരം, സ്വാതി ജംഗ്ഷൻ, തൃപ്പാളൂർ എന്നി വിടങ്ങളിലാണ് ഓട്ടോറിക്ഷകളും പാർക്ക് ചെയ്യുന്നത്. ആലത്തൂർ ദേശീയ മൈതാനം, തൃപ്പാളൂർ എന്നി കേന്ദ്രങ്ങളിലാണ് ടാക്സി കാറുകളും ടാക്സി ജീപ്പുകളും പാർക്ക് ചെയ്യു ന്നത്. ബസ് യാത്രക്കാരുടെ സൗകര്യ ത്തിനായി ആലത്തൂർ ടൗൺ, ബാങ്ക് റോഡും പഴമലമുക്കും, തെക്കുമുറി എന്നീ സ്ഥലങ്ങ ളിൽ സ്ഥിരമായ കോൺക്രീറ്റ് വെയി റിങ്ങ് ഷെഡുകളുണ്ട്, യാത്രക്കാരെ ഇറക്കി കയറ്റുന്നതിന് വേണ്ടി സൗകര്യമുള്ള ഒരു ബസ് സ്റ്റാൻറ് ജനങ്ങളുടെ വളരെക്കാല മായ ആവശ്യമായിരുന്നു. കഴിഞ്ഞ 5 വർ ഷങ്ങൾക്കുള്ളിൽ ഈ പ്രശ്നത്തിന് പരി ഹാരം കാണാനും, സാമാന്യം സൗകര്യമുള്ള ഒരു ബസ്സ്റ്റാൻറ് കം ഷോപ്പിങ്ങ് കോംപ്ലക്സും, കംഫർട്ട് സ്റ്റേഷനും പണി യാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായ ത്തിൻറെ മുഖഛായ മാറ്റുന്നതിനു തന്നെ ഈ പ്രവർത്തനം ഉപകരിച്ചിട്ടുണ്ട്. ഇതൊ ക്കെയാണെങ്കിലും ഓട്ടോറിക്ഷ, ടാക്സി കാർ തുടങ്ങിയവ പാർക്ക് ചെയ്യാൻ പഞ്ചാ യത്തിൽ യാതൊരു സൗകര്യവുമില്ല. മേൽ പറഞ്ഞ വാഹനങ്ങളും കൂടാതെ റലാഡുകളും കൊണ്ടുപോകുന്ന ടെമ്പോകളും, മിനി ലോറികളും പഞ്ചായത്തിലുണ്ട്, കിണ്ടി മുക്ക് കേന്ദ്രീകരിച്ചാണ് അവയുടെ പ്രധാന ലോഡിങ്ങ് പ്രവൃത്തികളും. പ്രസ്തുത ലോ ഡിങ്ങ് വണ്ടികൾക്കും, പാർക്ക് ചെയ്യാൻ നിലവിൽ സൗകര്യമില്ല.

ആലത്തൂർ പഞ്ചായത്തിൻറെ ഹൃദയ ഭാഗത്തു കൂടി പോകുന്ന NH 47 പടി ഞ്ഞാറെ അതിർത്തിയിലുള്ള വടക്കഞ്ചേരി പഞ്ചായത്തിനെയും കിഴക്കെ അതിർത്തി യിലുള്ള എരിമയൂർ പഞ്ചായത്തിനെയും ഈ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നു. നാലു കിലോ മീറ്ററോളം ദൈർഘ്യം വരുന്ന ഈ ദേശീയ പാതയുടെ നിർമ്മാണത്തോടെ ആലത്തൂർ ഗ്രാമപഞ്ചായത്ത് ദേശീയതല ത്തിൽ എപ്പോഴും അറിയപ്പെടുന്ന ഒരു പ്രദേ ശമായി. ദേശീയ പാതയിൽ അത്യന്തം അപകടകാരികളായ രണ്ട് ജംഗ്ഷനുക ളുണ്ട്. ഒന്ന് കുപ്രസിദ്ധി നേടിയ **കിണ്ടി മുക്കും**, മറ്റൊന്ന് അപകട ജംഗ്ഷൻ എന്ന് സമീപ കാലത്ത് വിശേഷിപ്പിക്ക പ്പെട്ടവരുന്ന സ്വാതി ജംഗ്ഷനുമാണ്. ഈ രണ്ട് സ്ഥലങ്ങളിൽ വാഹനാപകടങ്ങളുടെ ഒരു ശൃംഖല തന്നെ ഉണ്ടായിക്കൊണ്ടിരിക്കു കയാണ്. ഏറ്റവുമധികം അപകടങ്ങളും നടക്കുന്നത് കിണ്ടിമുക്കിലാണ് അവിടെ യുള്ള ക്രമീകരണത്തിൻറെ അശാസ്ത്രീയത യാണ് അപകടങ്ങൾക്കുള്ള കാരണമെന്ന് ജനങ്ങൾക്കിടയിൽ വ്യാപകമായ പരാതി യുണ്ട്. ഇതിനു അടിയന്തിരമായി പരി ഹാരം കണ്ടേ മതിയാകൂ.

ഏകദേശം 7 കിലോ മീറ്റർ ദൈഘ്യം വരുന്ന പൊതുമരാമത്ത് വകുപ്പ് വക റോഡും ഈ ഗ്രാമ പഞ്ചായത്തിലുണ്ട്. പടിഞ്ഞാറ് നെല്ലിയാംകുന്നവും ചുണ്ടക്കാട്ടം കിഴക്ക് തുപ്പാളൂരും തെക്ക് പുതിയങ്കം തെക്കുമുറിയും ബന്ധിപ്പിച്ചുകൊണ്ട് തൃശ്ശൂർ ഭാഗത്ത് നിന്നും കാഞ്ഞിരശ്ശേരി ഭാഗത്ത് നിന്നും പാലക്കാട്ടേക്കും ചിറ്റിലഞ്ചേരിയിലേക്കുമാണ് ഈ റോഡുകൾ പോകുന്നത്. ഏകദേശം 200 ലധികം ബസ്സുകൾ ഓടുന്ന ഈ റോഡുകളുടെ സംരക്ഷണം കാര്യക്ഷമമായി നടക്കുന്നില്ല. ഗതാഗതം ഈ റോഡുകളിലൂടെ ക്ലേശകരമാണ്.

പഞ്ചായത്തിന്റെ ഇരുളടഞ്ഞ ഭൂവിഭാഗം എന്ന് ഒരു കാലത്ത് പൊതുജനം വെങ്ങന്നൂരിനെ വിശേഷിപ്പിച്ചിരുന്നു. ആലത്തൂർ ടൗണിനെ നാലാം വാർഡായ വെങ്ങന്നൂരുമായി ബന്ധിപ്പിക്കുന്നതിനും ഗായത്രിപ്പുഴയിൽ 7–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് NREP സ്കീമിൽ നിർമ്മിച്ച പാലം (കോസ് വേ) നാട്ടുകാരുടെ പ്രശംസ പിടിച്ചുപറ്റി. ഈ പാലം നിർമ്മാണം വെങ്ങന്നൂർ പ്രദേശത്തിന്റെ അത്ഭുതാവഹമായ പുരോഗതിക്ക് നിദാനമായി ആലത്തൂർ നിന്നും കുത്തന്നൂരിലേക്ക് പതിനഞ്ച് കിലോ മീറ്ററോളം ദൂരം ലാഭിക്കാൻ ഈ പാലം സഹായിച്ചു.

പ്രശ്നങ്ങൾ

ഗതാഗത രംഗത്ത് വളരെയധികം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പരാതികളും ആവശ്യങ്ങളും നിരവധിയാണ്. നിർമ്മിച്ച റോഡുകളും പലതിന്റെയും ഇപ്പോഴത്തെ നിലവാരം വളരെ മോശമാണ്. ഈ സ്ഥിതി നിലനിൽക്കുമ്പോഴത്തന്നെ ഒട്ടനവധി പുതിയ റോഡുകളും നിർമ്മിക്കണമെന്ന ആവശ്യം വ്യാപകമാണ്. വിശേഷാൽ ഗ്രാമസഭകളിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ ഒരു നീണ്ട പട്ടിക തന്നെ നിർദ്ദേശങ്ങളായി വന്നിട്ടുണ്ട്. അവയുടെ വിശദ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

വാർഡ് നമ്പർ	ആവശ്യപ്പെട്ട പുതിയ റോഡ്	ഉദ്ദേശ ദൂരം (കി.മീ)
1	മരുതൻകാട് ദേശീയ പാതയിൽ നിന്നും ആലത്തൂർ ആശുപത്രിവരെ	2.50
	കേരളപറമ്പ്– നെടുമ്പറമ്പ്— ക്ഷീര വ്യവസായ പരിശീലന കേന്ദ്രം	1
	നെല്ലിയാംകുന്നം–മലക്കുളം കനാൽറോഡ്	1
2	മലമ്പള്ള റോഡ്	
	അഴകാത്തിൽ ഒടവ് റോഡ്	
3	പന്നിപ്പുറമ്പ് റോഡ് ഉയരം കൂട്ടി ഗായത്രിപുഴവരെ എത്തിക്കുക	1
4	പറയൻകോട് റോഡിൽനിന്നും ചെക്ക് ഡാമിലേക്ക് റോഡ്	.5
	സ്വാമി ഭാഗത്തുനിന്ന് പേഴോട് റോഡ്	.5
	പള്ളിമുക്കിൽനിന്നും കാടാംകോട്പരെ	.5
	വാലിപ്പറമ്പ് പാലംമുതൽ മരുതൻകോട് വരെ	1
	എടാംപറമ്പ് ചെക്ക്ഡാമിൽ ഒരു പാലം	
	വെങ്ങന്നൂർ പാലം മുതൽ പുഴയോരംവഴി പറക്കുന്നംവരെ	2
5	കോർട്ട് റോഡിൽ നിന്ന് ആയാർകുളം വഴി ഹൈവേയിലേക്ക്	.4
6	മലക്കുളം മുതൽ നെല്ലിയാംകുന്നംവരെ	4
	NH-47 മുതൽ പൊട്ടിമടവരെ	.2
	വള്ളക്കുന്നത്തുനിന്ന് കണ്ണൻപറമ്പ് ഭാഗത്തേക്കുള്ള തോടിനു കുറുകെ പാലം	
	കണ്ണൻപറമ്പ് കോളനിയിൽ നിന്ന്പ്ലാക്കപ്പറമ്പ് ചക്കിങ്കൽ	

	ത്തറയിലേക്ക് റോഡ് കുട്ടിയുടെ കട മുതൽ ഇസ്മായിലിന്റെ വീടുവരെ	
7	പൂങ്ങോട്–ശ്മശാനം റോഡ് പൂങ്ങോട്-എടാംപറമ്പ്റോഡ് എടാംപറമ്പ് ശ്മശാനംറോഡ് മുച്ചിക്കാട്നിന്ന് പുഴയിലേക്ക് റേഡ് എടാംപറമ്പ്—കാവത്ത് കളം റോഡ് കുമ്പളക്കോട് — കണ്ടൻതൊടി റോഡ് മാളികപ്പറമ്പ്മുതൽ പുഴ വരെ	
8	പെരുമ്പളം–കിഴക്കൻകാട് ഹരിജൻ കോളനി കാരോട്ടുപാടം റോഡ് തുപ്പാളൂർ പുള്ളോട് റോഡിൽ നിന്നും ഹരിജൻ സെറ്റിൽമെൻറ്	
9	പുതുപ്പാളയം — പേഴപറമ്പ് കനാൽ റോഡ്	
10	പൊരുവത്തക്കാട്ടിൽ നിന്നും പടിഞ്ഞാറുഭാഗത്തേക്ക്കനാൽ ബണ്ട് വരെ പൊരുവത്തക്കാട്ടിൽനിന്നും കിഴക്കോട്ട തുപ്പാളൂർ മെയിൻ റോഡുവരെ കുമ്പളക്കോട്നിന്ന കിഴക്കോട്ട കനാൽബണ്ടുവഴി കിഴക്കേപ്പൊരെ കിണ്ടിമുക്ക മുതൽ ശ്മശാനംവരെ ചിറപ്പറമ്പ് റോഡ് NH–ൽനിന്ന് കൃഷിഭവൻവഴി അരങ്ങാട്ടപറമ്പ്റോഡ് തുപ്പാളൂർ PWD പഴയപാലം പുതുക്കിപ്പണിയുക	

കളിൽ വിവരിച്ച വിധം നിരവധി പുതിയ റോഡുകളും നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളും വന്നതോടൊപ്പം നിലവിലുള്ളവ വികസിപ്പിക്കണമെന്ന ആവശ്യവും ശക്തമായി ഉയർന്ന് വന്നിട്ടുണ്ട്. യാത്രാസൗകര്യങ്ങളും മെച്ചപ്പെടുത്തണമെന്നും ഗ്രാമസഭകളിൽ ആവശ്യം ഉയർന്നിട്ടുണ്ട്.

കാട്ടശ്ശേരി, വെങ്ങന്നൂർ എന്നീ പ്രദേശങ്ങളിലേക്ക് ഒരു കാലത്ത് ചെറിയ രീതിയിലെങ്കിലും ബസ് സർവ്വീസുകളും ഉണ്ടായിരുന്നു. ടൗണുമായി ധാരാളം ആളുകളും ബന്ധപ്പെടുന്ന ഈ പ്രദേശത്ത് ഇപ്പോൾ തീരെ ബസ് സർവ്വീസുകളില്ല. കാവശ്ശേരി, തരൂർ, ആലത്തൂർ, എരിമയൂർ, കുത്തന്നൂർ എന്നീ അഞ്ച് പഞ്ചായത്തുകളുടെ സംഗമ പ്രദേശമായ മരുതൻതടം വഴി ബന്ധപ്പെട്ടുകൊണ്ടാണ് ആലത്തൂർ-വെണ്ണന്നൂർ–കുത്തന്നൂർ റോഡ് സ്ഥിതിചെയ്യുന്നത്. കുത്തന്നൂർ പ്രദേശത്ത് നിന്ന് മെഡിക്കൽ കോളേജ് അടക്കം സ്ഥിതി ചെയ്യുന്ന തൃശ്ശൂർക്ക് 15 കി, മീറ്ററിലധികം ദൂരം ലാഭിക്കാൻ ഈറോഡ് ഗതാഗതം വഴി കഴിയുന്നതാണ്.

വളരെയധികം ജനങ്ങൾ പ്രത്യേകിച്ച് പട്ടികജാതി വിഭാഗക്കാർ താമസിക്കുന്ന വാന്നൂർ പ്രദേശത്തേക്ക് യാതൊരു യാത്രാസൗകര്യവും നിലവിലില്ല. യാത്രാസൗകര്യത്തിന് അനുയോജ്യമായ വിധം ഈ പ്രദേശത്തേക്കുള്ള റോഡ് മെച്ചപ്പെടുത്തേണ്ടതുണ്ട്.

മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് കിലോ മീറ്ററുകളോളം നടന്നിട്ട വേണം പഞ്ചായത്തിലെ ടൗണിലുള്ള ഹൈസ്കൂളിലെത്താൻ. ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്ന ഗവൺമെൻറ് ഗേൾസ് ഹൈസ്കൂളിൽ എത്താൻ രാവിലെ ഏഴുമണിക്കു തന്നെ കുട്ടികൾക്ക് വീടുകളിൽ നിന്ന് നടന്നു വരേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഈ പരിമിതികൾ ഉൾനാടുകളിലുള്ള കുട്ടികളുടെ വിദ്യാഭ്യാസരംഗത്ത് വികസനത്തിനു വിലങ്ങു തടിയായി നിൽക്കുന്നു.

റോഡുകളുടെ നിലവാരത്തകർച്ചക്ക് പ്രധാനമായ ഒരു കാരണം മിക്കവാറും റോഡുകൾക്ക് ഓടകൾ ഇല്ല എന്നതാണ്. എന്തെങ്കിലും അറ്റകുറ്റപ്പണികൾ ചെയ്താൽ തന്നെ ഓടകൾ ഇല്ലാത്തതിനാൽ ഒരു മഴക്കാലം കഴിയുന്നതോടെ റോഡുകൾ നാശമാവുന്നു. ഇതിന് അടിയന്തിര പരിഹാരം കാണേണ്ടതുണ്ട്. അറ്റകുറ്റപ്പണികൾക്ക് വേണ്ടത്ര തുക കണ്ടെത്താൻ പലപ്പോഴും കഴിയാറില്ല എന്നതു് നമ്മുടെ ഒരു പരിമിതിയാണ്.

സാദ്ധ്യതകൾ

നിലവിലുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്താൻ സ്കീമുകൾകൊണ്ട് വരേണ്ടതാണ്. ക്രമാനുഗതമായി മൺറോഡുകൾ മെറ്റൽചെയ്യുക. മെറ്റൽചെയ്തറോഡുകൾ ടാർ ചെയ്യുകയോ / കോൺക്രീറ്റ് ചെയ്യുകയോ തുടങ്ങിയ പ്രവർത്തികൾ ഏറ്റെടുക്കേണ്ടതുണ്ട്. ആവർത്തന ചെലവുകൾ ഒഴിവാക്കാൻ കഴിയുന്ന ധാരണയോടുകൂടിയ സ്കീമുകളാണ് തയ്യാറാക്കേണ്ടതു്. റോഡുകൾക്കുവേണ്ടി തുകകൾ കൂട്ടത്തൽ ചിലവാക്കുന്നതു് നിയന്ത്രിക്കാൻ ഈ നയംകൊണ്ട് കഴിയും. ഗ്രാമസഭകളിൽനിന്ന് നിർദ്ദേശിച്ച പുതിയ റോഡുകളുടെ നിർമ്മാണത്തിന് കർമ്മ പരിപാടിക്ക് രൂപംനൽകണം. നിലവിലുള്ളതും പുതുതായി നിർമ്മിക്കുന്നതുമായ റോഡുകൾക്ക് ഓടകൾ നിർമ്മിക്കുവാനും അതുവഴി റോഡുകൾ സംരക്ഷിച്ച് ആവർത്തന ചിലവുകൾ ഒഴിവാക്കാനും സ്കീമുകൊണ്ടുവരേണ്ടതാണ്. പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും ഓടകൾ നിർമ്മിക്കുന്നതിനും നമുക്ക് കൈമുതലായുള്ളതു് ജനശക്തിയാണ്. ശ്രമദാനത്തിലൂടെ (സന്നദ്ധപ്രവർത്തനത്തിലൂടെ) പുതിയ റോഡുകളുടെ നിർമ്മാണവും ഓടകളുടെ നിർമ്മാണവും നടത്താൻ കഴിയണം. നമ്മുടെ പരിമിതമായ സാമ്പത്തിക ശക്തിയും ഉയർന്ന തോതിലുള്ള ഫണ്ടിന്റെ ആവശ്യവും ഒരുവശത്തും, ധാരാളമായുള്ള ജനശക്തി മറുവശത്തും നിർത്തി പരിശോധിക്കുമ്പോൾ, ഇക്കാര്യത്തിൽ ആകെ വരുന്ന ചിലവിന്റെ $\frac{1}{3}$ ഭാഗമെങ്കിലും സന്നദ്ധപ്രവർത്തനത്തിലൂടെയും പൊതു സംഭാവനയിലൂടെയും സമാഹരിക്കാൻ കഴിയണം. റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിൽ മുൻഗണനാക്രമം നിശ്ചയിക്കാൻ ഗ്രാമ സഭകളിലൂടെ കഴിഞ്ഞിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് ബോർഡും രൂപീകൃതമാക്കേണ്ട കർമ്മ സമിതിയും കൂട്ടായി ആലോചിച്ച് പ്രസ്തുത മുൻഗണന നിശ്ചയിക്കണം.


ധാരാളം യാത്രക്കാർ ബസ്സിനു വേണ്ടി കാത്തുനിൽക്കുന്ന സ്വാതി ജംഗ്ഷനിൽ ഒരു വെയിറ്റിങ്ങ് ഷെഡ്ഡ് നിർമ്മിക്കണം. ഇരട്ടക്കുളം, ആലത്തൂർ ടൗൺ തുപ്പാളൂർ ബസ്സ്റ്റാൻറ് പരിസരം എന്നീ സ്ഥലങ്ങളിൽ ഓട്ടോ ടാക്സി സ്റ്റാൻറുകൾ നിർമ്മിക്കാൻ സ്കീമുകൾ തയ്യാറാക്കേണ്ടതാണ്. ടൗണിലെത്താൻ കൂടുതൽ ദൂരമുള്ള വാനൂർ, കാട്ടുശ്ശേരി, വെങ്ങന്നൂർ എന്നീ സ്ഥലങ്ങളിലേക്ക് അടിയന്തിരമായും ബസ് ഗതാഗതം ആരംഭിക്കാനുള്ള പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. നിലവിലുള്ളതും പുതുതായി നിർമ്മിക്കുന്നതുമായ റോഡുകളുടെ സംരക്ഷണത്തിനു പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കുകയും അത്തരം സമിതികളുടെ പ്രവർത്തനത്തിനു പദ്ധതികൾ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

ഗതാഗത വികസനരംഗത്ത് ജനകീയ കാളിത്തത്തോടെ ഒരു പുത്തൻ സംസ്കാരം സൃഷ്ടിച്ച് മാതൃകയാവാൻ നമുക്ക് കഴിയണം.

5

7

പാർപ്പിടം
സാമൂഹ്യക് ക്ഷേമം



പാർപ്പിടം

അവലോകനം

ആലത്തൂർ പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. താലൂക്ക് ഹെഡ് കോർട്ടർ അടുത്തുള്ളതു കൊണ്ട് പാർപ്പിട കാര്യത്തിൽ ഒരു പരിധിവരെ പുരോഗതിയുണ്ട്. പഞ്ചായത്തിൽ ഇപ്പോൾ 6299 വീടുകളുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിൽ ശരാശരി 150 വീടുകൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്.

പഞ്ചായത്തിലെ 73 ശതമാനം വീടുകൾ മേൽക്കൂരയുള്ളതാണ്. 13% കോൺക്രീറ്റ് മേൽക്കൂരയുള്ളതും 11 ശതമാനം ഓലമേഞ്ഞതും 3% മറ്റു രീതിയിൽ പണിതവയുമാണ്. മേൽപറഞ്ഞ വീടുകളിൽ 90% വീടുകളും ഇഷ്ടിക ഉപയോഗിച്ച് കെട്ടിയവയാണ്. ഇതിൽ 10 ശതമാനം വീടുകളിൽ തറ മൊസൈക്ക് ഇട്ടിട്ടുണ്ട്.

നിലവിലുള്ള പാർപ്പിടങ്ങളിൽ 40 ശതമാനം 200 മുതൽ 500-ൽ താഴെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള ചെറുകിട വീടുകളാണ്. 200 ചതുരശ്ര അടിയിലും കുറഞ്ഞ വിസ്തീർണ്ണമുള്ള വീടുകളും 7% വരുന്നുണ്ട്. തറ, ചുമർ, മേൽക്കൂര, വിസ്തീർണ്ണം എന്നീ ഘടകങ്ങളെല്ലാം പരിഗണിച്ചാൽ തൃപ്തികരമല്ലാത്തതും മാറ്റം ആവശ്യമുള്ളതുമായ വീടുകളും 11 ശതമാനമാണെന്നും കണക്കുകളും കാണിക്കുന്നു. സ്വന്തമായി സ്ഥലം ഉള്ളവരും ഭവന നിർമ്മാണത്തിനും സഹായം ലഭിക്കേണ്ടുന്നവരുമായി ഏകദേശം 1100 കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. സ്വന്തമായ വീടും, സ്ഥലവുമില്ലാത്ത കൂട്ടുകുടുംബങ്ങളായി താമസിച്ചുവരുന്ന ഏകദേശം 600 കുടുംബങ്ങളും ഉള്ളതായി കണക്കാക്കുന്നു.

1956-ൽ പ്രവർത്തനം ആരംഭിച്ച ആലത്തൂർ ഗ്രാമീണ ഭവന നിർമ്മാണ സഹകരണ സംഘം F-1627ന്റെ ആസ്ഥാനം ആലത്തൂർ പഞ്ചായത്തിലാണ്. കണക്കുകളും പൂർണ്ണമായി ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും കെട്ടിട നിർമ്മാണ രംഗത്ത് ഈ സ്ഥാപനത്തിൽ നിന്നുള്ള ധനസഹായം വഴി നമ്മുടെ പഞ്ചായത്തിൽതന്നെ

നിരവധി വീടുകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ പദ്ധതികളിലൂടെ കഴിഞ്ഞ പദ്ധതിക്കാലത്ത് ബ്ലോക്കുവഴി 92 വീടുകൾ അനുവദിച്ചതിൽ 65 എണ്ണം മാത്രമാണ് പണി പൂർത്തീകരിച്ച് വാസയോഗ്യമായിട്ടുള്ളത്.

ആലത്തൂർ പഞ്ചായത്തിനകത്താണ് ഭൂവികസന ബേങ്ക് സ്ഥിതി ചെയ്യുന്നത്. ഈ സഹകരണ സ്ഥാപനവും വീട് നിർമ്മിക്കുന്നതിന് വായ്പ അനുവദിക്കുന്നുണ്ട്. ഈ വായ്പകൾ പ്രത്യേക ജാമ്യത്തിന്റെ ഉറപ്പിന്മേൽ മാത്രമാണ് നൽകുന്നത്.

പാർപ്പിട പ്രശ്നം ആലത്തൂർ പഞ്ചായത്തിൽ സൂക്ഷ്മമല്ല എന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും, പാർപ്പിട രംഗത്തെ സ്ഥിതിഗതികൾ മെച്ചപ്പെടുത്തുന്നതിനും വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീടുണ്ടാക്കുന്നതിനും നിലവിലുള്ള സംവിധാനംകൊണ്ട് സമയ ബന്ധിതമായി വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് കെട്ടുന്നതിനുള്ള പോം വഴി അടിയന്തിരമായി കണ്ടെത്തേണ്ടിയിരിക്കുന്നു.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം			
		കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	727	43	453	190	41
II	473	50	337	74	12
III	789	176	556	47	10
IV	545	12	366	160	7
V	827	195	547	27	58
VI	606	95	494	63	4
VII	724	109	543	56	16
VIII	533	59	456	18	—
IX	567	44	475	48	—
X	508	88	396	16	8
ആകെ	6299	821	4623	699	156

പ്രശ്നങ്ങൾ

ഭവന നിർമ്മാണത്തിനാവശ്യമായ ഇഷ്ടിക, കരിങ്കല്ല്, മരം എന്നിവ ഈ പഞ്ചായത്തിൽനിന്നുതന്നെ ലഭ്യമാണ്. മണലിന് ദൗർലഭ്യം നേരിടുന്നുണ്ട്. ഭൂരിപക്ഷം ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഓട് അയൽജില്ലയായ തൃശ്ശൂരിൽനിന്നാണ് ലഭിക്കുന്നത്.

കാർഷികമേഖലയിൽനിന്നും കെട്ടിട നിർമ്മാണ രംഗത്തേക്ക് തൊഴിലാളികൾ കടന്നു വന്നിട്ടുണ്ടെങ്കിലും ഈ രംഗത്ത് വിദഗ്ദ്ധ തൊഴിലാളികളുടെ എണ്ണം പരിമിതമാണ്. വിവിധ പദ്ധതികളിലായി വിവിധ ഏജൻസികൾവഴി നിർധനരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി നൽകിവരുന്ന ധനസഹായം ഈ പഞ്ചായത്തിന്റെ നിലവിലുള്ള പരിതസ്ഥിതിയിൽ അപര്യാപ്തമാണ്.

പഞ്ചായത്തിലെ ഹരിജൻ കോളനികളിലും ലക്ഷംവീട് കോളനികളിലും നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ വളരെ കുറവാണ്. ഇവിടെ നിർമ്മിച്ചിട്ടുള്ള വീടുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ അവയുടെ അവസ്ഥ വളരെ ശോചനീയമാണ്.

കെട്ടിടനിർമ്മാണരംഗത്ത് അനാവശ്യ ചിലവുകൾ കുറച്ചുകൊണ്ടുവരുന്നതിനും ചിലവുകുറഞ്ഞ നിർമ്മാണ ശൈലി അവലംബിക്കുന്നതിനും വേണ്ട പ്രചാരം ലഭിച്ചിട്ടില്ല.

വീടുകൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ കക്കൂസുകളും അത്യാവശ്യമാണെന്ന ധാരണ എല്ലാവരിലും ഇനിയും എത്തിയിട്ടില്ല. ഇതിന്, സാമ്പത്തികശേഷിക്കുറവുള്ള എല്ലാവർക്കും കക്കൂസ് ഉണ്ടാക്കുന്നതിനുള്ള പദ്ധതി പഞ്ചായത്തു തലത്തിൽ കണ്ടെത്തേണ്ടിയിരിക്കുന്നു. ആലത്തൂർ പഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. നാഷണൽ ഹൈവേയുടെയും PWD റോഡിന്റേയും ഇരുവശത്തുമുള്ള കൃഷിയിടങ്ങൾ നികത്തി അവിടെ കെട്ടിടം കെട്ടുന്ന പ്രവണത പഞ്ചായത്തിൽ കൂടിക്കൂടി വരുന്നുണ്ട്.

നിർദ്ദേശങ്ങൾ

1 പഞ്ചായത്തിൽ ലഭ്യമല്ലാത്ത കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണവും, വിതരണവും സഹകരണാടിസ്ഥാനത്തിൽ നടത്തുക.

2 നിർമ്മാണ രംഗത്ത് തൊഴിലാളികൾക്ക് വിദഗ്ദ്ധമായ പരിശീലനം ലഭിക്കുന്നതിനുള്ള സംവിധാനം ഈ രംഗത്തു പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ വഴി നൽകേണ്ടതാണ്.

3 പഞ്ചായത്തിൽ നിന്നും സർക്കാരിന്റെ മറ്റു പദ്ധതികൾ മുഖേനയും നിർമ്മിച്ചു കൊടുത്ത വീടുകളുടെ അറ്റകുറ്റപണികൾ യഥാകാലങ്ങളിൽ ചെയ്യുതീർക്കുവാൻആവശ്യമായ സാമ്പത്തിക സഹായം ബന്ധപ്പെട്ട വകുപ്പിൽനിന്നും അനുവദിക്കേണ്ടതാണ്. ലക്ഷം വീടുകളിലെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കണം.

4 നിർധനരായ കുടുംബാംഗങ്ങൾക്ക് സർക്കാരിൽനിന്നും അനുവദിക്കുന്ന ഭവന നിർമ്മാണത്തിനുള്ള ധനസഹായം ഉയർത്തുക, പുറമെ ഇടത്തരം കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള വായ്പ സഹകരണസംഘങ്ങൾ മുഖേന സർക്കാരിന്റെ ധനസഹായത്തോടെ ലഭ്യമാക്കുന്നതും ഉദാരമാക്കുന്നതും പാർപ്പിടരംഗത്തെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാവും.

5 സ്വന്തമായി വീടും, ഭൂമിയും ഇല്ലാത്തവർക്ക് സർക്കാർ നേരിട്ട് സ്ഥലം എടുത്തുകൊണ്ട് ഹൗസിംഗ് കോളനികളും നിർമ്മിച്ച് വീടില്ലാത്തവർക്ക് വീട് കെട്ടിക്കൊടുക്കുക.

6 ഭവന നിർമ്മാണ ഗ്രാന്റായി നിർദ്ധനർക്ക് പല ഏജൻസികളും, പല തുകകളും നൽകുന്നത് ഏകീകരിക്കുവാൻ നടപടി സ്വീകരിക്കണം.

7 പാടം നികത്തി കെട്ടിടം പണിയുന്നത് തടയുന്നതിന് നിലവിലുള്ള നിയമം ശക്തമായി നടപ്പിലാക്കുക.

8 വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന ഭവന നിർമ്മാണ ഗ്രാന്റുകളെക്കുറിച്ചു, വായ്പകളെക്കുറിച്ചും അറിയുന്നതിനും, സമയാസമയങ്ങളിൽ അപേക്ഷ നൽകുന്നതിനും ജനങ്ങളെ പ്രാപ്തരാക്കുന്നതിനും ആളകം ക്ക് ബോധവൽക്കരണ ക്യാമ്പുകൾ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കണം.

9 കെട്ടിടനിർമ്മാണ രംഗത്ത് അനാവശ്യ ചിലവുകൾ കുറക്കുന്നതിനും, ചിലവ് കുറഞ്ഞ നിർമ്മാണ ശൈലി അവലംബിപ്പിക്കുന്നതിനും വേണ്ട പ്രചരണം നൽകണം. ഇതിനുവേണ്ടി പോസ്റ്ററുകൾ, സ്ലൈഡുകൾ, ബാനറുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കണം.

10 പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്ത നിർദ്ധനരായ ആളകംക്ക് കക്കൂസ് കെട്ടുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുകയും, അതുപയോഗിച്ച് ഇത്തരം ആളകം കെട്ടുന്നുണ്ടോ എന്ന് പരിശോധിക്കുകയും, സാമ്പത്തികമായി അല്പം ഉയർന്ന ഇടത്തരം കുടുംബാങ്ങളിൽ കക്കൂസില്ലെങ്കിൽ അവരെ കക്കൂസിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി അവരെക്കൊണ്ടുതന്നെ കക്കൂസ് കെട്ടിപ്പിക്കുകയും ചെയ്യണം.

സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്കുതാഴെയുള്ള കുടുംബങ്ങളെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ

ഐ ആർ.ഡി.പി.

കുടുംബ വാർഷികവരുമാനം 11,000 രൂപയിൽ താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുകയും അത്തരം കുടുംബങ്ങളിലെ അംഗങ്ങൾക്ക് അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായപദ്ധതികൾക്ക് രൂപം നൽകുകയും അവ നടപ്പിലാക്കുന്നതിനു ബാങ്കിൽനിന്നു വായ്പയും സർക്കാരിൽ നിന്നു ധനസഹായവും ലഭ്യമാക്കി കൊടുക്കുകയും ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഗ്രാമവികസന വകുപ്പിലൂടെ നടപ്പിലാക്കുന്ന ഈ പദ്ധതി ആലത്തൂർ പഞ്ചായത്തിൽ നടപ്പിലാക്കിയതു സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

ഐ. ആർ. ഡി. പി.

വർഷം	സഹായം ലഭിച്ച കുടുംബാംഗങ്ങളുടെ എണ്ണം	സഹായ ധനം In Lakhs	വായ്പ In Lakhs
1992 / 93	43	0.89	1.37
93 / 94	34	1 28	1.91
94 / 95	36	1.60	3.95
95 / 96	30	1.52	4.14
ആകെ	143	5.29	11.37

1992-ൽ നടത്തിയഐ.ആർ.ഡി.പി. സർവ്വെപ്രകാരം ... .കുടുംബങ്ങളും 1995 ലെ അഡീഷനൽ സർവ്വെപ്രകാരമുള്ള ..... കുടുംബങ്ങളും ഉൾപ്പെടെ.....കുടുംബങ്ങളാ ദാരിദ്ര്യരേഖക്കുതാഴെയുള്ളതായി കണ്ടെത്തി. ഇതിൽ കുടുംബങ്ങൾക്ക് കഴിഞ്ഞ പദ്ധതി കാലത്ത് സഹായം നൽകിയതായി കണക്കുകൾ വ്യക്തമാക്കുന്നു.

* അർഹരായ കുടുംബങ്ങളെ ഉൾപ്പെടുത്തുകയും അനർഹരായ കുടുംബങ്ങളെ ഒഴിവാക്കുകയും ചെയ്തുകൊണ്ട് നിലവിലുള്ള IRDP സർവ്വെ ലിസ്റ്റ് കുറ്റമറ്റതാക്കണം

* അർഹരായ മുഴുവൻ പേർക്കും ഈ ആനുകൂല്യം ലഭിക്കുന്നതിന്നു ആവശ്യമായ ഫണ്ട് ലഭ്യമാക്കണം. അർഹമായവരിൽ വളരെ ചെറിയൊരു വിഭാഗത്തിനു മാത്രമേ ഇപ്പോൾ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുള്ളൂ.

* ഇപ്പോൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള കുടുംബ വാർഷിക വരുമാനം 11000 രൂപ എന്നത് കാലോചിതമായ മാറ്റത്തിനു വിധേയമാക്കുകയും പരിധി ഉയർത്തുകയും ചെയ്യേണ്ടതാണ്.

* ഈ പദ്ധതി അനുസരിച്ച് അതാതു വർഷത്തെ ലക്ഷ്യം കൈവരിക്കുന്നതിനു ധനകാര്യ സ്ഥാപനങ്ങൾക്കു കർശനമായ നിർദ്ദേശം സർക്കാർ തലങ്ങളിൽനിന്നു നൽകണം.

* പദ്ധതിയുടെ മോണിറ്ററിംഗ് സംവിധാനം മെച്ചപ്പെടുത്തുകയും വായ്പ, അനുവദിക്കപ്പെട്ട പദ്ധയിക്കുതന്നെ വിനിയോഗിക്കുകയും ചെയ്യുന്നുണ്ടെന്നു ഉറപ്പുവരുത്തുകയും വേണം.

* സാമ്പത്തികമായി ഏറ്റവും താഴെ തട്ടിലുള്ള ജനവിഭാഗങ്ങൾക്കുള്ള പദ്ധതിഎന്ന പരിഗണന കൊടുത്തുകൊണ്ട്, വായ്പ അനുവദിക്കുന്ന കാര്യത്തിൽ കുറേക്കൂടി ഉദാരമായ സമീപനം ധനകാര്യസ്ഥാപനങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതാണ്.

* ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും അർഹ

രായവർക്ക് ലഭിക്കുന്നുണ്ടെന്നു് ഉറപ്പു വരുത്തണം.

* വായ്പ കൃത്യമായി തിരിച്ചടക്കുന്നതിനു് യഥാസമയങ്ങളിൽ നടപടി സ്വീകരിക്കണം.

ഗ്രാമീണ വനിതാ ശിശു വികസന പരിപാടി.

ഗ്രാമപ്രദേശങ്ങളിലുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ് ഗ്രാമീണ വനിതാ ശിശു വികസന പരിപാടി. കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ യൂണിസെഫിൻെറയും സഹായം ഈ പദ്ധതി നടപ്പിലാക്കുന്നതിന്നായി ലഭ്യമാകുന്നു.

നമ്മുടെ പഞ്ചായത്തിൽ ഈ പദ്ധതിയുടെ 5 യൂണിറുകളാണുള്ളതു്. ഇതിൽ 3 യൂണിറുകളുടെ പ്രവർത്തനം തൃപ്തികരമാണു്. വാരൂരിലുള്ള ഡയറി യൂണിറും കുന്നൻകാട്ടുള്ള ആട് വളർത്തൽ യൂണിറും വാലിപ്പറമ്പിലുള്ള പായനെയ്ത്ത യൂണിറും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്ന യൂണിറുകളാണു്.

പള്ളിപ്പറമ്പിലുള്ള ബീഡിയൂണിറും വെങ്ങണ്ണിയൂരിലുള്ള നെല്ല കുത്ത് യൂണിറും പുനരുജ്ജീവിപ്പിക്കേണ്ട സ്ഥിതിയിലാണ്.

ഡി ഡബ്ള്യു. സി. ആർ. എ. യൂണിറുകളം

വർഷം	യൂണിറ്	അംഗങ്ങളുടെ എണ്ണം	സഖ്യ	വ. സ്തു
1)1983–84	ബീഡി യൂണിറ്	16	2656	5344
2)1984–85	ഓലപായ നിർമ്മാണം	20	6680	3320
3)1986–87	നെല്ല സംസ്കരണം	20	16,660	33340
4) 1994–95	ഡയറി യൂണിറ്	12	48,000	115075
5) 1995 –96	ആടുവളത്തൽ യൂണിറു്	8	48,000	1,21,600

യൂണിറുകൾക്കുള്ള സ്കീം തയ്യാറാക്കുന്ന ഘട്ടത്തിൽ അസംസ്കൃത സാധനങ്ങളുടെ പ്രാദേശികമായ ലഭ്യത, ഉല്പന്നങ്ങളുടെ വിപണന സാധ്യത എന്നീ ഘടകങ്ങൾ ശരിയായ പരിശോധനക്കു് വിധേയമാക്കേണ്ടതാണ്.

യൂണിറിൻെറ പ്രവർത്തനം യഥാസമയങ്ങളിൽ വിലയിരുത്തുകയും. ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും വേണം.

യൂണിറിലെ ഉല്പന്നങ്ങൾക്കു് വിപണി കണ്ടെത്തുന്നതിനു് സർക്കാർതലത്തിൽ തന്നെ പ്രാദേശികമായി സംവിധാനമുണ്ടാവണം.

ഗ്രാമീണ യുവാക്കൾക്കുള്ള സ്വയംതൊഴിൽ പരിശീലന പരിപാടി – ട്രൈസം

ഗ്രാമീണ യുവാക്കൾക്കു് സ്വയം തൊഴിൽ ചെയ്യുന്നതിന്നാവശ്യമായ പരിശീലനം നൽകുന്ന പരിപാടിയാണു് ട്രൈസം. 18 വയസ്സിനും 35 വയസ്സിനുമിടക്കുള്ള യുവതി യുവാക്കളെയാണു് ഇതിന്നായി തിരഞ്ഞെടുക്കുന്നതു്. പരിശീലന കാലയളവിൽ ഒരു നിശ്ചിത തുക സ്റ്റൈപ്പൻറായി നൽകുകയും പരിശീലനം പൂർത്തിയാക്കിയശേഷം IRDP പദ്ധതിയിലൂടെ വായ്പയും ധനസഹായവും നൽകികൊണ്ടു് അവരെ സ്വയം തൊഴിൽ ചെയ്യുന്നതിനു് പ്രാപ്തരാക്കുകയും ചെയ്യുകയാണു് ഈ പരിപാടിയുടെ ലക്ഷ്യം.

നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ വർഷങ്ങളിൽ ഈ പരിപാടിയിലൂടെ പരിശീലനം ലഭിച്ചവരുടെ കണക്കുകൾ താഴെ ചേർക്കുന്നു.

വർഷം	പരിശീലനം ലഭിച്ചവർ	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	മറ്റുസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ
1994–95	11	1	10
1995–96	7	2	5
1996–97	2	—	—

പരിശീലനം നേടിയവരിൽ ഒരു ചെറുവിഭാഗത്തിനു മാത്രമെ പദ്ധതി വിഭാവനം ചെയ്ത സ്വയം തൊഴിൽ കണ്ടെത്തലിനുള്ള സഹായം ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്നവരിൽ തന്നെ പൂർണ്ണമായും, പരിശീലനം നേടിയ മേഖലയുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടതായി കാണുന്നില്ല.

പരിശീലനാർത്ഥികളുടെ അഭിരുചിയ്ക്കനുസരിച്ച് മേഖലകളിൽ പരിശീലനം ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും പരിശീലനം പൂർത്തിയാക്കിയവരെ ബന്ധപ്പെട്ട തൊഴിലിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുകയും ചെയ്താൽ മാത്രമെ ഈ പരിശീലന പരിപാടികൊണ്ട് ഉദ്ദേശിച്ച ഗുണം ലഭിക്കുകയുള്ളൂ അതിനാവശ്യമായ നടപടികളും സൂക്ഷ്മതയോടെയുള്ള വിലയിരുത്തലും ഉണ്ടാവേണ്ടതാണ്.

ഗ്രാമീണ കൈത്തൊഴിലുകാർക്കുള്ള തൊഴിലുപകരണങ്ങളുടെ വിതരണ പദ്ധതി

ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായിപരിഷ്കൃത തൊഴിലുപകരണങ്ങൾ വാങ്ങുന്നതിന് സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

നടപ്പു പദ്ധതി കാലത്ത് നമ്മുടെ പഞ്ചായത്തിൽ ഈ ആനുകൂല്യം ലഭിച്ച ഗ്രാമീണ കൈത്തൊഴിലുകാരുടെ കണക്ക് ഇതോടൊപ്പം ചേർക്കുന്നു.

IRDP സർവ്വേപ്രകാരം ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിനു അർഹതയുള്ളവരുടെ എണ്ണം
48	14	36

കേന്ദ്ര ഗ്രാമ ശുചിത്വപരിപാടി

ഗ്രാമങ്ങളിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുവാൻ ഈ പരിപാടി മുഖേന 2000രൂപ ധനസഹായം നൽകുന്നു. 2500രൂപ ചിലവു കണക്കാക്കപ്പെടുന്നതും പ്രത്യേക മാതൃകയിൽ നിർമ്മിക്കുവാൻ നിഷ്കർഷിക്കുന്നതുമായ ഇത്തരം കക്കൂസുകൾക്ക് 2000 രൂപ മാത്രമാണ് നൽകുന്നത്.

ഇതിന്നു കണക്കാക്കപ്പെട്ടന്ന ചിലവ് കാലോചിതമായി പുനർനിർണ്ണയം ചെയ്തു കൊണ്ട് വർദ്ധിപ്പിക്കുകയും അതാതു പ്രദേശത്തെ സാഹചര്യങ്ങൾക്കനുസരിച്ചുള്ള മാതൃകകൾ ഇതിന്റെ നിർമ്മാണത്തിന്നു് സ്വീകരിക്കുകയും വേണം കണക്കാക്കപ്പെട്ടന്ന ചിലവ് പൂർണ്ണമായും ധനസഹായമായി നൽകികൊണ്ടു മാത്രമെ ദാരിദ്ര രേഖക്കു താഴെയുള്ളവർക്കു നൽകുന്ന ഈ പരിപാടി നിശ്ചിത കാലയളവിൽ പൂർത്തിയാക്കുവാനും വിജയിപ്പിക്കുവാനും കഴിയുകയുള്ളു.

നടപ്പു പദ്ധതി കാലത്ത് ഈ പഞ്ചായത്തിൽ കേന്ദ്ര ഗ്രാമ ശ്രുചിത്വ പരിപാടിയനുസരിച്ച് പൂർത്തിയാക്കിയ കക്കൂസുകളുടെ വിവരം താഴെ കൊടുക്കുന്നു.

വർഷം	ആകെ അനുവദിച്ചതു്	ചിലവാക്കിയതുക	ആകെ പൂർത്തിയാക്കിയവ
1993–94	23	30, 000	15
1994–95	10	12, 000	6
1995–96	21	38, 000	19
1996–97	12	—	—

കോളറ ബാധിത പ്രദേശങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ കക്കൂസ് നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഊന്നിജിതമായ ബോധവൽക്കരണം നടത്തുകയും സാമ്പത്തിക സഹായം ലഭിക്കേണ്ടവർക്ക് അതു് ലഭ്യമാക്കുകയും ചെയ്യുന്നതിനു് വിപുലമായ പരിപാടികളും ആസൂത്രണം ചെയ്യേണ്ടതാണു്.

പെൻഷൻ പദ്ധതികൾ

സാമൂഹ്യ ക്ഷേമ രംഗത്തു്, നിരവധി പെൻഷനുകളും മറ്റു ധനസഹായങ്ങളും നടപ്പിലാക്കി വരുന്നുണ്ടു്. റവന്യൂ വകുപ്പ് വഴിയാണു് ഇതിൽ അധികവും നൽകി വരുന്നതു്. നമ്മുടെ പഞ്ചായത്തിൽ ഈ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ കണക്കുകളും താഴെ ചേർക്കുന്നു.

	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	തൊഴിലില്ലായ്മ വേതനം	
	149	234	154	106	

നിത്യവൃത്തിക്കു ബുദ്ധിമുട്ടുന്ന അവശരായ പലർക്കും അർഹതയുണ്ടായിട്ടും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന പരാതികൾ മിക്ക ഗ്രാമസഭകളിലും ഉയർന്നു വന്നതാണ്. ഇത്തരം ക്ഷേമ പദ്ധതികളുടെ മുഴുവൻ പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുകയും ആവശ്യമായ ഫണ്ട് ഉടനെ ലഭ്യമാക്കേണ്ടതുമാണ്. അനർഹരായവർ ഇതിന്റെആനുകൂല്യം കൈപ്പറ്റുന്നുണ്ടോ എന്നതും പരിശോധിക്കപ്പെടേണ്ടതാണ്.

വിധവാ പെൻഷൻ

വിധവകൾക്ക് അവരുടെ വരുമാനത്തെ അടിസ്ഥാനമാക്കികൊണ്ട് പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പ്രായപൂർത്തിയായ ആൺമക്കളുണ്ടെന്ന പേരിൽ ഈ പെൻഷൻ നിഷേധിക്കുന്ന നിയമത്തിൽ ഭേദഗതിചെയ്താൽ മാത്രമെ സാമ്പത്തിക പ്രയാസം നേരിടുന്ന എല്ലാ വിധവകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളൂ.

വികലാംഗ പെൻഷൻ


വികലാംഗർക്ക് ഈ പെൻഷൻ ലഭിക്കുന്നതിന് ഒട്ടേറെ പ്രയാസങ്ങളും കാലതാമസവും നേരിടേണ്ടിവരുന്നു. ഇവ ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടികളും, വികലാംഗ സർട്ടിഫിക്കറ് ലഭ്യമാകുന്നതിനും മറ്റും സ്വീകരിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ.....പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്.

കർഷക തൊഴിലാളിപെൻഷൻ

അർഹരായ മുഴുവൻ കർഷക തൊഴിലാളികൾക്കും പെൻഷൻ ലഭിക്കുന്നില്ല. അർഹരായ തൊഴിലാളികളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം. പെൻഷൻ ലഭിക്കുന്നതു സംബന്ധിച്ച് നിലനിൽക്കുന്ന നിരവധി അക്ഷേപങ്ങളും അടിയന്തിരമായി ഒഴിവാക്കേണ്ടതാണ്. അർഹരായ മുഴുവൻ പേർക്കും ബന്ധപ്പെട്ട പെൻഷൻ ആനുകൂല്യം അനുവദിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കുറ്റമറ്റ സംവിധാനം നിലവിൽ വരണം. ഇതിന്നായി ഒരു ഉപദേശക സമിതി രൂപീകരിക്കണം.

അങ്കൺവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അങ്കൺവാടികൾ നമ്മുടെ പഞ്ചായത്തിൽ 10 വാർഡുകളിലായി 12 എണ്ണം പ്രവത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അങ്കൺവാടിയെന്നതാണ് ഐ. സി. ഡി. എസ്സിന്റെ ലക്ഷ്യമെങ്കിലും ഈ പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലെന്ന് കാണിക്കുന്നു. ആയതുകൊണ്ട് തന്നെ അങ്കൺവാടികളിൽ കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുകയും പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. അങ്കൺവാടികളുടെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും, അറ്റകുറ്റപണിനടത്താത്തതും പ്രശ്നങ്ങളായി അവശേഷിക്കുന്നു.



സംസ്ക്കാരം

അവലോകനം

പാലക്കാടിനും തൃശൂരിനും ഇടയിലായി വീഴമലയുടെ മടിത്തട്ടിൽ തലചായ്ച്ച് ഗായത്രിപ്പുഴയുടെ പദലാളനവുമേറ്റ് അദ്ധ്വസുഷുപ്തിയിലാണ്ട കിടക്കുന്ന സുന്ദരിയായ ഒരു ഗ്രാമീണ കന്യക; ആലത്തൂരെന്ന ഗ്രാമത്തിന്റെ ദശവത്സരങ്ങൾക്ക് മുമ്പുള്ള പ്രതീക ഭംഗിയാർന്ന ചിത്രമാണ്. പത്തു വർഷംകൊണ്ട് ആലത്തൂരിന്റെ മുഖച്ഛായതന്നെ മാറിയിട്ടുണ്ട്. ഇടുങ്ങിയ റോഡുകളും, ഓലമേഞ്ഞ പുരകളും, കടകളും, കടത്തിണ്ണകളിൽ മടിയിലേറ്റിയ മുറങ്ങളുമായി നാട്ടുകാര്യങ്ങളും, അന്തർ ദേശീയ-രാഷ്ട്രീയ കാര്യങ്ങളും ചർച്ച ചെയ്യുന്ന ബീഡിത്തൊഴിലാളികളും ഇന്നു പ്രത്യക്ഷമായിരിക്കുന്നു. വീതിയേറിയ വീഥികളും, ആധുനിക രീതിയിലുള്ള കെട്ടിടങ്ങളും, ഷോപ്പിംഗ് കോപ്ലക്സുകളും ടവറുകളുംകൊണ്ട് നാഗരികതയുടെ മുഖാവരണമണിഞ്ഞു നിൽക്കുന്ന അങ്ങാടി പത്തുവർഷത്തിനുമുമ്പ് കണ്ടവർക്ക് ഇന്നു തിരിച്ചറിയാൻ വിഷമമായിട്ടുണ്ട് ടൗണിനുണ്ടായ ഈ മാറ്റം ഇതേയളവിൽ ഉൾപ്രദേശങ്ങളിലേക്കെത്തിയിട്ടില്ല.

കാട്ടുശ്ശേരി, പുതിയങ്കം എന്ന രണ്ട് അംശങ്ങൾ കൂടിച്ചേരുന്ന പഞ്ചായത്തിന് 19.62 ച. കി. മീ. വിസ്തൃതിയുണ്ട്. പഞ്ചായത്തിലെ ജനസംഖ്യ 1991-ലെ കാനേഷുമാരി കണക്കനുസരിച്ച് 23498 ആണ്. ഹിന്ദുക്കളും മുസ്ലീങ്ങളും, ക്രിസ്ത്യാനികളും അടങ്ങിയതാണ് ജനപദം. ഈ പഞ്ചായത്തിൽ ഇന്നോളം മതത്തിന്റെ പേരിലോ ജാതിയുടെ പേരിലോ കലഹങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല, മതാമൈത്രിയുടെ അനുകരണീയമായ മാതൃക ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുലർത്തിപ്പോരുന്നുണ്ട്.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ ആലത്തൂരിൽ പഞ്ചായത്തു് ഉണ്ടായിരുന്നെങ്കിലും ഇന്നത്തെ നിലയിലുള്ള പഞ്ചായത്ത് രൂപം കൊണ്ടതു് 1962 ലാണ്. ശ്രീ. ടി. പി. കേശവമേനോൻ, ശ്രീ വെങ്കിട സുബ്രഹ്മണ്യ അയ്യർ, ശ്രീ. വി.കെ മാധവൻനായർ, ശ്രീ പി. ജി. മേനോൻ, ശ്രീ. പി.മോഹൻദാസ് ശ്രീ. വി. സി. രാമചന്ദ്രൻ, തുടങ്ങിയവർ ഈ പഞ്ചായത്തിൽ പ്രസിഡൻറുമാരായിരുന്നവരാണ്. താലൂക്ക് തലസ്ഥാനംകൂടിയായ ആലത്തൂർ പഞ്ചായത്ത് അഭിമുഖീകരി

5

സംസ്കാരം

കേണ്ടിവന്നിരുന്ന പ്രധാന പ്രശ്നം ജലദൗർലഭ്യമായിരുന്നു. ആലത്തൂരിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥരിലധികവും അവധിയിൽ പ്രവേശിക്കുകയോ സ്ഥലം മാറ്റം റദ്ദാക്കുകയോ ചെയ്തിരുന്നു. എന്നാൽ 1971-ൽ ഉദ്ഘാടനം ചെയ്യപ്പെട്ടതും പിന്നീട് വിപുലപ്പെടുത്തിയതുമായ ശുദ്ധജല പദ്ധതികൊണ്ട് ജലദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും പാർപ്പിടം ഇന്നും ഒരു പ്രശ്നമായി തുടരുകയാണ്.

ആലത്തൂരിലെ ഏക കടലിൽ വ്യവസായമായ ബീഡിതെരുപ്പ് വ്യവസായത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളിവർഗ്ഗ കുടുംബങ്ങളുടെ കടുത്ത കൂലി കാരണം ഈ രംഗത്തുനിന്നും പിന്മാറിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലെ മുഖ്യതൊഴിൽ കൃഷിയാണ്. പുതുള്ളിമന, കവളപ്പാറ തുടങ്ങിയ ജന്മികുടുംബങ്ങളുടേതായിരുന്ന ഭൂരിഭാഗം കൃഷിഭൂമിയും, അക്കാലത്തെ കൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടെയും സ്ഥിതി അതീവശോചനീയമായിരുന്നു. കാർഷിക പരിഷ്കരണനിയമം നടപ്പിലായതോടുകൂടി ജന്മിത്തം അവസാനിപ്പിക്കുകയും പാട്ടകൃഷിക്കാർ കുടികിടപ്പിയുടെ ഉടമകളാവുകയും ചെയ്തതോടെ ഒരു പുതിയ കാർഷിക സംസ്ക്കാരം രൂപംകൊണ്ടു. സംഘടിതമായ സമരങ്ങളിലൂടെ മെച്ചപ്പെട്ട വേതനവും സേവന വ്യവസ്ഥകളും നേടിയെടുക്കാൻ കഴിഞ്ഞതോടെ കർഷകത്തൊഴിലാളികളുടെ ജീവിത നിലവാരവും ഇന്നു ഉയർന്നിട്ടുണ്ട്. എന്നിട്ടും കർഷകത്തൊഴിലാളികളിൽ ചിലർ തുടർച്ചയായ തൊഴിലും കൂടുതൽ മെച്ചപ്പെട്ട വേതനവും ലഭിക്കുന്ന കെട്ടിട നിർമ്മാണ വേലയിലേക്ക് തിരിഞ്ഞതിനാൽ കൃഷിപ്പണിക്ക് തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥയും ഇന്നുണ്ട്.

ഒരേ സമുദായത്തിൽപ്പെട്ടവർ കൂട്ടം ചേർന്ന് ഒരിടത്തു തന്നെ ഗ്രാമസമാരംഭിച്ചതിന്റെ ഫലമായി ഉണ്ടായ ഊരു ചേരികളും, ഗതകാല സ്മൃതിയുടെ ചൂണ്ടുപലകകളായി ഇന്നും കാണാം. നായർ തറകളും, ബ്രാഹ്മണരുടെ ഗ്രാമങ്ങളും, പണ്ടാരത്തറകളും, വടുകത്തറകളും, വണിയർ വീഥി. കമ്മാന്തറ തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. കച്ചവടാഭിമുഖ്യമുള്ള മുസ്ലീങ്ങളും അങ്ങാടിയിലാണ് കേന്ദ്രീകരിച്ചിട്ടുള്ളതു്. ഇതിൽ നിന്നും സാമുദായികാടിസ്ഥാനത്തിലാണ് താമസസ്ഥല വിഭജനം പണ്ടു നടന്നിട്ടുള്ളതു് എന്നു മനസ്സിലാക്കാം. എന്നാൽ ഇന്നു അങ്ങനെയൊരു വിഭജനം ആലത്തൂർ പഞ്ചായത്തിൽ കാണാൻ കഴിയില്ല. എല്ലാവരും എല്ലായിടത്തും ഇടകലർന്നും ഇടപഴകിയും ജീവിക്കുന്നു.

ആലത്തൂർ പഞ്ചായത്തിൽ ഓരോ ജനവിഭാഗത്തിനും അവരുടേതായ ആരാധനാലയങ്ങളും അതിനോടു ബന്ധപ്പെട്ടു ഉത്സവങ്ങളും ഉണ്ടു്.

വളരെ വീറോടും വാശിയോടും നടത്തപ്പെടുന്നതും വിഭിന്ന സമുദായക്കാർക്കു തുല്യരായ അവകാശങ്ങളും ഉള്ളതുമായ ഒരു മഹോത്സവമാണ് പുതിയങ്കം കാട്ടഴിശ്ശേരി വേല. പുതുക്കുളങ്ങര ഭഗവതിയുടെ ജന്മദിനമായ മീനമാസത്തിലെ അത്തം ദിവസമാണ് ഇതു് ആഘോഷിക്കപ്പെടുന്നതു്. ഉത്സവത്തിനു് പ്രാരംഭമായി കുറയിടൽ കഴിഞ്ഞാൽ കണ്യാറും, വേല കഴിഞ്ഞാൽ മലമക്കളിയും കണ്യാർകളി ദേശത്തു് അനുഷ്ഠാന കലകളായി നടത്തപ്പെടുന്നു. വേല ദിവസം ഗജവീരന്മാരുടെ എഴുന്നള്ളത്തു്, പഞ്ചവാദ്യം, വെടിക്കെട്ടു് എന്നീ പരിപാടികളും ഉണ്ടായിരിക്കും.

പെരുങ്കുളത്തെ നാലു ഗ്രാമങ്ങളും ചേർന്നു് നടത്തപ്പെടുന്ന രഥോത്സവത്തിനു് 500 വർഷത്തെ പഴക്കമുണ്ടെന്നു് പഴമക്കാർ അവകാശപ്പെടുന്നു. ഓരോ ഗ്രാമത്തിനും കലാഭംഗിവഴിഞ്ഞൊഴുകുന്ന രഥങ്ങൾ സ്വന്തമായിട്ടുണ്ടു്. വരദരാജപ്പെരുമാളുടെയും മഹാലക്ഷ്മിയുടെയും പരിണയമാണു് രഥോത്സവമായി ആഘോഷിക്കപ്പെടുന്നതു് എന്നാണു് സങ്കല്പം.

എല്ലാ വർഷവും വിഷുദിവസം വാനൂരിൽ വേല മഹോത്സവം നടത്തപ്പെടുന്നു. ഇപ്പോഴും ചില അഭിപ്രായ വ്യത്യാസങ്ങളുടെ ഫലമായി മുല്ലക്കൽ സമാപിച്ചിരുന്ന വേല ഉത്സവം മുടങ്ങിയിരിക്കുകയാണു്.

ആലത്തൂരിലെയും തൊട്ടടുത്ത പഞ്ചായത്തിലെയും ക്രിസ്ത്യ-മത വിശ്വാസികൾക്കു് ആരാധിക്കുവാനായി സ്ഥാപിക്കപ്പെട്ടതാണു് പഞ്ചായത്താഫീസിനു സമീപമുള്ള ലിറ്റിൽ ഫ്ളവർ ചർച്ചു്. ഇതിനുപുറമെ പാളത്തും ക്രിസ്ത്യൻപള്ളി നിലവിലുണ്ടു്. എല്ലാകൊല്ലവും ഫെബ്രുവരി മാസം രണ്ടാമത്തെ ശനിയും ഞായറുമായി വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ, ഇവിടെ കൊണ്ടാടപ്പെടുന്നു. പെരുന്നാളിനോടനുബന്ധിച്ചു് വിശേഷാൽ ആഘോഷമായ പാട്ടുകർബാന, കലാപരിപാടികൾ ബാൻറുമേളം കരിമരുന്നുപ്രയോഗം തുടങ്ങിയവ ഉണ്ടാകാറുണ്ടു്. ആഘോഷ പരിപാടികളിൽ ജാതിമത ഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങളും പങ്കെടുത്തുവരുന്നു.

നരിയംപറമ്പു്, വാണിയർവീഥി, തെലുങ്കത്തറ, തെക്കുമുറി, പെരുങ്കുളം എന്നിവിടങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ശൈവവംശജരായ മലംപണ്ടാര കുടുംബങ്ങളുടെ പൊതുവായ ആരാധനാലയങ്ങളാണു് മാരിയമ്മൻ കോവിലുകൾ. മേടമാസത്തിലെ ഏതെങ്കിലും ഒരു ചൊവ്വാഴ്ച ഈ കോവിലുകളിൽ 'പൊങ്കൽ' ഉത്സവം നടത്തപ്പെടുന്നു. അലങ്കരിച്ച ഗജവീരന്മാർ, പഞ്ചവാദ്യം വണ്ടിവേഷം, കുംഭക്കളി, മയിലാട്ടം തുടങ്ങിയ കലാപരിപാടികൾ ഇതോടനുബന്ധിച്ചു് നടത്തപ്പെടുന്നുണ്ടു്.

പഞ്ചായത്തിൽ മുസ്ലീംകളുടെ ആരാധനക്കായി ഒന്നു്, രണ്ടു്, നാലു്, ആറു്, ഏഴു്, എട്ടു്, ഒമ്പതു് എന്നീ വാർഡുകളിൽ ഓരോന്നും മൂന്നാം വാർഡിൽ മൂന്നു പള്ളികളുമുണ്ടു്. മതസൗഹാർദ്ദത്തിൻറെ പ്രതീകങ്ങളായ ചെറിയ പെരുന്നാൾ, വലിയ പെരുന്നാൾ, തുടങ്ങിയ ആഘോഷങ്ങൾ മുസ്ലീം സഹോദരങ്ങൾ സമുചിതമായി ആഘോഷിക്കാറുണ്ടു്.

ജാതിക്കും മതത്തിനും അതീതമായ ഒരു ചിന്താധാരയുടെ ഉറവിടമായി 1893-ൽ ബ്രഹ്മാനന്ദസ്വാമി ശിവയോഗി ആലത്തൂരിൽ സിദ്ധാശ്രമം സ്ഥാപിച്ചു. അക്രമവാസനയും അന്ധവിശ്വാസങ്ങളുംകൊണ്ടു് കലുഷിതമായ ഒരു സമൂഹത്തിൽ സത്യം, ധർമ്മം, യുക്തി, ജ്ഞാനം, സ്നേഹം തുടങ്ങിയ രശ്മികൾ ശിവയോഗി പ്രസരിപ്പിച്ചു. 1852 ആഗസ്റ്റ് 26-ാം തിയതി കൊല്ലങ്കോടു് ജനിച്ച അദ്ദേഹം സമൂഹത്തിലെ അനാചാരങ്ങൾക്കെതിരെ പ്രതികരിച്ചു. ഓരോ വ്യക്തിയും സ്വന്തം ഹൃദയത്തിലേക്കു് തീർത്ഥാടനം നടത്തണമെന്നും മനസ്സിൻറെ നിയന്ത്രണവും വിചാരങ്ങളുടെ വിശുദ്ധിയുമാണു് ശാന്തി സമാധാനങ്ങൾക്കുള്ള ഏക മാർഗ്ഗമെന്നും തൻറെ മോക്ഷപ്രദീപം, ശിവയോഗരഹസ്യം എന്നീ പുസ്തകങ്ങളിൽ ശിവയോഗി വ്യക്തമാക്കി. അദ്ദേഹത്തിൻറെ സിദ്ധാന്തങ്ങൾ 'ആനന്ദമതം' എന്നറിയപ്പെട്ടു.

വീഴമലയുടെ ചരുവിൽ 1968-ൽ നടരാജ ഗുരുവിൻറെ നേതൃത്വത്തിൽ സ്ഥാപിച്ച ഒരു ശ്രീനാരായണ ഗുരുകുലം ഇന്നും ഒരു പഠന കേന്ദ്രമായി നിലനിൽക്കുന്നുണ്ടു്, നിത്യ ചൈതന്യയതിയടക്കമുള്ളവർ ദിവസങ്ങളോളം ഈ ആശ്രമത്തിൽ താമസിച്ചു് പ്രഭാഷണങ്ങൾ നടത്തിവരുന്നുണ്ടു്.

സാമൂഹികാചാരങ്ങളുടെ കാര്യത്തിൽ പൊതുവിൽ കേരളത്തിൽ, പ്രത്യേകിച്ചു് പാലക്കാടു് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വലിയ ഏറ്റക്കുറച്ചിലില്ലാതെ ആലത്തൂരിലും ഉണ്ടായിട്ടുണ്ടു്. മാറാവ്യാധികൾ, പകർച്ചവ്യാധികൾ എന്നിവ ഉണ്ടാവുമ്പോൾ ചികിത്സക്കും പ്രതിരോധ കുത്തിവെയ്പിനും പകരമായി ജ്യോതിഷം, മന്ത്രവാദം എന്നിവയെ ആശ്രയിക്കുക, കുഞ്ഞുങ്ങൾക്കു് ദേഹനക്കേടു് ഉണ്ടാവുമ്പോൾ ഡോക്ടറെ കാണുന്നതിനു പകരം 'കൊതിയ് കളുക' തുടങ്ങി ഏതാനും ചില അന്ധവിശ്വാസങ്ങൾ ഇപ്പോഴും ആലത്തൂരിൽ നിലനിൽക്കുന്നുണ്ടു്. ഒരു ഗ്രാമത്തിൻറെ സംസ്കാരം പരിപോഷിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുള്ളതു്

അവിടത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. അതുയും തന്നെ പ്രാധാന്യം അർഹിക്കുന്ന മറൊരു ശ്രോത സ്സാണ് ഗ്രന്ഥാലയങ്ങളം, ഏതൊരു ഗ്രാമ ത്തിന്റെയും സാംസ്ക്കാരിക മാപിനി കളാണ് അവിടത്തെ ഗ്രന്ഥാലയങ്ങളം. ഈ പശ്ചാത്തലത്തിൽ പരിശോധിക്കു മ്പോം ആലത്തൂർ പഞ്ചായത്തിലെ ഗ്രന്ഥ ശാലകളുടെ പ്രവർത്തനം ഒട്ടും ആശാവഹ മല്ല.

വെങ്ങന്നൂർ പറക്കുന്നം ഹരിജൻ കോള നിയിലെ മഹാത്മാഗാന്ധി ഗ്രന്ഥാലയത്തി ന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരി ക്കയാണ്. ഹരിജനങ്ങളെ നാടിന്റെ പൊ തുധാരയിലേക്ക് കൊണ്ടുവരുന്നതിനും അവ രിൽ ജീവിതാവബോധവും അവകാശബോ ധവും ഉണർത്താനും ഈ ഗ്രന്ഥാലയം സഹാ യകമാണ്. ആലത്തൂർ പഞ്ചായത്ത് ലൈ ബ്രറിയുടെ സ്ഥിതിയും ശോചനീയമാണ്. അതിന് ഒരു ലൈബ്രേറിയൻ ഇപ്പോഴില്ല. പുസ്തകവിതരണം നടക്കുന്നില്ല. ഉള്ള പുസ്തക ങ്ങം ചിതലരിച്ചു തുടങ്ങിയിട്ടുണ്ട്. ഉടൻ തന്നെ ലൈബ്രേറിയനെ നിയമിച്ച് പുസ്തക ങ്ങം സംരക്ഷിക്കുകയും വിതരണം ചെയ്യുക യംചെയ്തു ലൈബ്രറി പുനരുജ്ജീവിപ്പി ക്കേണ്ടതാണ്. വാനൂർ ലൈബ്രറിയുടെ പ്ര വർത്തനവും തൃപ്തികരമല്ല. പുതിയകത്തെ സാംസ്കാരിക നിലയത്തിലാണ് ആലത്തൂർ പഞ്ചായത്തിലെ ലോക്കൽ ലൈബ്രറി പ്രവ ർത്തിക്കുന്നതു്. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഏറ്റെടുത്തു് ഈ ലൈബ്രറികളുടെ ഇന്ന ത്ത അവസ്ഥ മാറ്റിയെടുത്താൽ ആലത്തൂ രിന് സാംസ്കാരികമായി പുതിയൊരുണർവ്വ് നൽകുവാൻ കഴിയും.

ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ കടന്നു കയറ്റം ആലത്തൂരിലെ വായനക്കാരെ ബാധിച്ചിട്ടുണ്ട്. ഗൗരവമുള്ള വായന കുറഞ്ഞുവരികയും പൈങ്കിളി വാരിക കൂടുതൽ പരിക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ ഉന്നതമായ സംവേദനഷ്ടമതക്കുവേണ്ടി ടെലിവിഷൻ, റേഡിയോ, വീഡിയോ തുടങ്ങിയവ സംഘടിപ്പിച്ച് ഗ്രന്ഥാലയ ങ്ങളെ കൂടുതൽ ജനങ്ങളെ അങ്ങോട്ടാകർഷി ക്കുന്ന വിധത്തിലാക്കണം. പുസ്തക വിതര ണമെന്ന കൃത്യത്തിലൊതുക്കാതെ ഗ്രന്ഥ ശാലകളെ പഞ്ചായത്തിന്റെ ജീവനാഡി കളാക്കാൻ കഴിയണമെങ്കിൽ കൂടുതൽ സാംസ്കാരിക പ്രവർത്തനങ്ങം അനുവഴി നടത്തണം. കലാകായിക ക്ലബ്ബുകം, കലാമേളകം, കാർഷിക സെമിനാറുകം, ബോധവൽക്കരണ ക്ലാസുകം തുടങ്ങിയ പ്രവർത്തനങ്ങം ഗ്രന്ഥശാലയുടെ കീഴിൽ നടത്തുന്നതിന് സംവിധാനമുണ്ടാക്കണം. ആലത്തൂർ താലൂക്ക് കേന്ദ്രം കൂടിയായതു കൊണ്ട് താലൂക്ക് കേന്ദ്രമായി ഒരു സെൻറ്റൽ ലൈബ്രറി കൂടി സ്ഥാപിക്കു ന്നതു് നന്നായിരിക്കും. ഒരു ഗ്രാമത്തിന്റെ വികസനം അവിടത്തെ ജനങ്ങളുടെ സാംസ്ക്കാരിക പുരോഗതിക്ക് ഊന്നൽ കൊടുക്കുന്നുണ്ട് എങ്കിൽ അവിടത്തെ ഗ്രന്ഥശാലയും വായന ശാലയും സജീവ മായി പ്രവർത്തിപ്പിക്കേണ്ടതാണ്.

ആലത്തൂർ പഞ്ചായത്തിൽ പ്രചാരത്തി ലുള്ള പത്രങ്ങളിൽ 'മാതൃഭൂമിയും' വാരികക ളിൽ മനോരമയും മുന്നിട്ടുനിൽക്കുന്നു. സി ദ്ധാശ്രമം വകയായി 'സാരഗ്രാഹി' എന്നൊ രു മാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. പ്ര ചാരത്തിലുള്ള പത്രങ്ങളുടെയും വരികകളുടെ യും പട്ടിക മുഗളിൽകൊടുത്തിട്ടുണ്ട്.

ആലത്തൂർ പഞ്ചായത്തിൽ ആകെ ആറ് കലാസമിതിയുമം പ്രവർത്തിക്കുന്നു.

പട്ടിക:-

വർഡ്	എണ്ണം
I	2
IV	2
VI	1
VII	2
IX	1
X	1

കലാസമിതികളുടെ പ്രവർത്തനം തൃപ്തി കരമല്ല. അർപ്പണബോധമുള്ള പ്രവർത്തക രുടെ അഭാവം സാമ്പത്തികഞെരുക്കം, താ

ല്ലര്യക്കുറവ്, പ്രോത്സാഹനമില്ലായ്മ എന്നീ കാരണങ്ങളാൽ ക്ലബ്ബുകളുടെ പ്രവർത്തനം പലപ്പോഴും സ്തംഭനാവസ്ഥയിലാണ്. വാർഷികാഘോഷം പോലും നടക്കുന്നില്ല എന്നതാണ് സ്ഥിതി.

പഞ്ചായത്തിലെ കലാ–കായിക–സാംസ്ക്കാരിക മേഖലകളിൽ മുന്നിട്ടുനിൽക്കുന്നത്. ടിയാര ആർട്സ, ആൻറ് സ്പോർട്സ് ക്ലബ്ബാണ്.

പട്ടിക

	പത്രങ്ങൾ		എണ്ണം
1	മാതൃഭൂമി	—	600
2	മനോരമ	—	550
3	മംഗളം	—	50
4	എക്പ്രസ്	—	50
5	കേരളകൗമുദി	—	50
6	ദേശാഭിമാനി	—	90
7	ദീപിക	—	(കണക്ക് എടുക്കാൻ കഴിഞ്ഞിട്ടില്ല
8	മാധ്യമം	—	100
9	ഇന്ത്യൻ എക്സ്പ്രസ്സ്	—	35
10	ദി ഹിന്ദു	—	(കണക്ക് ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല)
11	ചന്ദ്രിക	—	35

	വാരികകൾ		എണ്ണം
1	മാതൃഭൂമി	—	120
2	മനോരമ	—	500
3	മംഗളം	—	40
4	മനോരാജ്യം	—	400
5	എക്സ്പ്രസ്സ്	—	300
6	ദേശാഭിമാനി		
7	കലാകൗമുദി		
8	വനിത		
9	ഗൃഹലക്ഷ്മി		
10	ഇന്ത്യാടുഡേ		കണക്കെടുക്കാൻ
11	ചന്ദ്രിക		കഴിഞ്ഞിട്ടില്ല.
12	ചിന്ത		
13	മഹിളാരത്നം		
14	മഹിളാ ചന്ദ്രിക		

ഇലക്ട്രോണിക് മാധ്യമങ്ങളും ക്ലബ്ബുകളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. 30 ശതമാനത്തിലേറെ വീടുകളിലും ടെലിവിഷൻ ഉണ്ട്. മൂന്നിടത്ത് കേബിളും ടി.വി. നെറ്റ് വർക്ക് ഉണ്ട്. മൂന്നു സിനിമാശാലകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കായിക രംഗം

കലാരംഗത്തെ അപേക്ഷിച്ച് കായിക രംഗം ആലത്തൂർ പഞ്ചായത്തിൽ സജീവമാണ്. ഫുട്ബോളും ക്രിക്കറ്റുമാണ് പ്രധാന കായിക വിനോദങ്ങൾ. പുതുക്കുളങ്ങര ക്ഷേത്രത്തിനോട് ചേർന്ന വിസ്തൃതമായ മൈതാനം ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. ഓരോ വർഷവും ഇവിടെ ഫുട്ബോൾ ടൂർണ്ണമെൻറ് നടത്തുന്നുണ്ട്. സ്ത്രീകളുടെ സംഭാവനയൊന്നും ഈ രംഗത്ത് എടുത്തുപറയാനില്ല.

തനതുകലകൾ

പഞ്ചായത്തിൽ എടുത്തു പറയാവുന്ന തനതു കലാരൂപം കണ്യാർകളിയാണ്. ഇത് ഒരു അനുഷ്ഠാന കലകൂടിയാണ്. നല്ല മെയ്വഴക്കവും താളബോധവുമുള്ളവർക്കേ ഇത് കഴിയൂ. പുതിയങ്കം, കാട്ടുശ്ശേരി വാണ്ടർ, വടകരപ്പതി എന്നീ സ്ഥലങ്ങളിലാണ് കണ്യാർകളി നടത്തപ്പെടുന്നത്. ദേശത്തെ ആരോഗ്യമുള്ള ചെറുപ്പക്കാർ രാത്രിയിൽ കളിക്കായി പന്തലിൽ എത്തിച്ചേരും ചെണ്ടയിൽ വായിക്കുന്ന താളത്തിനനുസൃതമായി നൃത്തം ചവിട്ടുന്നു. ആദ്യദിവസം 'മലമക്കൾ പൂവിടൽ' ചടങ്ങോടുകൂടി കളി ആരംഭിക്കുന്നു. തുടർന്ന് 'പൊറാട്ട്' അവതരിപ്പിക്കുന്നു. സമൂഹത്തിലെ വിവിധ സമുദായക്കാരെ അവിടെ കലാകാരന്മാർ അനുകരിച്ചു കാണിക്കുന്നു. മലയർ, ചക്കിലിയർ, പറയർ, വൈദ്യർ, കുട്ടിപൂശാരി, കുട്ടപറയർ തുടങ്ങിയവരാണ് പൊറാട്ടിലൂടെ അനുകരിക്കപ്പെടുന്നത്. രണ്ടാം ദിവസം 'വള്ളുവൻ' ആണ്

പിന്നെ സ്ത്രീവേഷം ഉറംക്കൊള്ളുന്ന ഒററപ്പാറാട്ട് ഉണ്ടാകും. 'മണ്ണാനും മണ്ണാത്തിയും' 'കറവനും കൂറത്തിയും' 'ചെറുമനും ചെറുമിയും' എന്നിങ്ങനെ പോകുന്ന വേഷങ്ങളും മൂന്നാം ദിവസം പുലർച്ചക്ക് പൂവാതൻ മലമക്കളിയോടെ കണ്യാർകളി സമാപിക്കുന്നു. ഒരനുഷ്ഠാനമെന്ന നിലയിൽ വിദേശങ്ങളിൽ ജോലി ചെയ്യുന്നവരായ നാട്ടുശീയരും ഈ കളിക്ക് എത്താറുണ്ട് എങ്കിലും പുതിയ തലമുറ ഇതിൽനിന്നും അകന്നുനിൽക്കാൻ നിർബ്ബന്ധിതരാകുന്നു.


വളരെയധികം അഭ്യാസം ആവശ്യമുള്ളതും ഗതകാല സ്മൃതികളും ഉണർത്തുന്നതുമായ ഈ തനതായ കലാരൂപം വിജ്ഞാനത്തിനും വിനോദത്തിനും മനഃശുദ്ധിക്കും സാമുദായിക സൗഹാർദ്ദത്തിനും വഴി തെളിക്കുമെന്നതിൽ തർക്കമില്ല. അതിനാൽ ആലത്തൂരിന്റെ ഈ തനതായ അനുഷ്ഠാനകല പരിപോഷിപ്പിക്കപ്പെടുകതന്നെ വേണം. പുതിയ തലമുറയെ ഈ കലയോടടുപ്പിക്കാനുള്ള എല്ലാവിധ പ്രോത്സാഹനങ്ങളും ഉണ്ടാവേണ്ടതാണ്. പഞ്ചായത്തിലെ കലാസമിതികളും ഈ സംരംഭത്തിനു നേതൃത്വം നൽകണം. ഇന്ന് ആലത്തൂരിലെ ചില പ്രദേശങ്ങളിൽ അവശേഷിച്ചിട്ടുള്ള വിഭാഗീയ ചിന്താഗതികളുടെ ഉൻമൂല നാശത്തിനുംകൂടി ഉതകുന്നതായിരിക്കണം നാടൻ കലകളുടെ പുനരുജ്ജീവിപ്പിക്കേണ്ടത്. ക്ലബ്ബുകളും കലാസമിതികളും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു വാർഷിക കലണ്ടർ തയ്യാറാക്കി അതിനനുസരണമായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ആലത്തൂരിന്റെ സാംസ്കാരിക നിലവാരം ഉയർത്താനുള്ള പദ്ധതി ആവിഷ്കരിക്കണം.

കലാസമിതികളും ക്ലബ്ബുകളും മുൻകൈയെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ മതസൗഹാർദ്ദം വളർത്തുന്നവയും ഇതുവരെ അവശേഷിച്ചിട്ടുള്ള അനാചാരങ്ങൾ തുടച്ചുനീക്കുന്നവയും ആയിരിക്കണം. ഫിലിം സൊസൈറ്റികൾ രൂപീകരിച്ച് നല്ല സിനിമകൾ ആലത്തൂരിലെ ജനങ്ങളുടെ അടുത്തെത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം, അത് സമൂഹത്തിൽ നടക്കുന്ന അസാൻമാർഗ്ഗിക പ്രവർത്തനങ്ങളെ തടയാൻ സഹായകരമാകും.

ആലത്തൂർ പഞ്ചായത്തിൽ നടക്കുന്ന വിവാഹാദി ചടങ്ങുകളുടെ ആർഭാടം ഇന്ന് വർധിച്ചതോതിലായിട്ടുണ്ട്. ആവശ്യത്തിലധികം വിഭവങ്ങളോടുകൂടിയ സദ്യ, വാഹനഘോഷയാത്ര, വിലയേറിയവിവാഹവസ്ത്രങ്ങൾ, എടുത്താൽപൊങ്ങാത്ത സ്വർണ്ണാഭരണങ്ങൾ എന്നിങ്ങനെ ദേശത്തിനു ദോഷം മാത്രം ചെയ്യുന്ന പ്രവണതകൾ നാൾക്കുനാൾ വർധിച്ചുവരികയാണ്. നമ്മുടെ ഗ്രാമീണ സംസ്കാരത്തിന്റെ പൊരുളുകടകളെ തിരിച്ചറിയാൻ പറ്റാത്ത തരത്തിലുള്ള, ഉപഭോഗതൃഷ്ണമാത്രം പ്രകടമാക്കുന്ന ഇത്തരം ആർഭാടങ്ങൾ ഒഴിവാക്കുവാൻ സമൂഹത്തിൽ ബോധവൽക്കരണംനടത്തേണ്ടതാണ്

സാധ്യതകൾ

a) ലൈബ്രറി പ്രവർത്തനങ്ങളുടെ വൈവിധ്യവൽക്കരണവും നവീകരണവും.
b) പൊതു ആഘോഷങ്ങളും ഉത്സവങ്ങളും പ്രോത്സാഹിപ്പിക്കുക.
c) കായിക വിനോദത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
d) കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു വാർഷിക കലണ്ടർ
e) വീഡിയോ ക്ലബ്
f) ഫിലിം സൊസൈറ്റി
g) കലാസമിതികൾക്ക് പ്രോത്സാഹനം
h) കലാ–കായിക മത്സരങ്ങൾ സംഘടിപ്പിക്കൽ
i) അനാചാരങ്ങൾക്കും ആർഭാടങ്ങൾക്കും എതിരെ ബോധവൽക്കരണം
j) മതസൗഹാർദ്ദം വളർത്തുന്ന തരത്തിലുള്ള പരിപാടികൾ
k) നാടൻകലകളുടെ പുനരുജ്ജീവനവും പ്രോൽസാഹനവും
l) കലാസമിതിക്ക് ധനസഹായം നൽകണം



വനിതാക്ഷേമം

അവലോകനം

താലൂക്ക് കേന്ദ്രമായ ആലത്തൂർ ഗ്രാമപഞ്ചായത്തിൽ മൊത്തം ജനസംഖ്യയുടെ പകുതിയിലധികവും സ്ത്രീകളാണ്. യാഥാസ്ഥിതിക മുസ്ലീം, ബ്രാഹ്മണസമുദായങ്ങളും മുതൽ ഡംബൻ സമുദായം വരെ ഉൾക്കൊള്ളുന്ന സമൂഹങ്ങളാണുള്ളതു്. കാർഷികമേഖലയിലും ബീഡി വ്യവസായമേഖലയിലും, 8–ാംവാർഡിൽ പ്രവർത്തിക്കുന്ന മൂന്നു് ചെറുകിട വ്യവസായ യൂണിറ്റുകളിലും, സ്ത്രീകളാണ് തൊഴിൽ രംഗത്ത് കൂടുതൽ പ്രവർത്തിക്കുന്നതു്. എന്നാൽ മൊത്തം സ്ത്രീ ജനസംഖ്യയുടെ 25% മാത്രമേ വരുമാനം ഉണ്ടാക്കുന്ന തൊഴിലുകളിൽ ഏർപ്പെടുന്നുള്ളൂ.

പൊതു വിദ്യാഭ്യാസരംഗത്തു് നമ്മുടെ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ പെൺകുട്ടികൾക്കു് മാത്രമായി ഉപയോഗപ്പെടുത്തിയിരിക്കുന്നു. ആലത്തൂർ പഞ്ചായത്തിലെ ആകെ 8210 വിദ്യാർത്ഥികളിൽ 4028പേർ പെൺകുട്ടികളാണ്. അതായതു് ഏകദേശം 50% സ്ത്രീകൾ പഠിക്കുന്നു. ഇവരിൽ ഭൂരിപക്ഷവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഇവർക്കു് മാത്രമായി 2 ടെക്നിക്കൽ സ്ഥാപനങ്ങളും, ടൈലറിംങ്ങ് സ്കൂളുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. എങ്കിലും ഇവിടെ പഠിക്കുന്ന വിദ്യാർത്ഥിനികളിൽ വളരെ കുറച്ചുപേർ മാത്രമേ നമ്മുടെ പഞ്ചായത്തിൽ നിന്നുള്ളവരുള്ളൂ.

മൊത്തമുള്ള 6299 കുടുംബങ്ങളിൽ, ഏകദേശം 600 കുടുംബങ്ങളും പുലർത്തുന്നതു് സ്ത്രീകളാണ്. കാർഷിക ഭൂപരിഷ്കരണനിയമം നടപ്പാക്കുന്നതിനു മുൻപു് തൊഴിലെടുക്കുന്ന, (പ്രത്യേകിച്ചു് കാർഷിക മേഖലയിൽ) വനിതകളുടെ സ്ഥിതി ദയനീയമായിരുന്നു. ദിവസം മുഴുവനും അദ്ധ്വാനിക്കണം എന്നു മാത്രമല്ല, ജന്മികാര്യസ്ഥന്മാരുടെ മുന്നിൽ ആസ്വാദ്യകവസ്തുവായിനിന്നു കൊടുക്കേണ്ട സ്ഥിതി കൂടി ഉണ്ടായിരുന്നു. കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങളുടെ ആദ്യകാല സമരങ്ങൾ ഇതിനെതിരെയാണ് ഉയർന്നു് വന്നതു്. ജോലി സമയത്തു് മാറിടം മറയ്ക്കാനുള്ള അവകാശം സമരപോരാട്ടങ്ങളിലൂടെ നേടിയെടുത്ത ചരിത്രംപോലും ഈ പഞ്ചായത്തിനുണ്ടു്.

വനിതാക്ഷേമം

കാർഷിക മേഖലയിൽ 80% സ്ത്രീകളാണ്. പ്രധാന വ്യവസായമായ ബീഡി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സ്ഥിതി പുരുഷൻമാരെ അപേക്ഷിച്ച് വളരെ ദയനീയമാണ്. അദ്ധ്യാപനരംഗത്ത് 70% സ്ത്രീകളാണ്. ആലത്തൂർ പഞ്ചായത്തിലെ ചെറുകിട വ്യവസായ സ്ഥാപനമായ കെൽപാം ഫെസിലിറ്റി സെന്ററിലും 90% സ്ത്രീകളാണ് ജോലി ചെയ്യുന്നത്. ആലത്തൂരിൽ നിലവിലുള്ള ചന്ദന തിരി നിർമ്മാണ വ്യവസായ രംഗത്തും 90% സ്ത്രീകളാണ് ജോലി ചെയ്യുന്നത്. മറ്റൊരു പ്രധാന ചെറുകിട വ്യവസായമായ പ്ലാസ്റ്റിക് പൈപ്പ് നിർമ്മാണത്തിൽ 99% സ്ത്രീകളും ജോലി ചെയ്യുന്നു.

വിദ്യാഭ്യാസ രംഗത്ത് അടുത്ത കാലത്തായി പുരോഗതി നേടിയിട്ടുണ്ടെങ്കിലും, തൊഴിൽ രംഗത്തും സാമൂഹിക സന്നദ്ധ സംഘടനകളുടെ സജീവ പ്രവർത്തനങ്ങളിൽ പുരോഗതി ദൃശ്യമല്ല. പഞ്ചായത്തിൽ 12 അങ്കണവാടികളും, ഒട്ടേറെ മഹിളാ സന്നദ്ധ സംഘടനകളും പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1 വനിതകളുടെ തൊഴിലില്ലായ്മ

2 തൊഴിൽമേഖലയിൽ സ്ത്രീകളോടുള്ള നാനാവിധ വിവേചനങ്ങളും

3 സ്ത്രീകൾ കൂട്ടമായി പണിയെടുക്കുന്ന സ്ഥാപനങ്ങളിലുപോലും അവരുടെ നിയന്ത്രണത്തിൽ സ്ത്രീകൾക്ക് പങ്കാളിത്തമില്ല.

4 തൊഴിലെടുക്കുന്ന വനിതകൾക്ക് അവരുടെ കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളില്ല.

5 ഗാർഹിക നിർമ്മാർജ്ജന പരിപാടിയിൽ സ്ത്രീകൾക്ക് പരിഗണനയില്ല.

6 പൊതുരംഗത്ത് സ്ത്രീകളുടെ അഭാവം

7 സ്ത്രീധന പ്രശ്നങ്ങൾ, സ്ത്രീ പീഡന പ്രശ്നങ്ങൾ

8 അനാചാരങ്ങൾ

9 പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ

10 യാത്ര ചെയ്യേണ്ടിവരുന്ന സ്ത്രീകളുടെ പ്രയാസങ്ങൾ

11 അശ്ലീല പോസ്റ്ററുകൾ

സാദ്ധ്യതകൾ

1 പുരയിട കൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട് ഏതാനും കുടുംബങ്ങൾ ചേർന്നുകൊണ്ട് യൂണിറ്റ് അടിസ്ഥാനത്തിലോ സഹകരണ മേഖലയിലോ സ്ത്രീകൾ നേതൃത്വം നൽകുന്ന തൊഴിൽ പദ്ധതികൾ തയ്യാറാക്കണം.

2 വനിതാ സഹകരണ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരണം.

3 സ്ത്രീകൾക്ക് പ്രത്യേക നേതൃത്വ പരിശീലനം നൽകുകയും, സന്നദ്ധ സംഘടനകൾ. ബഹുജന സംഘടനകൾ തുടങ്ങിയവയിൽ സ്ത്രീകളെ നേതൃസ്ഥാനത്തേക്ക് കൊണ്ടുവരികയും ചെയ്യണം

4 അനാചാരങ്ങൾക്കെതിരായും, സ്ത്രീധനം, സ്ത്രീപീഡനം എന്നിവക്കെതിരായും ബോധവൽക്കരണ പരിപാടികൾ നടത്തുക നിയമപരമായ പരിരക്ഷയെക്കുറിച്ച് വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

5 സ്ത്രീകളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറുന്നതിനാവശ്യമായ 'കംഫർട്ട് സ്റ്റേഷനുകൾ' നിർമ്മിക്കുക.

ആലത്തൂർ ഗ്രാമപഞ്ചായത്ത്

6 തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അവരുടെ കുട്ടികളെ പകൽ സമയങ്ങളിൽ സംരക്ഷിക്കുന്നതിനുവേണ്ടി 'ശിശു പരിപാലന കേന്ദ്രങ്ങൾ നിർമ്മിക്കുക.

7 ബസ്സുകളിൽ സ്ത്രീ യാത്രക്കാർക്ക് പ്രത്യേക സൗകര്യങ്ങൾ ഉറപ്പു വരുത്തുക.

viii അശ്ലീല സിനിമാ പോസ്റ്ററുകൾ പൂർണ്ണമായും നിരോധിക്കുക.

ix ദാരിദ്ര നിർമ്മാർജ്ജന പരിപാടികളിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകുക.

x അംഗന വാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.


xi വനിതകളുടെ ഒരു സഹകരണ സംഘം രൂപീകരിച്ച് അതിന്റെ നേതൃത്വത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, പാലുല്പന്ന നിർമ്മാണം, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, സോപ്പ്, സോപ്പുപ്പൊടി നിർമ്മാണം, ഗാർഹിക ഉപകരണങ്ങളുടെ നിർമ്മാണം എന്നിവ ആരംഭിക്കുക.

ആലത്തൂർ ഗ്രാമപഞ്ചായത്ത്

5

10

സഹകരണം



സഹകരണ രംഗം

വ്യത്യസ്ത രീതിയിലുള്ള സഹകരണ സ്ഥാപനങ്ങളാൽ കൊണ്ട് നിബിഡമായ ഒരു പഞ്ചായത്താണ് ആലത്തൂർ. പഞ്ചായത്ത് പ്രദേശം മാത്രം പ്രവർത്തനപരിധിയാക്കി പഞ്ചായത്ത് പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടും വിവിധതരം സഹകരണസംഘങ്ങളാൽ പ്രവർത്തിച്ചുവരുന്നു. വായ്പാസഹകരണ സംഘങ്ങളും വായ്പേതര സഹകരണ സംഘങ്ങളുമടക്കം 22 സഹകരണ സ്ഥാപനങ്ങളാണ് പഞ്ചായത്തുമായി ബന്ധപ്പെട്ടുപ്രവർത്തന പരിധിയിലുള്ളത്.

വായ്പാമേഖല

1 ആലത്തൂർ സർവ്വീസ് കോ ഓ. ബാങ്ക് ലിമിറ്റഡ്

2 ആലത്തൂർ താലൂക്ക് പ്രൈവറ്റ് സ്റ്റാഫ് ടീച്ചേഴ്സ് കോ.ഓ സൊസൈറ്റി

3 ആലത്തൂർ താലൂക്ക് ഗവണ്മെന്റ് എംപ്ലോയീസ് സഹകരണസംഘം

4 ആലത്തൂർ പ്രാഥമിക സഹ: കാർഷിക ഗ്രാമവികസന ബാങ്ക്

5 പാലക്കാട് ജില്ലാ സഹകരണബാങ്കിന്റെ ആലത്തൂർ ശാഖ

6 ആലത്തൂർ പട്ടികജാതി സഹ:സംഘം

വായ്പേതര മേഖല

1 ആലത്തൂർ സഹകരണ മാർക്കറ്റിംഗ് സൊസൈറ്റി

2 ആലത്തൂർ റൂറൽ കോ. ഓ. ഹൌസിംഗ് സൊസൈറ്റി

3 ആലത്തൂർ താലൂക്ക് എഡ്യൂക്കേഷനൽ കോ. ഓ, സൊസൈറ്റി

4 ആലത്തൂർ താലൂക്ക് അലക്കുതൊഴിലാളി സഹ: സംഘം

5 ആലത്തൂർ ലേബർ കോൺട്രാക്റ്റ് കോ. ഓ. സൊസൈറ്റി

6 ആലത്തൂർ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് കോ.ഓ സൊസൈറ്റി

7 പാലക്കാട് ജില്ലാ ജാഗിരി ഫെഡറേഷൻ

8 എ. എസ്. എം. എം. ഹൈസ്കൂൾ കോ. ഓ. സൊസൈറ്റി

9 ആലത്തൂർ ഗവണ്മെൻറ് ഗേൾസ് ഹൈസ്കൂൾ, കോ.ഓ.സൊസൈറ്റി

10 ആലത്തൂർ സ്കൂൾ കോംപ്ലക്സ് കോ. ഓ. സൊസൈറ്റി

11 ആലത്തൂർ ക്ഷീരോൽപ്പാദക സഹകരണസംഘം

12 വാനൂർ ക്ഷീരോൽപ്പാദക സഹകരണസംഘം

13 വെങ്ങന്നൂർ ക്ഷീരോൽപ്പാദക സഹകരണസംഘം

14 കാട്ടശ്ശേരി ക്ഷീരോൽപ്പാദക സഹകരണസംഘം

15 ആലത്തൂർ ബ്ലോക്ക് വനിതാസഹകരണസംഘം

16 ആലത്തൂർ ബ്ലോക്ക് കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണസംഘം

ആലത്തൂർ സർവ്വീസ് സഹ. ബാങ്ക്

1944 പ്രൊഡ്യൂസർ കംകൺസ്യൂമർ കൊ.ഒ. സൊസൈറ്റി എന്ന പേരിൽ റജിസ്റ്റർ ചെയ്യപ്പെട്ട് പ്രവർത്തനമാരംഭിച്ചു. 2-ാം ലോക മഹായുദ്ധത്തെ തുടർന്ന് ഉണ്ടായ ഭക്ഷ്യ ക്ഷാമത്തിന് പരിഹാരമെന്ന നിലക്ക് റേഷൻ വിതരണം ഏർപ്പെടുത്തുകയും, റേഷൻ വിതരണം ഏറ്റെടുത്ത നടത്തുക എന്നതായിരുന്ന ശുപീകരണ ഉദ്ദേശം ഇങ്ങനെ രൂപീകൃതമായ 117 സൊസൈറ്റിയിൽ ഒന്നാണിത്. 1952-ൽ ഈ റേഷൻ വിതരണം നിർത്തലാക്കിയപ്പോൾ സൊസൈറ്റി പ്രവർത്തനരഹിതമായി. 56-ൽ അഗ്രികൾച്ചറൽ സർവ്വീസ് സഹകരണ ബാങ്ക് ആയും 1961-ൽ ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കായും രൂപാന്തരപ്പെട്ട. 1956വരെ വാടക കെട്ടിടത്തിലായിരുന്ന പ്രവർത്തിച്ചത്. സ്ഥാപക പ്രസിഡണ്ട് V. K. ചാമുണ്ണി, എരിമയൂർ

ബാങ്കിൻെറ പ്രവർത്തന പരിധിയിൽ ഇപ്പോൾ ആലത്തൂർ, മേലാർകോട് എന്നീ 2 ഗ്രാമപ്പഞ്ചായത്തുകൾ ഉൾപ്പെടുന്നു. 10,000 ഓളം അംഗങ്ങളുണ്ട്. കാലാനുസൃതമായ പദ്ധതികൾ ആവിഷ്ക്കരിച്ചതിൻെറ ഭാഗമായി കാർഷിക വായ്പകൾ പുറമെ, കാർഷികേതര വായ്പകളും ഉണ്ട്. സ്വർണ്ണപ്പണയ വായ്പയാണ്. കൂടുതലും. സിമൻറ്, രാസവളം എന്നിവയുടെ വ്യാപാരവും ഏറ്റെടുത്തു നടത്തിവരുന്നു തുണി വ്യാപാരം നടത്തിയിരുന്നുവെങ്കിലും വിജയം കൈവരിക്കാൻ കഴിഞ്ഞില്ല. നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത വിലക്കു വിൽപ്പന നടത്തിയിരുന്നുവെങ്കിലും നിയന്ത്രിത വിലക്കു നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ലാത്തതിനാലും വ്യാപാരം നഷ്ടത്തിലായതിനാലും നിർത്തൽ ചെയ്തു. ഓണച്ചന്ത താലൂക്ക് ആസ്ഥാനമായതിനാലും വിൽപ്പന നാമമാത്രമായേ നടക്കൂ എന്നതിനാലും ഹെഡ് ഓഫീസിൽ നടത്തുന്നില്ല. എന്നാൽ മേലാർകോട് ചേരാമംഗലം എന്നീ ബ്രാഞ്ചുകൾ ആസ്ഥാനങ്ങളിൽ എല്ലാവർഷവും ഓണച്ചന്ത നടത്തിവരുന്നുണ്ട്. വായ്പാ കൂടിശ്ശിക ഭീമമായതിനാൽ എല്ലാവർക്കും വായ്പ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുന്നതിനു പ്രയാസം അനുഭപ്പെടുന്നു. അംഗങ്ങളുടെ സാമ്പത്തിക താല്പര്യവും സമ്പാദ്യ ശീലവും വളർത്തിയെടുക്കുന്നതിനും ബാങ്കിനെ പുരോഗതിയിലേക്കു നയിക്കുന്നതിനും ഉതകുമാറ് മെംബേഴ്സ് ക്യൂച്ചൽ ബെനിഫിറ്റ് സ്കീം കൂടുതൽ വ്യാപകമാക്കാനും, ബാങ്കിന് കൂടുതൽ നിക്ഷേപം സമാഹരിക്കാനും ഉള്ള ആത്മാർത്ഥ ശ്രമത്തിൽ ഏർപ്പെ

ട്ടിരിക്കുകയാണ് ഭരണ സമിതിയും ജീവന ക്കാരും.

സ്ത്രീ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നാമമാത്രമാണ്. വിദ്യാർത്ഥികൾക്കാവശ്യമായ പുസ്തകങ്ങളും പഠന സാമഗ്രികളും പരിമിതമായി എടുത്തു നടത്തുന്നതിനപ്പുറം ഇവയുടെ വ്യാപാരം വിപുലമാക്കുവാനും യൂണിഫോം വ്യാപാരം ഉൾപ്പെടെ ഏറ്റെടുക്കുവാനും തയ്യാറാവേണ്ടതുണ്ട്.

ആലത്തൂർ താലൂക്ക് മുഴുവൻ പ്രവർത്തന പരിധിയായി ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് 1974-ൽ രജിസ്റ്റർ ചെയ്യപ്പെട്ടെങ്കിലും 1988-ൽ മാത്രമാണ് പ്രവർത്തന രഹിതാവസ്ഥയിൽ നിന്നും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കപ്പെട്ടത്. വിവിധ സ്കീമുകളിലായി വർഷംതോറും കോടിക്കണക്കിനു രൂപ വായ്പ നൽകിവരുന്നുണ്ട്. ഈ സ്ഥാപനത്തിന്റെ വാസ്തുപ്രതിയിൽ ഭവന നിർമ്മാണം, ക്ഷീര വികസനം, കോഴി വളർത്തൽ, പട്ടുനൂൽ പുഴു വളർത്തൽ, റബ്ബർ, തെങ്ങ്, കുരുമുളക് കൃഷി ജലസേചനം, ട്രാക്ടർ തുടങ്ങിയവയുണ്ട്. സ്കീമുകൾ ശാസ്ത്രീയമായി വിലയിരുത്തി പ്രായോഗികതലത്തിൽ ഉല്പാദനക്ഷമമായവ വിപുലപ്പെടുത്തേണ്ടതാണ്.

ക്ഷീരോല്പാദക മേഖലയിൽ 4 ആനന്ദ് മാതൃകാ സഹകരണ സംഘങ്ങളുണ്ട്. എല്ലാ സംഘങ്ങളും ലാഭത്തിലാണ് പ്രവർത്തിക്കുന്നു. അപ്കോസ് സംഘങ്ങളുടെ പിൻബലവും ക്ഷീരകർഷകരുടെ ഉൽസാഹവുമാണ് ലാഭത്തിനാസ്പദം. ക്ഷീര വികസന വകുപ്പിന്റെ പ്രവർത്തനം നാമമാത്രമായ സംഘങ്ങളെ സഹായിക്കുന്നുള്ളൂ. അർഹരായ ക്ഷീരകർഷകർക്ക് അംഗത്വം ലഭിക്കുന്നുവെന്നും അതുവഴി ആനുകൂല്യങ്ങൾ ലഭ്യമാകുന്നു എന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. കാലിത്തീറ്റ, തീറ്റപ്പുൽ, ചികിൽസാ സൗകര്യങ്ങൾ വ്യാപകമാക്കേണ്ടതുണ്ട്. സാമ്പത്തിക ശേഷിക്കുറഞ്ഞ ക്ഷീരകർഷകർക്കു വായ്പാ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. നാടൻ ക്ഷീരോൽപ്പന്ന യൂണിറ്റുകൾ, കൃത്രിമ ബീജദാന കേന്ദ്രം എന്നിവ സ്ഥാപിച്ചാൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. 8, 10 വാർഡുകളിൽ പുതിയ ക്ഷീരസഹകരണ സംഘം രൂപീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

വനിതകൾക്കു മാത്രമായി രൂപവൽക്കരിച്ച് പ്രവർത്തനമാരംഭിച്ച ആലത്തൂർ ബ്ലോക്ക് വനിതാ സഹകരണ സംഘം സ്വാപ്പിംഗ് ദശയിലാണ്. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നു കയറാനുള്ള ആത്മധൈര്യമില്ലായ്മ സാങ്കേതിക നവീകരണത്തിന്റെ അഭാവം, മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ എന്നിവ നിമിത്തമാണിതു സംഭവിച്ചത്.

വ്യവസായ സഹകരണ സ്ഥാപനമായ ജാഗിരി ഫെഡറേഷൻ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. കെട്ടിടവും സ്ഥലവും സാമഗ്രികളും ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുമെങ്കിലും കെൽപാമിനു വാടകക്ക് കൊടുത്തിരിക്കയാണ്. കരകൗശലവസ്തുക്കൾ, ബ്രഷ്, ചന്ദനത്തിരി, നാര് തുടങ്ങിയവ നിർമ്മിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് അവിദഗ്ദ്ധമേഖലയിലെ തൊഴിലില്ലായ്മക്ക് പരിഹാരമുണ്ടാക്കാനുള്ള ഒരു സംരംഭം ഇതുവഴിയുണ്ടാക്കണം.

ഭവന നിർമ്മാണ രംഗത്ത് കൂടുതൽ ഫലപ്രദമായി, പ്രത്യേകിച്ച് കുറഞ്ഞവരുമാനമുള്ള വിഭാഗത്തിനുവേണ്ടി, പ്രവർത്തിക്കുവാൻ സാദ്ധ്യമാക്കാവുന്ന ഒരു സ്ഥാപനമാണ് ആലത്തൂർ റൂറൽ കോ. ഓ. ഹൗസിംഗ് സൊസൈറ്റി. ഇതിനകം ഒട്ടേറെ വായ്പകൾ നൽകിയിട്ടുണ്ടെങ്കിലും വായ്പാനയം കൂടുതൽ ഉദാരമാക്കേണ്ടതും വിപുലമാക്കേണ്ടതുമാണ്.

മത്സ്യം, പുഷ്പം, പുല്ലായ, കുട്ട, വട്ടി, പനമ്പ്, കൈതോലപ്പായ നെയ്ത്ത് ബീഡി നിർമ്മാണം, തുന്നൽ പ്ലാസ്റ്റിക്വയർ കൊണ്ടുള്ള നെയ്ത്ത് കറിപൗഡർ, സോപ്പു


പൗ ഡ ർ ക ര കൗ ശ ല വ സ്തു ക്ക ൾ എന്നിവക്ക് സഹകരണസംഘം ഉണ്ടാക്കുവാൻ കഴിയും. കൂടാതെ സഹകരണ ആശുപത്രി, ഹോളോ ബ്രിക്സും, കെട്ടിട നിർമ്മാണസാമഗ്രികളും, പൈപ്പംടി ഫാമിംഗ്, പഴം, പച്ചക്കറി എന്നിവക്കും, സഹകരണസംഘമുണ്ടാക്കി തൊഴിലവസരം സൃഷ്ടിക്കുവാനും ലാഭകരമായി പ്രവർത്തിക്കുവാനും ഉല്പാദനമേഖലയിലും ഉപഭോക്തൃമേഖലയിലും കാര്യമായ സംഭാവനകൾ നൽകുവാനും കഴിയും.

വിപുലമായ വാസ്തു ശൃംഖല പഞ്ചായത്തിൽ സഹകരണ മേഖലയുമായി കൂട്ടിയിണക്കി നില നിൽക്കുന്നുണ്ടെ പലപ്പോഴും അതു് പ്രയോജനകര ഉപയോഗിക്കാൻ കഴിയുന്നില്ല. വാ കൂടിശ്ശിക വീണ്ടും വായ്പ നൽകുന്ന തടസ്സപ്പെടുത്തുന്നു. വായ്പാ കടി പിരിച്ചെടുക്കുവാൻ ബന്ധപ്പെട്ടവർ യത്നം നടത്തണം. വായ്പയുടെ യോഗം ഉറപ്പുവരുത്തണം. വായ്പാ ശ്ശിഖ വരുത്തുന്ന നഷ്ടം വായ്പ സമയത്തുതന്നെ വായ്പാക്കാരനെ വൽക്കരിക്കേണ്ടതുണ്ട്. ഉല്പാദന പ്രോ ഹനവുമായി ബന്ധപ്പെടുത്തി വാ നയം പുനരാവിഷ്കരിക്കണം.

5

11

പട്ടികജാതി
പട്ടിക വർഗ്ഗ
വികസനം



പട്ടികജാതി / പട്ടിക വർഗ്ഗ വികസനം അവലോകനം.

പഞ്ചായത്തിൽ 1991-ലെ സെൻസസ് കണക്ക് പ്രകാരം 23498 ജനസംഖ്യയിൽ 2750 എണ്ണവും പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ്. അതായത് ജനസംഖ്യയുടെ 11.7% പഞ്ചായത്തിൽ ഏകദേശം 6000 കുടുംബങ്ങൾ ഉള്ളതിൽ എഴനൂറിലധികവും എണ്ണവും പട്ടികജാതി വിഭാഗത്തിനേറതു താഴെ പ്പറയുന്ന വയാണ് പഞ്ചായത്തിലെ പട്ടികജാതി കോളനികൾ.

വാർഡ് നമ്പർ	കോളനിയുടെ പേർ
1	വാലിപറമ്പ്
	രക്കരത്ത് കോളനി
	കേരളപറമ്പ്
	നാലുസെൻറ് കോളനി
	കുന്നക്കാട്
2	മലമ്പള്ള
	വടക്കെപറമ്പ്
	കീഴ്പ്പാടം
	ഊരത്ത് കോളനി
3	പെരിങ്ങോട്ടുകുന്ന്
4	വാലിപറമ്പ്
	കാട്ടാംകോട്
	പറക്കുന്നം
	ലക്ഷംവീട്
5	കാക്കമൂച്ചിക്കാട്
	കണ്ണംപറമ്പ്
	കിഴക്കൻകാട്
	പൊട്ടിമട
	പ്ലാക്കപ്പറമ്പ്–വാവേലി
8	അരങ്ങാട്ടപറമ്പ്
9	ഊർകുളം–കുന്നംപറമ്പ്
10	അരങ്ങാട്ടപറമ്പ്

വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക മേഖലകളിൽ ഈ വിഭാഗത്തെ ഉയർത്തികൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഉദ്ദേശിച്ച പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. ബഹുജന സംഘടനാ നേതൃത്വത്തിൽ മുമ്പെത്തെക്കാളും കൂടുതലായി ഈ വിഭാഗം ആളുകൾ ഇപ്പോൾ രംഗത്തു വരുന്നുണ്ട്. ഈ വിഭാഗക്കാരുടെ വീടുകളിൽ വിവാഹം, മരണം തുടങ്ങിയ ചടങ്ങുകളിൽ മറ്റു സമുദായക്കാർ പങ്കെടുക്കാറുണ്ടെങ്കിലും ഒരുമിച്ച് ഇരുന്ന് ഭക്ഷണത്തിൽ ഏർപ്പെടുന്ന ഒരു രീതി ഇപ്പോഴും വിരളമാണ്. സമൂഹത്തിൽ ഏറ്റവും കൂടുതൽ അവഗണനക്ക് വിധേയരായ നായാടി ചക്കിലൻ, കവറ സമുദായങ്ങളിൽപ്പെട്ട ഏതാനും കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഈ വിഭാഗക്കാരുടെ യാതൊരു ചടങ്ങുകളിലും മറ്റു സമുദായക്കാർ പങ്കെടുക്കാറില്ല. മറ്റു സമുദായക്കാരുടെ ചടങ്ങുകളിൽ നായാടി വിഭാഗക്കാരെ തീരെ പങ്കെടുപ്പിക്കുന്ന പതിവുമില്ല. വിദ്യാഭ്യാസ പരമായും ഈ സമുദായക്കാർ പുറകിലാണ്. അജ്ഞതയും അന്ധവിശ്വാസവും മൂലം സമൂഹ മധ്യത്തിൽ ഇറങ്ങാൻ ഇത്തരക്കാർ മടിക്കുകയുമാണ്. പൊതു രംഗത്തു പ്രവർത്തിക്കുന്ന ചിലർ മാത്രമാണ് ഈ വിഭാഗക്കാരുമായി ഇടപഴകാറുള്ളത് ഇതൊക്കെയാണെങ്കിലും പേരിനൊപ്പം ജാതി പറഞ്ഞു വിളിക്കുന്ന രീതി ഇന്ന് നിലവിലില്ല.

പട്ടികജാതി വികസന വകുപ്പിലൂടെ നിരവധി ക്ഷേമ പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. വീട് വെക്കുന്നതിന് ധനസഹായം, മേൽപ്പുര ഓട്മേയുന്നതിന് ധനസഹായം, സമൂഹത്തിൽപീഡനം അനുഭവിക്കേണ്ടിവരുന്ന മിശ്രിത വിവാഹക്കാർക്ക് ധനസഹായം, വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനുള്ള ധനസഹായം, വൃത്തിയുള്ള കക്കൂസുകളുടെ നിർമ്മാണം തുടങ്ങി ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ കുടുംബങ്ങളുടെ സംരക്ഷണത്തിനും ഉയർച്ചക്കുമായി നിലവിലുണ്ട്. ഈ വിഭാഗത്തെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവരുന്നതിൽ പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി ഹോസ്റ്റൽ സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി ഹോസ്റ്റലുകളിൽ പ്രത്യേക ട്യൂഷനും വിദ്യാലയങ്ങളിൽ ഈ വിഭാഗം കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് നടത്തി വരുന്നുണ്ട്. പട്ടികജാതിവിഭാഗം താമസിക്കുന്ന കോളനികളെ പ്രത്യേകമായി തിരഞ്ഞെടുത്ത് തീവ്ര പട്ടികജാതി സങ്കേത വികസന പദ്ധതിയിൽകൊണ്ടുവന്ന് അത്തരം കോളനികളിലേക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനവും നടത്തിവരുന്നുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് ഉണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി ഒരു പരിധിവരെ ഈ വിഭാഗത്തെ ഉയർത്തികൊണ്ടുവരുന്നതിന് ഈ ദൃശ്യ പ്രവർത്തനങ്ങൾ ഉപകരിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

നാളിതുവരെയുള്ള വികസന പ്രവർത്തനങ്ങൾവഴി ഈവിഭാഗത്തെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് ഉയർത്തികൊണ്ടുവരുന്നതിന് പൂർണ്ണമായും കഴിഞ്ഞിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ്സ്, എന്നിവ കോളനികളിൽ എത്തിക്കുന്നതിനുമുഴുവനായി കഴിഞ്ഞിട്ടില്ല ഇപ്പോഴും വിദ്യാഭ്യാസരംഗത്ത് ഈ മേഖലയിൽ ഉദ്ദേശിച്ച പുരോഗമനം ഉണ്ടായിട്ടില്ല. ഭൂരിഭാഗം പട്ടികജാതി വിഭാഗക്കാരും സ്വന്തമായ കൈമുതലായി ഉള്ളവരല്ല. തൊഴിലില്ലായ്മ ഈ മേഖലയിൽ എടുത്തു പറയേണ്ടതാണ്. ഒറ്റപ്പെട്ട ചില കുടുംബങ്ങൾ ഒഴിച്ചാൽ ഭൂരിഭാഗം കുടുംബങ്ങളും ഏതെങ്കിലും പ്രത്യേക പ്രദേശത്ത് കോളനികളിലായാണ് താമസിക്കുന്നത്. സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ഒഴികെ മറ്റൊരു മേഖലയിലും ഈ വിഭാഗത്തിലുള്ളവർക്ക് പ്രത്യേക പരിഗണന നൽകിവരുന്നില്ല.

നമ്മുടെ പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ കുടിവെള്ളം, വൈദ്യുതി, കക്കൂസ്സ്

ഏന്നിവ ഇപ്പോഴും എത്താത്ത പ്രശ്നങ്ങളും നിലവിലുണ്ട്, ആയതിന്റെ ഒരു വിവരം താഴെക്കാണിക്കുന്നു.

വാർഡ് നമ്പർ	പ്രദേശം	എത്താത്ത അടിസ്ഥാന സൗകര്യങ്ങളും
1	വാലിപറമ്പ് രക്തേശ്വർകോളനി	കക്കൂസ്, പാർപ്പിടം, വൈദ്യുതി, കക്കൂസ്, റോഡ്.
	കേരളപറമ്പ് നാലുസെൻറ് കോളനി	കക്കൂസ് വെള്ളം, വൈദ്യുതി. കക്കൂസ്
	കുന്നക്കാട്	വൈദ്യുതി, കക്കൂസ്
2	മുലമ്പള്ള	വെള്ളം, വൈദ്യുതി, റോഡ്, കക്കൂസ്
	വടക്കെപറമ്പ്	വെള്ളം, കക്കൂസ്
	കീഴ്പ്പാടം	വെള്ളം, വൈദ്യുതി, റോഡ്, കക്കൂസ്
	ഉൗരത്ത് കോളനി	കക്കൂസ്
3	പെരിങ്ങോട്ടുകുന്ന്	കക്കൂസ്
4	വാലിപറമ്പ്	വെള്ളം, വൈദ്യുതി, കക്കൂസ്
	കാടാംകോട്	വെള്ളം, റോഡ്, കക്കൂസ്
	പാക്കുന്നം	റോഡ്, വൈദ്യുതി
	ലക്ഷംവീട്	കക്കൂസ്, വൈദ്യുതി
6	കാക്കമൂച്ചിക്കാട്	വൈള്ളം, വൈദ്യുതി, കക്കൂസ്
	കണ്ണംപറമ്പ്	വെള്ളം, കക്കൂസ്
	കിഴക്കൻകാട്	റോഡ്, വെള്ളം, വൈദ്യുതി, കക്കൂസ്
	പൊട്ടിമട	കക്കൂസ്
	പ്ലാക്കപറമ്പ്– വാവേലി	റോഡ്, വെള്ളം, വൈദ്യുതി, കക്കൂസ്
8	അരണാട്ടപറമ്പ്	വൈദ്യുതി, വീട്ടുകം, കക്കൂസ്
9	ഊർക്കുളം	വെള്ളം, വൈദ്യുതി
	കുന്നംപറമ്പ്	കക്കൂസ്
10	അരങ്ങാട്ടപറമ്പ്	വെള്ളം, വൈദ്യുതി. പാർപ്പിടം, കക്കൂസ്, റോഡ്

വിദ്യാഭ്യാസ രംഗത്തെ വിപുലികരണവും പ്രത്യേക അനുകൂല്യങ്ങളും നടപ്പിലാക്കിയതു മൂലം പട്ടികജാതി വിഭാഗം കുട്ടികളും വ്യാപകമായി സ്കൂൾ വിദ്യാഭ്യാസം തുടങ്ങിയിട്ടുണ്ടെങ്കിലും ചില പ്രദേശങ്ങളിൽ സ്ഥിരമായി സ്കൂളുകളിൽ കുട്ടികളും ഇപ്പോഴും നമ്മുടെ പഞ്ചായത്തിലുണ്ട്.

ആയതിന്റെ ഏകദേശരൂപം താഴെ വിവരിക്കുന്നു.

വാർഡ് നമ്പർ	പ്രദേശത്തിന്റെ പേർ	കാരണങ്ങൾ
2	മലമ്പള്ള	സാമ്പത്തിക വിഷമം
	വടക്കേപറമ്പ്	,,
3	പെരിങ്ങോട്ടുകുന്ന്	,,
6	കാക്കമൂച്ചിക്കാട്	,,
	കിഴക്കൻകാട്	,,
10	അരങ്ങാട്ടപറമ്പ്	,,

സാമ്പത്തികമായ ഉന്നതി നേടാൻ കഴിയാത്തതുമൂലം ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ നല്ലൊരു വിഭാഗം കുട്ടികളും ഉന്നത വിദ്യാഭ്യാസത്തിന് പോകാതെ ഉപജീവനത്തിനായി എന്തെങ്കിലും തൊഴിൽ ചെയ്യാൻ നിർബന്ധിതരാകുന്നു. എങ്കിലും അടുത്തകാലത്തായി ഈ വിഭാഗത്തിൽ-നിന്നും ഡോക്ടർമാരും വക്കീലൻമാരും ഉണ്ടായിട്ടുണ്ട് സാക്ഷരതാ പ്രവർത്തനത്തിലൂടെ നവസാക്ഷരരായ ഈ വിഭാഗം ആക്കാർ തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ അഭാവം മൂലം വീണ്ടും ഈ രംഗത്ത് പുറകോട്ട് പോയി കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്തുള്ള ഈ അവസ്ഥക്ക് കാരണം പ്രധാനമായും സാമ്പത്തിക പിന്നോക്കാവസ്ഥയും ബോധവൽക്കരണം ഇല്ലാത്തതുമാണ്.

പഞ്ചായത്തിലെ പട്ടിക ജാതി ജനങ്ങളും കുറച്ചുപേർ കൃഷിപണിയിലും ബാക്കിയുള്ളവർ മറ്റു പല പണികളിലും ആണ് ഏർപ്പെട്ടിരിക്കുന്നത്. സ്വന്തമായി വീട് ഇല്ലാത്ത നിരവധി പട്ടിക ജാതി കുടുംബങ്ങളും ഇപ്പോഴും പഞ്ചായത്തിലുണ്ട്. വീട് വെക്കാൻ സ്വന്തമായി സ്ഥലം ഇല്ലാത്ത നിരവധി കുടുംബങ്ങളും ഇപ്പോഴും നമ്മുടെ പഞ്ചായത്തിലുണ്ട്.

കുടി വെള്ളത്തിനുവേണ്ടി ഹരിജൻ കോളനികൾക്ക് പൈപ്പ് ലൈനുകൾ സ്ഥാപിച്ചുവെങ്കിലും മറ്റു സ്ഥലങ്ങളിൽ വിതരണം കഴിഞ്ഞ് അറ്റത്തുള്ള കോളനിയിൽ എത്തുമ്പോഴെക്കും മിക്കവാറും വെള്ളം കിട്ടാറില്ല. ഈ പ്രശ്നം പരിഹരിക്കാനുണ്ട്. റോഡ് പണികൾക്ക് പ്രാഥമിക സൗകര്യങ്ങളെക്കാൾ പ്രാധാന്യം നൽകിയതു ഒരു പോരായ്മയാണ്. തൊഴിൽ, ആരോഗ്യം ആഹാരം എന്നീ മേഖലകൾ ശ്രദ്ധിക്കാതെ പോയി. പ്രവൃത്തി വൈദഗ്ധ്യം നൽകുന്നതിനുള്ള പദ്ധതികൾ ഒന്നും കൊണ്ടുവന്നില്ല. വിവിധ വകുപ്പുകളിലൂടെ ഇതിനായി പരിശീലനം നേടിയവരെ ഉപയോഗിക്കാനും കഴിഞ്ഞിട്ടില്ല. ധന കാര്യ സ്ഥാപനങ്ങളിൽ നിന്ന് ഈ വിഭാഗക്കാർക്ക് യഥാസമയം സഹായങ്ങൾ ലഭിക്കാറില്ല. പല കാരണങ്ങളാലും (സ്വന്തമായ സ്വത്ത് ഇല്ലായ്മ, ജാമ്യ ഇല്ലായ്മ തുടങ്ങിയവ) ധന സഹായങ്ങൾ നിഷേധിക്കുന്നതിനായി ഗ്രാമ സഭകളിൽ ചർച്ചകൾ ഉയർന്നുവന്നിട്ടുണ്ട്. ഈ മേഖലയിൽ ലഹരിയുടെ ഉപയോഗം ധാരാളം ഉള്ളതായി കാണുന്നുണ്ട്. ഇതിനുള്ള പരിഹാരവും കാണണം. ഈ വിഭാഗക്കാരുടെ തൊഴിൽപരമായ പിന്നോക്കാവസ്ഥക്ക് പ്രത്യേകമായി പരിഹാര മാർഗ്ഗങ്ങൾ കാണേണ്ടതുണ്ട്. പല ഡിപ്പാർട്ടുമെന്റുകളിലൂടെ നടപ്പു പദ്ധതിയിൽ ഈ വിഭാഗക്കാർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ പരോക്ഷമായി ഇടത്തട്ടുകാർ തട്ടിയെടുക്കുന്നു. ഇതിനും പരിഹാരം കാണേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

വരുമാന വർദ്ധനവ് കുടുംബ അടിസ്ഥാനത്തിലുള്ള സൂക്ഷ്മകൃഷി കൊണ്ടുവന്ന് സാമ്പത്തികമായി ഈ വിഭാഗത്തെ ഉയർത്തേണ്ടതാണ്. അടിസ്ഥാനസൗകര്യങ്ങൾ എത്തിയിട്ടില്ലാത്തതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രദേശങ്ങളിൽ അവ എത്തിക്കു


തിനായി സ്ത്രീമുകൾക്ക് മുൻഗണന നൽകേണ്ടതുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിൽ റിപ്പോർട്ടിൽ പരാമർശിച്ച പ്രശ്നങ്ങളും പരിഹരിക്കുന്നതിനും സ്ത്രീമുകൾ തയ്യാറാക്കേണ്ടതാണ്. വിദ്യാഭ്യാസരംഗത്തെ ഈ വിഭാഗക്കാർക്ക് സാമ്പത്തിക സഹായങ്ങളും പ്രോധ്വൽക്കരണ പ്രവർത്തനവും അടങ്ങുന്ന സ്ത്രീമുകൾ വേണം. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും, പഞ്ചായത്ത്മുഖേനയും ഈ വിഭാഗക്കാർക്ക് വ്യവസ്ഥകൾ ഉദാരമാക്കി വായ്പാസൗകര്യങ്ങളും 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തി സ്ത്രീമുകൾ തയ്യാറാക്കേണ്ടതാണ്. എല്ലാമേഖലകളിലും പട്ടികജാതിവിഭാഗത്തിന് പ്രത്യേകപരിഗണന നൽകി തൊഴിൽ രംഗത്തു ഈ വിഭാഗത്തെ ഉയർത്തി കൊണ്ടുവരണം. വീട് ഇല്ലാത്ത മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും അടുത്ത 5 വർഷത്തിനുള്ളിൽ വീട് നിർമ്മിക്കുന്നതിനും, സ്വന്തമായി സ്ഥലം ഇല്ലാത്തവക്ക് സ്ഥലം വാങ്ങാനും വീട് നിർമ്മിക്കുന്നതിനും പരിപാടി വേണം. അന്ധവിശ്വാസം ജാതി പരമായ ഉച്ചനീചത്വം ഇടത്തട്ടുകാർ ആനുകൂല്യങ്ങളും തട്ടിയെടുക്കൽ എന്നിവക്കെതിരെ ശക്തമായ ബോധവൽക്കരണത്തിനായി സ്ത്രീമുകൾ ഉണ്ടാവണം. കാഷ്ടിക മേഖലയിലേക്ക് ഈ വിഭാഗത്തെ ഉയർത്തികൊണ്ടുവരുന്നതിനും അതുവഴിസ്വത്തുക്കൾ ആർജിക്കുന്നതിനും ഉതകുന്ന വിധത്തിൽ കൃഷിസ്ഥലം വാങ്ങുന്നതിനും വ്യവസായങ്ങൾ തുടങ്ങുന്നതിനും ഈ വിഭാഗക്കാക്ക് പ്രത്യേക പരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുത്തണം. ഒറ്റപ്പെട്ട താമസിക്കുന്ന പട്ടികജാതിക്കാക്ക് കോളനിയിൽ താമസിക്കുന്ന ആളുകൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ലഭിക്കാൻ ശ്രദ്ധിക്കേണ്ടതാണ്, ഇപ്രകാരം 9-ാം പഞ്ചവത്സര പദ്ധതി അവസാനിക്കുന്ന ഘട്ടത്തിൽ പരിശോധിക്കുമ്പോൾ ഈ വിഭാഗത്തെ സമൂഹത്തിന്റെ പൊതു ധാരയിലേക്ക് ഉയർത്തികൊണ്ടുവരുന്നതിന് പര്യാപ്തമായിരിക്കണം നമ്മുടെ സ്ത്രീമുകൾ.

4298



ആലത്തൂർ ഗ്രാമപഞ്ചായത്ത്



വിഭവസമാഹരണം

കാർഷിക ഗ്രാമമായ ആലത്തൂർ പഞ്ചായത്തു് വികസനത്തിന്റെ പാതയിൽ ഒരു വലിയ പ്രതിസന്ധി നേരിടുകയാണു്. കൃഷിയും വ്യവസായവും നമ്മുടെ പഞ്ചായത്തിൽ ഒരു പരിധിവരെ മുരടിപ്പിലെത്തി നിൽക്കുകയാണു്. ഈ പ്രതിസന്ധി മുറിച്ചു കടന്നു് വിഭവ സമാഹരണത്തിനു് പുതിയ മാനങ്ങളും അത്ഥതലങ്ങളും നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ തനതു് ഫണ്ടുകൊണ്ടു വഴി ഉദ്ദേശിക്കുന്ന രീതിയിൽ വികസന പ്രവർത്തനം നടത്താനോ കൂടുതൽ പുരോഗതി കൈവരിക്കുന്നതിനോ നമുക്കു് കഴിയുന്നില്ല. ആവശ്യങ്ങൾ നിരവധിയാണു്. ധനസ്ഥിതി പരിമിതവുമാണു്. ഈ സാഹചര്യത്തിൽ നിലവിലുള്ള കീഴ്വഴക്കങ്ങൾ അനുസരിച്ചു് സർക്കാരിൽ സമ്മർദ്ദം ചെലുത്തി ഗ്രാന്റിനത്തിലും മറ്റുമായി ധനം കണ്ടെത്തേണ്ട ഗതികേടു് നമുക്കുണ്ടു്. ഇതു് സംസ്ഥാനത്തിന്റെ പൊതുസ്വഭാവമാണു് എന്നതുകൊണ്ടുതന്നെ ധനപരമായി പരിമിതികളിൽ ചെന്നവസാനിക്കുന്നു. സർക്കാരിൽനിന്നു ലഭിക്കുന്ന ഗ്രാന്റുകൾ, തുടങ്ങിയവയാകട്ടെ രണ്ടും മൂന്നും വർഷങ്ങൾക്കുശേഷമാണു് ലഭിക്കുന്നതു് ഇത്തരത്തിൽ കിട്ടുന്ന തുകകളാവട്ടെ നമ്മുടെ പ്രദേശത്തിന്റെ വികസന ആവശ്യവുമായി ഒരിക്കലും നീതി പുലർത്തുന്നതല്ലായെന്നു നമുക്കു് തോന്നാറുണ്ടു്.

കഴിഞ്ഞ മൂന്നുവർഷങ്ങളിലെ പഞ്ചായത്തിലെ പ്രധാന വരുമാനങ്ങളുടെ ഒരു ചെറിയ വിവരണം താഴെ കൊടുക്കുന്നു.

5

12

വിഭവ
സമാഹരണം

	ഇനം	93/94 വർഷം	94–95	95–96
1	തൊഴിൽ നികുതി	2,51,850.00	3,23,812.00	2,19,935.00
2	കെട്ടിട നികുതി	2,17,176.37	2,34,867.14	2,70,640.63
3	വിനോദ നികുതി	2,11,827.14	2,03,455.99	2,09,268.09
4	നികുതിയേതര വരുമാനം	12,41,656.09	11,92,579.42	13,53,481.58
5	സംസ്ഥാന വിഹിതം	——	——	——
6	ഉപാധിരഹിത ഫണ്ട്	1,74,000.00	2,75,000.00	2,91,000.00
7	ഗ്രാൻറുകൾ	37,374.00	47,156.00	3,40,411.00
8	സക്കാരിൽനിന്നുള്ള വായ്പ ആകെ	21,33,883.60	22,76,870.55	26,84,336.30

തൊഴിൽ നികുതി, കെട്ടിട നികുതി എന്നിവ യഥാസമയം പിരിക്കുവാൻ പഞ്ചായത്തിന കഴിയുന്നുണ്ട്, എന്നിരുന്നാലും വിനോദ നികുതി കുറഞ്ഞു വന്നിട്ടുള്ളതായി കാണാൻ കഴിയും. നിലവിലുള്ള നികുതി പരമാവധി കുറച്ച നിശ്ചയിക്കുന്നതിനുള്ള പ്രവണത നികുതിദായകരിലുണ്ട്. നികുതികൾ പലതും കാലാനുസൃതമായി പരിഷ്ക്കരിക്കാൻ കഴിയേണ്ടതാണ്. വിനോദ നികുതി നീതി പൂർവ്വകമാണെന്ന് കാണുന്നില്ല. തൊഴിൽവഴി വരുമാനമുള്ള ചിലർ ആളുകളിൽനിന്നും നികുതി പിരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വലിയ ആഘോഷത്തോടെയും, ആർഭാടമായും വിളംബരം ലക്ഷങ്ങൾ മുടക്കി കെട്ടിടം നിർമ്മിക്കുന്നവരിൽനിന്നും അഡീഷണലായി നികുതി ചുമത്തുന്നതും ദോഷമായി മില്ലെന്നാണ് തോന്നുന്നത്. ചട്ടപ്പടിയുള്ള നിലവിലുള്ള നികുതി പിരിവ് സമ്പ്രദായം മാറ്റി മെമ്പർമാരടക്കമുള്ള വാർഡ് തല സമിതികൾ രൂപീകരിക്കുകയും ടി. സമിതി മുഖേന പ്രവർത്തന പരിപാടിയും അധികാരവും നിശ്ചയിക്കുകവഴി ഈ ഇനത്തിൽ പഞ്ചായത്തിലേക്കുള്ള വരവ് വർദ്ധിപ്പിക്കാൻ കഴിയും.

പഞ്ചായത്ത് പുറംപോക്ക് ഭൂമിയുടെ നല്ലൊരു ഭാഗം പേനൽ കാലകൃഷികൾക്കും മറ്റും ഉപയോഗിക്കുവാൻ കഴിയുന്ന പുഴ, തോട് പുറമ്പോക്കുകളാണ്. ഈ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തി പാട്ടത്തിനു (Lease) കൊടുക്കുകയാണെങ്കിൽ ഈ ഇനത്തിൽ പഞ്ചായത്തിന് വരുമാനമുണ്ടാക്കാവുന്നതാണ്. കേരള ഭൂസംരക്ഷണ നിയമം കർശനമായി നടപ്പാക്കുക്കുപക്ഷം പഞ്ചായത്തിന് ഇനിയും വരുമാനം വർദ്ധിക്കുന്നതാണ്.

നിലവിൽ നമ്മുടെ പഞ്ചായത്തിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് യാതൊരു വിധ സഹായവും ലഭിക്കുവാൻ ശ്രമിച്ചിട്ടില്ല. ബാങ്കുകൾ, വായ്പ സഹകരണ സംഘങ്ങൾ, കേരളാ സ്റ്റേറ്റ് ഫിനാഥഷ്യൽ എൻറർ പ്രൈസസ്, ഫിനാൻഷ്യൽ കോർപ്പറേഷൻ, ലൈഫ് ഇൻഷ്യൂറൻസ് കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ എത്രമാത്രം നമുക്ക് ഉപയുക്തമാക്കാമെന്ന് പരിശോധിക്കേണ്ടതാണ്.

നമ്മുടെ ഗ്രാമത്തിൽ നിന്നു് ഗൾഫു് മേഖലയിൽ ജോലി ചെയ്യുന്നവർ നിരവധിയുണ്ടു്. ഗൾഫു് രാജ്യങ്ങളിൽ നിന്നു് തിരിച്ചുവന്ന ഒരു വിഭാഗവുമുണ്ടു്. ഇവരിൽ ഒരു ചെറിയ വിഭാഗം സാമ്പത്തിക ഭദ്രത നേടിയിട്ടുള്ളവരാണു്. വ്യവസായ രംഗത്തു് ഈ വിഭാഗം ആളുകളെ ഉയർത്തി കൊണ്ടുവരാൻ ഒരു ശ്രമം നടത്താവുന്നതാണു്.

സന്നദ്ധപ്രവർത്തനമേഖല

വിവിധ വിഷയങ്ങളിൽ ഒമ്പതാം പദ്ധതിയിൽ ചെയ്യേണ്ട പ്രവർത്തനങ്ങളുടെ വിശദമായ നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ ഇതിനുമുമ്പുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചതു് ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാവും. നമ്മുടെ ഭാവനകൾക്കും എത്രയോ അപ്പുറമാണു് വാർഡുകളിലെ ജനങ്ങളുടെ നിർദ്ദേശങ്ങളും. ഒമ്പതാം പദ്ധതിയിൽനിന്നും പ്രതീക്ഷിക്കുന്ന ധനാഗമമാർഗ്ഗങ്ങളും നമ്മുടെ പ്രതീക്ഷയെ മുഴവനായും പൂർത്തീകരിക്കാൻ പോന്നവയല്ല. ഇക്കാര്യത്തിൽ ജനങ്ങളുടെ ശക്തിയാണു് നമ്മുടെ കൈമുതൽ. സന്നദ്ധ പ്രവർത്തനത്തിലൂടെ ഈ സാമ്പത്തിക പ്രതിസന്ധി ഒരു പരിധിവരെ നീക്കാൻ ഭൂതീകസാഹചര്യങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ടു്. അതിനായുള്ള ഒരു കർമ്മപദ്ധതി നാം തയ്യാറാക്കണം. വിവിധ സംഘടനകൾ വഴി, വ്യക്തികൾവഴി ഈ പ്രവർത്തനത്തിനു് തയ്യാറുള്ളവരെ കണ്ടെത്തി രജിസ്റ്റർ ചെയ്തു് പ്രവർത്തനത്തിനുള്ള പരിപാടി തയ്യാറാക്കാവുന്നതാണു്. വിദ്യാഭ്യാസരംഗത്തു് അദ്ധ്യാപക രക്ഷാകർതൃസമിതികളെ അടക്കം ഉപയോഗിക്കുവാൻ കഴിയുമോ എന്നു് പരിശോധിക്കേണ്ടതാണു്.

ഇത്തരത്തിൽ ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പിലാക്കുന്നതുവഴി ഒരു പുത്തൻ വികസന സംസ്കാരം നാം വളർത്തിയെടുക്കേണ്ടതാണു്".

ഉപസംഹാരം

ഗ്രാമ സഭകളിൽ നിന്നു് ഉയർന്നുവന്ന നിർദ്ദേശങ്ങളും സ്കീമുകളാക്കി മാറ്റാൻ വിദഗ്ധ സമിതികൾക്കു് കഴിയണം. വിവിധ വിഷയങ്ങളിൽ സ്ഥിരമായി പ്രവർത്തിക്കുന്ന വിദഗ്ധ സംഘം പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു.

കക്ഷി രാഷ്ട്രീയത്തിനും ജാതിമത ചിന്തകൾക്കും അതീതമായി മനുഷ്യനൊന്നു്, വികസനം മനുഷ്യന്റെ സർവ്വതോമുഖമായ വളർച്ചക്കു് എന്ന വികസന രാഷ്ട്രീയം വളർത്തുന്നതു വഴി നമ്മുടെ പഞ്ചായത്തിനു് വികസന രംഗത്തു് പുതിയ മാനങ്ങളും കണ്ടെത്താൻ നമുക്കു് കഴിയട്ടെ!

നിറയെ പൂത്തു നിൽക്കുന്ന നമ്മുടെ ആശാപുഷ്പങ്ങളും നിറവും മധുരവുമുള്ള ഫലങ്ങളായി വിളയുമെന്ന പ്രത്യാശയോടെ 9–ാം പദ്ധതിയുടെ വികസനരേഖ ആലത്തൂർ ഗ്രാമ പഞ്ചായത്തു് വികസന സെമിനാറിനു മുൻപാകെ ചർച്ചകൾക്കും വിശകലനങ്ങൾക്കുമായി സമർപ്പിക്കുന്നു. ക്രിയാത്മകമായ നിർദ്ദേശങ്ങളുടെ കൂട്ടിച്ചേർക്കലുകൾ ആഗ്രഹിച്ചുകൊണ്ടു്.

കെ. കല്യാണി
പ്രസിഡൻറു്, ആലത്തൂർ പഞ്ചായത്തു്.

നാളിതുവരെയുള്ള നമ്മുടെ വികസന പ്രവർത്തന രീതി ഒട്ടേറെ അശാസ്ത്രീയമായിരുന്നു. ജനങ്ങളുടെ അഭിലാഷങ്ങൾ കൃത്യമായി പഠിക്കാതെ വികസനപദ്ധതികൾക്കു് രൂപം നൽകിയതായിരുന്നു ഏറ്റവും വലിയ പാളിച്ച. റോഡുകൾ പാലങ്ങൾ എന്നിവയ്ക്കു് പ്രാധാന്യം നൽകുകവഴി സമ്പന്നർ ആ മേഖലയിൽ ചിലവഴിക്കേണ്ടിവന്നതു് മറ്റു മേഖലകളിലെ വികസന പ്രവർത്തനം ശക്തമാക്കാൻ കഴിയാതെ പോയി. കാർഷിക, വ്യാവസായിക മേഖലകളിലെ ഉൽപാദനം വർദ്ധിപ്പിച്ചു് സേവനമേഖലയിലെ വികസനം കൂടുതൽ ശക്തമാക്കാൻ ഇനി പുതിയ രീതി ആവശ്യമായിരിക്കുന്നു.

വികസനരംഗത്തെ ഡിപ്പാർട്ടുമെൻറുകളെ ഏകോപിപ്പിച്ചു കാര്യക്ഷമത വർദ്ധിപ്പിച്ചു സുതാര്യവുമുള്ളതായിരിക്കണം നമ്മുടെ വികസനതന്ത്രം. ജന പങ്കാളിത്തവും ശക്തമാക്കി പദ്ധതികളുടെ നിർവ്വഹണത്തിലെ സുതാര്യവും കാര്യക്ഷമവുമാക്കുന്നതായിരിക്കും ഈ പുത്തൻ പരിപ്രേക്ഷ്യത്തിന്റെ ഗുണം.

ആലത്തൂർ ഗ്രാമപഞ്ചായത്തു്